# ഗുരുനാഥൻ

UNIVERSITY LIBRARY 12 AUG 1928 MADRAS

പുസ്തകം 7 | 1103 മിഥുനം | ലക്കം 11

## റഷ്യയിലെ വിദ്യാഭ്യാസസമ്പ്രദായം.

ഇൻഡ്യയെപ്പോലെ റഷ്യയും കേവലം ഒരു ഭൂഖണ്ഡംതന്നെയാണ്. ശീതോഷ്ണാവസ്ഥ, കൃഷിസൌകര്യം, ലോഹനിധി, ഭാഷാ, ജനത, ദാരിദ്ര്യം, [illegible] ഈ വിഷയങ്ങളിൽ കാണുന്ന വിവിധത്വത്തിൽ രണ്ടു ഖണ്ഡങ്ങൾക്കും തമ്മിൽ വളരെ സാമ്യമുണ്ടായിരുന്നു. എന്നാൽ, 1917-ലെ വിപ്ലവാനന്തരം റഷ്യയിൽ ബോൾഷേവിസം എന്ന ഭൂരിപക്ഷഭരണം സ്ഥാപിച്ചതിൽപിന്നെ റഷ്യ അപ്പാടെ ഒന്നു നവീകരിക്കപ്പെട്ടു. കഴിഞ്ഞ പത്തു വർഷങ്ങൾക്കുള്ളിൽ റഷ്യയിൽ വരുത്തിക്കൂട്ടിയിട്ടുള്ള മാററങ്ങൾക്കു കയ്യുംകണക്കുമില്ല. യാഥാസ്ഥിതികരായ ഇംഗ്ലീഷുകാർ റഷ്യയെ ഹസിച്ചു പറയാറുണ്ട്. സോഷ്യലിസം (സമുദായ സമത്വവാദം) കമ്യൂണിസം (ഐശ്വര്യസമത്വവാദം) ബോൾഷേവിസം (ഭൂരിപക്ഷഭരണം) ഈ വാക്കുകൾതന്നെ റഷ്യയെ സംബന്ധിച്ചിടത്തോളം കേവലം അസഭ്യങ്ങളായിട്ടാണ് ചില ഇംഗ്ലീഷുകാർ കരുതുന്നതു്. എന്നാൽ ഇംഗ്ലണ്ടിലെ തൊഴിലാളികക്ഷികൾ റഷ്യയിൽ ചെന്നു് അവിടത്തെ സ്ഥിതി അറിഞ്ഞു, 1927-ൽ ഒരു റിപ്പോർട്ടു പ്രസിദ്ധം ചെയ്തിട്ടുണ്ട്. ആ റിപ്പോർട്ടിൽനിന്നും റഷ്യയിലെ വിദ്യാഭ്യാസം എന്ന അദ്ധ്യായം ഇവിടെ സമഷ്ടിയായി വിവരിക്കാം.

1917ലെ വിപ്ലവത്തിൽ റഷ്യയിലെ സകല ഭരണവകുപ്പുകളും നവീകരിക്കപ്പെട്ടിട്ടുണ്ട്. എങ്കിലും വിപ്ലവം ഏററവും പൂർണ്ണമായി ഫലിച്ചുകാണുന്നതു വിദ്യാഭ്യാസപരിഷ്കാരത്തിലാണ്. വ്യവസായത്തിൽ എൻ. ഇ. പി. (ന്യൂ ഇക്കണോമിക്ക് പാളിസി— നൂതന ധനകാര്യനയം) എന്ന ഒന്നുണ്ടു്. പണ്ടത്തെ മുതലാളിത്വവും അവിടവിടെയുണ്ടു്. ഭൂമി ഉടമസ്ഥതയിലാണെങ്കിൽ സ്വകാര്യമായി കൃഷിചെയ്തു അനുഭവിക്കുന്നവരെയും അവിടവിടെ കണ്ടെത്തിയെന്നുവരാം. എന്നാൽ വിദ്യാഭ്യാസത്തിൽ പരിപൂർണ്ണനവീകരണം തന്നെയാണ് എങ്ങും കാണുന്നതു്. സാറിൻെറ ഭരണകാലത്തെ വിദ്യാഭ്യാസസമ്പ്രദായത്തിൻെറ യാതൊരവശിഷ്ടവും ഇന്ന് എങ്ങും കാണ്മാനില്ല.

വിപ്ലവം തുടങ്ങിയുടനെതന്നെ വിപ്ലവകാരികൾ തങ്ങളുടെ വിദ്യാഭ്യാസാദർശം വ്യക്തമായി പ്രഖ്യാപനംചെയ്തു. തൊഴിലാളി ഭരണത്തിൽ

പ്രാപ്തരായ നല്ല പൗരന്മാരെ ഉണ്ടാക്കുകയായിരുന്നു ആ ആദർശം. ഏവനും അവനവനുപററിയ വിദ്യാഭ്യാസം നൽകണമെന്ന് അവർ കരുതിയില്ല; നടിച്ചുമില്ല. ഇതു തൊഴിൽക്കാരെ മുതലാളിമാരുടെ അടിമകളാക്കിവയ്ക്കുന്ന ഒരു വർഗ്ഗീയ ഭരണത്തിലേ നടിച്ചിട്ടാവശ്യമുള്ളു എന്നായിരുന്നു അവർ പറഞ്ഞതു്. വിദ്യാഭ്യാസത്തെ ഭൗതികസംഗതികളിന്മേൽ സ്ഥാപിക്കാതിരിക്കുന്നതു് മനുഷ്യന്റെ അജ്ഞതയത്തിന്റെ, അല്ലെങ്കിൽ പുരോഗതിയുടെ ശാസ്ത്രീയതയെ വിസ്മരിക്കലാണെന്നാണു റഷ്യർ വിശ്വസിച്ചതു്. അതിന്റെ ഫലമായി സകല വിദ്യാഭ്യാസവും തൊഴിൽകാർക്ക് ചേർന്ന മാതിരിയാക്കി. പട്ടണത്തിലും, തൊഴിൽശാലയിലും, പണിസ്ഥലത്തും, കച്ചവടസംഘത്തിലും, ജനങ്ങളുടെ സാമുദായികവും സാമ്പത്തികവുമായ ജീവിതത്തെ സ്പർശിക്കത്തക്കവണ്ണമാകുന്നു വിദ്യാഭ്യാസരീതിയെ രൂപവൽക്കരിച്ചിരിക്കുന്നതു്.

വിപ്ലവം ഭരണത്തെ വിദ്യാഭ്യാസത്തോടു രണ്ടു തരത്തിൽ ബന്ധിച്ചു: ഒന്നാമതു പ്രായംചെന്ന കൃഷിക്കാരുടേയും വേലക്കാരുടേയും ഭീമമായ അജ്ഞതയെ ഇല്ലായ്മചെയ്യണം. ഈ അജ്ഞത സാറിന്റെ ഭരണത്തിന്റെ ഒരവശിഷ്ടമായിരുന്നു. രണ്ടാമതു കൃഷിക്കാരുടേയും തൊഴിൽക്കാരുടേയും കുട്ടികൾക്ക് യോജിച്ചതായ ഒരു വിദ്യാഭ്യാസസമ്പ്രദായം സ്വരൂപിക്കണം. പ്രായംചെന്നവരുടെ അജ്ഞത ഒട്ടുവളരെ കുറഞ്ഞു. അടുത്തകാലത്തുതന്നെ തീരെ ഇല്ലാതാകും. കച്ചവടസംഘങ്ങൾ ഇക്കാര്യത്തിൽ വലിയ സഹായം ചെയ്യുന്നുണ്ടു്. അവർ ക്ലബ്ബ്കളും വായനശാലകളും ഉണ്ടാക്കി അവയിൽ വർത്തമാനപത്രങ്ങളും പുസ്തകങ്ങളും ശേഖരിച്ചുകൊടുക്കുന്നു. ഇതിനുംപുറമേ ജോലിക്കാർക്ക് ഉൽകൃഷ്ടവിദ്യാഭ്യാസത്തിനായി കലാശാലകളിൽ പോകാൻ വേണ്ട പരിശീലനസൗകര്യങ്ങളും ഏർപ്പാടു ചെയ്തുകൊടുക്കുന്നു. കുട്ടികളുടെ വിദ്യാഭ്യാസകാര്യത്തിലെ വളർച്ച പണ്ടു സാറിന്റെ ഭരണകാലത്തെ അപേക്ഷിച്ചു വിസ്മയനീയം എന്നുവേണം പറയാൻ. കൂടാതെ ഈ വളർച്ച എണ്ണത്തിൽ മാത്രമല്ല ഗുണത്തിലും തൊഴിൽക്കാർക്ക് പററിയതരത്തിലായിരുന്നു.

സോഷ്യലിസ്റ്റ്, സോവിയററു, യൂണിയൻറിപ്പബ്ളിക്കുകൾ — എന്നു പറഞ്ഞാൽ ദേശഭേദം, ഭാഷാഭേദം, വർഗ്ഗഭേദം ഇവയെ അടിസ്ഥാനപ്പെടുത്തി സമുദായസമത്വനയം സ്വീകരിച്ച പല ജനഭരണകേന്ദ്രങ്ങളും റഷ്യയിലുണ്ടു്. ഈ കേന്ദ്രങ്ങൾ എല്ലാം യോജിച്ച് യൂണിയൻ ആയിട്ടുണ്ടു്. ഈ യൂണിയണിൽ പെടാതേയും ക്രമേണ പെട്ടുപോരുന്നതായും പല പ്രദേശങ്ങൾ ഇനിയും റഷ്യയിലുണ്ടു്. യൂണിയനിൽപെട്ട സമത്വവാദം സ്വീകരിച്ച സോവിയററു് റിപബ്ളിക്കുകളാണു സ്ഥായിയായ് ഭരണരീതി. അവയെ യു. എസ്. എസ്. ആർ. എന്നു ചുരുക്കിപറയാം. ഇവയ്ക്കു് വശപ്പെട്ടിട്ടുള്ള പ്രദേശങ്ങളിൽ ഇന്ന് എലിമെൻറി വിദ്യാലയങ്ങളിൽ ഒരു

കോടി വിദ്യാൎത്ഥികൾ ചേൎന്നിട്ടുണ്ട്. 1914-ൽ ഇവയിൽ 70 ലക്ഷം വിദ്യാൎത്ഥികളാണുണ്ടായിരുന്നതു്. യുവാക്കന്മാരായ തൊഴിൽക്കാൎക്കുള്ളതും സാങ്കേതികവിദ്യാഭ്യാസം നൽകുന്നതുമായ സ്ക്കൂളുകളിൽ 590000 വിദ്യാൎത്ഥികൾ ഉണ്ടു്. ഇവയിൽ യുദ്ധത്തിനു മുമ്പിലത്തേക്കാൾ ഒന്നര ഇരട്ടി സംഖ്യ അദ്ധ്യാപകന്മാരുമുണ്ടു്. 1914-ൽ 90 കലാശാല ഉണ്ടായിരുന്നിടത്തു് ഇന്നു് 136 കലാശാലകളും 30 ശതമാനം കൂടുതൽ വിദ്യാൎത്ഥികളും ഉണ്ടു്..

സ്ക്കൂൾ ഡിസിപ്ലിൻ വിഷയത്തിൽ വിപ്ലവവിജയം മറെറല്ലാവിഷയത്തേക്കാൾ പ്രത്യക്ഷമായിട്ടുണ്ടു്. പണ്ടത്തെ ഡിസിപ്ലിനും അടിശിക്ഷയും പാടെ നിറുത്തൽ ചെയ്തുപോയി. സ്ക്കൂളുകളിൽവെച്ചുതന്നെ കുട്ടികളെ സ്വയംഭരണം ശീലിപ്പിക്കേണ്ടതിലേക്കായി ഓരോ സ്ക്കൂളുകളിലും സ്ക്കൂൾ കമ്മററികൾ ഏൎപ്പെടുത്തിയിട്ടുണ്ടു്. ഇവയിൽ സ്ക്കൂളിലുള്ള ക്ലാസ്സുകളിലേയും അദ്ധ്യാപകന്മാരുടേയും പ്രതിനിധികളാണു് അംഗങ്ങൾ. ഈ കമ്മററികൾ കുട്ടികളെ മാത്രമല്ല ഭരിക്കുന്നതു്. പഠിത്തവിഷയം, കളി, ശുചീകരണം, മുതലായ സ്ക്കൂൾ ആവശ്യങ്ങളേയും ഭരിക്കുന്നുണ്ടു്. ഇതിനും പുറമേ അവരുടെ യോഗങ്ങളിൽ സ്ക്കൂളിന്റെ രക്ഷാകൎത്താവിനേയും സമീപമുള്ള തൊഴിൽശാലകളേയും, ഗതാഗതസൗകൎയ്യങ്ങളേയും അവർ സന്ദൎശിക്കുന്നു. ഈ സ്ഥലങ്ങളിൽ കുട്ടികളുടെ കരകൗശലഫലങ്ങളേയും പ്രദൎശിപ്പിക്കാറുണ്ടു്. ഈ മാതിരി പരിശീലനത്തിന്റെ ഗുണം അവൎണ്ണനീയമാണു്.

മതം പഠിപ്പിക്കുക എന്ന ഏൎപ്പാടു തീരെ നിറുത്തൽ ചെയ്തു. സോവിയററു നിയമപ്രകാരം അതു ശിക്ഷാൎഹവുമാക്കി. എന്നാൽ മതം അത്ര തന്നെ ശഠിക്കുന്നില്ല. മതത്തിനുപകരം ലെനിൻ മുതലായവരുടെ ഭരണതത്വങ്ങളേയും ഭൗതികശാസ്ത്രങ്ങളേയും പഠിപ്പിക്കുക മാത്രമേ ചെയ്യുന്നുള്ളു. മതപ്രതിപത്തിയുള്ളവൎക്കു മനസ്സിനു് അസ്വാസ്ഥ്യമുണ്ടാക്കാൻ യത്നിക്കുന്നില്ല. സ്ക്കൂളുകളിലും കലാശാലകളിലും നിരീശ്വരസംഘങ്ങളുണ്ടു്. തൊഴിൽക്കാരുടെ സ്ഥാപനങ്ങളിലും ഗ്രാമക്കാരുടെ ഇടയിലും ഈ സംഘങ്ങൾ ശക്തിയായി പ്രവൎത്തിക്കുന്നുണ്ടെങ്കിലും അവയ്ക്കു് ഗവമ്മെന്റുമായി യാതൊരുവിധത്തിലും ബന്ധമില്ല.

സ്ക്കൂൾപാഠപദ്ധതി സാമാന്യമായി യൂണിയൻ തീൎച്ചയാക്കും. എന്നാൽ ഓരോ റിപബ്ലിക്കിനും അതിൽ പൊതുനയം മാത്രം തെററാതെ വേണ്ട ഭേദഗതി ചെയ്വാനുള്ള സ്വാതന്ത്ര്യം ഉണ്ടു്. ഉദാഹരണമായി ഈ ന്യൂനപക്ഷക്കാരായ പ്രദേശക്കാരെ റഷ്യരാക്കി റഷ്യൻഭാഷ പഠിപ്പിക്കാൻ സാർ വളരെ ശ്രമിച്ചു. ഇപ്പോൾ ഓരോ റിപബ്ലിക്കുകാൎക്കും അവരുടെ ഭാഷയിൽതന്നെ വിദ്യാഭ്യാസം നടത്താം. ഈ ചെറിയ റിപബ്ലിക്കുകൾ സ്തുത്യൎഹമായ ഉത്സാഹത്തോടുകൂടി അവരവരുടെ സംസ്ഥാ

നത്തെ അനക്ഷരജ്ഞത കളയുവാനും പ്രത്യേകസംസ്കാരം സാധിക്കുവാനും ലോകചരിത്രത്തിൽ കേട്ടുകേൾവിയില്ലാത്തവിധം പരിശ്രമം ചെയ്തുവരുന്നുണ്ടു്. 'ജോർജ്ജിയാ,' റിപബ്ലിക്കിൽ സംസ്ഥാനത്തെ മുതലെടുപ്പിൻെറ 46 ശതമാനം വിദ്യാഭ്യാസത്തിനായി ഇന്നു് ഉപയോഗിക്കുന്നു. സാറിൻെറ ഭരണകാലത്തു് ഈ ഇനത്തിൽ ചിലവേ ഇല്ലായിരുന്നു.

യു. എസ്. എസ്. ആർ സംസ്ഥാനങ്ങളിൽ വിദ്യാഭ്യാസപ്രവൎത്തകന്മാൎക്കു പാഠപദ്ധതി നിൎണ്ണയിക്കുക, വിദ്യാലയഭരണം നടത്തുക, മുതലായ പ്രധാനജോലികൾ നേരിട്ടുതന്നെ ചെയ്യേണ്ടതുണ്ടു്. വിദ്യാഭ്യാസത്തെപ്പററിയോ, അദ്ധ്യാപകന്മാരെപ്പററിയോ, യാതൊരു കാൎയ്യവും അദ്ധ്യാപകസംഘത്തിൻെറ തീരുമാനമറിഞ്ഞല്ലാതെ ഭരണാധികാരികൾക്കു നടത്താൻ പാടില്ല. സോവിയററു റഷ്യ (യു. എസ്. എസ്. ആർ)യിൽ 23 വ്യവസായസംഘങ്ങളുള്ളവയിൽ ഒന്നാണു വിദ്യാഭ്യാസപ്രവൎത്തകസംഘം. അതിൽ എട്ടുലക്ഷം അംഗങ്ങളുണ്ടു്. ഇവരിൽ അദ്ധ്യാപകന്മാർമാത്രമല്ല ഉൾപ്പെടുന്നതു്. സ്കൂൾഭരണക്കാർ, സാങ്കേതികവിദഗ്ദ്ധന്മാർ ഇങ്ങേ അററം സ്കൂൾ അടിച്ചുതളിവരെ സകലവിധ വിദ്യാഭ്യാസപ്രവൎത്തകന്മാരും അംഗങ്ങളാണു്. ലോകത്തിൽവെച്ചു് ഏററവും വലിയ അദ്ധ്യാപകസംഘം ഇതുതന്നെയാണു്. ഇവരുടെ പ്രാധാന്യം സോവിയററുഗവൎമ്മെൻറുകളിൽ മാത്രമല്ല ലോകാദ്ധ്യാപകമഹാസംഘത്തിലും അംഗീകരിക്കപ്പെട്ടിട്ടുണ്ടു്.

സ്കൂളിൽ ചേരുന്നതിനു മുൻപിൽ കുട്ടികൾക്കു ചില അഭ്യസനങ്ങൾ വേണം. ഗൎഭിണികളായ മാതാക്കന്മാരിലാണു് ഈ അഭ്യസനം ആരംഭിക്കുന്നതു്. യൂണിയൻ സംസ്ഥാനങ്ങളിലൊക്കെ ശൈശവാരാമങ്ങൾ സ്ഥാപിച്ചിട്ടുണ്ടു്. മാതാക്കന്മാർ പണിയെടുക്കുന്ന തൊഴിൽശാലകളോടു സംബന്ധിച്ചാണു് ഈ വിദ്യാലയങ്ങൾ കാണുന്നതു്.

ഇത്തരം ഒരു വിദ്യാലയം ഒരിക്കൽ ഒരു തൊഴിൽശാലയായിരുന്നു. ഇപ്പോൾ സ്കൂൾ ആക്കിത്തീൎത്തിരിക്കയാണു്. അതിലെ ഹാളുകളും, ക്ലാസുമുറികളും, വിസ്താരമുള്ളവയും പൊക്കമുള്ളവയുമാണു്. കാററും വെളിച്ചവും ധാരാളം വരും, ഹാൾ, കുട്ടികൾ മഴപെയ്യുന്ന സമയം കളിക്കാനും ഉപയോഗിക്കാറുണ്ടു്. എന്നിട്ടും എല്ലാം ഏററവും ശുചിയാക്കിത്തന്നെ വെച്ചുകൊണ്ടിരിക്കുന്നു.

ഈ സ്കൂളിൽ 500 കുട്ടികളുണ്ടു്. അവർ 6 വയസ്സുമുതൽ 18 വയസ്സുവരെ പ്രായം ചെന്നവരാണു്. ഇവരെ ക്ലാസ്സു് തിരിച്ചിരിക്കുന്നതു് വയസ്സിനെ മാത്രം അടിസ്ഥാനപ്പെടുത്തിയാണു്. എലിമെൻറിയെന്നും സെക്കൻറി എന്നും വ്യത്യാസംതന്നെ ദീക്ഷിക്കുന്നില്ല. സോവിയററു റഷ്യയിൽ ഏതു സ്കൂളിലും ഈ സമ്പ്രദായംതന്നെയാണു് സ്വീകരിച്ചിരിക്കുന്നതു്.

സ്ഥലം പോരാതെ വരുന്ന ദിക്കിൽ ഷിഫ്ററ് സമ്പ്രദായം സ്വീകരിക്കുന്നുണ്ട്. ഒരു ഭാഗം രാവിലേയും ഒരു ഭാഗം ഉച്ചക്കം വന്നു പഠിക്കും. ഉച്ചക്കശേഷമുള്ളതു് പ്രായം ചെന്നവക്കായിട്ടാണു് ഉപയോഗിക്കുന്നതു്. ജ്ഞാനവിതരണം വേഗം ചെയ്യേണ്ട ആവശ്യത്തിനായി മിക്ക ഇടങ്ങളിലും ഈ സമ്പ്രദായം സ്വീകരിച്ചിട്ടുണ്ടു്. ഓരോ ക്ലാസ്സിലും 30 കുട്ടികളിൽ കൂടാൻപാടില്ല. കുട്ടികളുടേയും വാദ്ധ്യാന്മാരുടേയും ഉത്സാഹവും സന്തോഷവും ധനാധിപത്യഭരണത്തിലുള്ള രാജ്യങ്ങളിലെ ഒരു സ്കൂളിലും ഇതുപോലെ കാണുകയില്ല. ഇവിടെ സ്കൂൾഭരണം (ഡിസിപ്ലിൻ) എന്നു ഒന്നു തീരെ ഇല്ല. എന്നിട്ടും സകലതും ക്രമമായിത്തന്നെ നടക്കുന്നു. ചില കുട്ടികളുടെ കൈയിൽ ഒരു പാശബന്ധം കാണാം. അവരാണു് ഭരണാധികാരികൾ. ഇവർ സ്കൂൾ ഭരിച്ചുപോരുന്നതു കണ്ടാൽ ഏവനും അത്ഭുതം തോന്നും. ആ സ്കൂളുകളിൽ ലഹളകളും സാധനനാശങ്ങളും മററുമില്ല. ഇതിനു കാരണം കുട്ടികളെ ബാല്യംമുതൽക്കേ തങ്ങൾ ഭാവിഭരണാധികാരികളായ പൌരന്മാരാകാനുള്ളവരാണെന്നു് പഠിപ്പിക്കുന്നതുകൊണ്ടാണു്. അതിനുള്ള ആരംഭശീലങ്ങളാണു് അവർ അനുവത്തിക്കുന്നതു്.

ഒരു സ്കൂൾകമ്മററിയോഗം ഏതാണ്ടു് ഈ വിധമാണു്. ഓരോ ക്ലാസ്സിൽനിന്നു മുമ്മൂന്നു പ്രതിനിധികളും, അദ്ധ്യാപകന്മാരുടെ മൂന്നു പ്രതിനിധികളുംകൂടി കമ്മററിയോഗംകൂട്ടും. 30. അംഗങ്ങളുള്ള ഒരു യോഗത്തിൽ ഒരു കുട്ടിതന്നെ അദ്ധ്യക്ഷം വഹിക്കും. ആ കുട്ടി സ്തുത്യഹമാംവണ്ണം സംഘം നടത്തും. ഈ കമ്മററിയെതന്നെ മൂന്നായി തിരിച്ചിട്ടുണ്ടു്. ഭരണകമ്മററി, ആരോഗ്യക്കമ്മററി, സംസ്കരണകമ്മററി. ഈ കമ്മററികൾ അദ്ധ്യാപകന്മാരുടെ സഹായം ലവലേശംകൂടാതെ സ്കൂൾഭരണം നടത്തും. കമ്മററിയിലെ അംഗങ്ങൾ കൂടക്കൂടെ മാറും. തെരഞ്ഞെടുപ്പു വഷത്തിൽ രണ്ടും മൂന്നും തവണയുണ്ടാകും. ഇതിന്റെ ഫലമായി ചില ക്ലാസ്സുകളിലെ കുട്ടികൾ ഒരിക്കലല്ലെങ്കിൽ മറെറാരിക്കൽ കമ്മിററിയിൽ അംഗമായിരുന്നവരായിരിക്കും. ഭരിച്ചു ശീലിച്ചവരാകയാൽ അനുസരിക്കാനും അവർ പഠിക്കും. ഇന്നത്തെ അദ്ധ്യാപകന്മാരിൽ പലരും യുദ്ധത്തിനു മുൻപും അദ്ധ്യാപകന്മാരായിരുന്നവരാണു്. അന്നത്തേക്കാൾ ഇന്നത്തെ രീതി ഉത്തമം നല്ലതാണെന്നാണു് അവരുടെ മതം. ഒരു കമ്മിററിയുടെ അദ്ധ്യക്ഷക്ക ക്ലാസ്സുകൾ അടിച്ചുവാരുകകൂടി തൊഴിലായിരുന്നു എന്നു പറയുമ്പോൾ നമുക്കു പരിചയമുള്ള അദ്ധ്യാപകാദ്ധ്യാപികമാർ ഇതു കുറെ കവിഞ്ഞുപോയി എന്നു പറയുമായിരിക്കും. പക്ഷെ തൊഴിൽ മാനമാണെന്നാണു് റഷ്യരുടെ സിദ്ധാന്തവും വിശ്വാസവും. സ്കൂളിൽ കുട്ടികളുടെ ആവശ്യങ്ങളാണു് അദ്ധ്യാപകന്റെ സുഖസൌകര്യങ്ങളേക്കാൾ വീക്ഷിച്ചുകാണുന്നതു്. അദ്ധ്യാപകന്മാരും കുട്ടികളും തങ്ങളിൽ നല്ല സൌഹാർദ്ദം കാണുന്നുണ്ടു്. സ്കൂളിൽ 4 മണിക്കൂറെ പഠിത്തമുള്ളൂ. തൊഴിലി

നുപോയ മദ്ധ്യവയസ്കന്മാൎക്ക് ഈ സ്കൂളുകളിൽ രാത്രി ചെന്നു പഠിക്കാം. ഇങ്ങിനെ അധികം താമസിയാതെ അക്ഷരം അറിഞ്ഞുകൂടാത്ത ഒരുവനേയും അവിടെക്കാണാതാക്കാനാണു ഗവൎമ്മെണ്ടിന്റേയും ജനങ്ങളുടേയും ശ്രമം.

സ്കൂൾ ചുവരുകളിൽ ജന്തുക്കളുടേയും സസ്യാദികളുടേയും പടങ്ങൾ തൂക്കിയിരിക്കും. ആരോഗ്യതത്വങ്ങളും മതതത്വങ്ങളും വലിയ അക്ഷരത്തിൽ എഴുതി തൂക്കിയിരിക്കും. ഈ പുതിയ സമ്പ്രദായം വിശ്രുതരായ ഒരുതരം യുവാക്കന്മാരെ റഷ്യക്ക് പ്രദാനം ചെയ്യുന്നുണ്ട്. ശരീരസംസ്കാരം, യുവാക്കന്മാൎക്ക് വലിയ കാൎയ്യവും വിനോദവുമാണ്.

റഷ്യയിലും ദുൎഗ്ഗുണപരിഹാരപാഠശാലകളുണ്ട്. പന്ത്രണ്ടു മുതൽ പതിനാറു വയസ്സുവരെ പ്രായമുള്ളവരായിരിയ്ക്കും ഈ ശാലകളിലെ കുട്ടികൾ. ഇവരെ തൊഴിലും പഠിപ്പിയ്ക്കുന്നുണ്ട്. നാം കാണുന്ന ശാലകളിലെപ്പോലെ ജയിൽപുള്ളികളായിട്ടല്ല അവരെ വളൎത്തുന്നത്. അവർ ഉണ്ടാക്കുന്ന സാമാനങ്ങൾ വിററുവരുന്നതിൽ പതിനഞ്ചു ശതമാനം അവൎക്കുതന്നെ കൊടുക്കുന്നു. ശാലകളിലെ ചുവരുകളിന്മേൽ സസ്യശാസ്ത്രം, മൃഗശാസ്ത്രം, വിദ്യാഭ്യാസം മുതലായ വിഷയങ്ങളിലെ തത്വങ്ങളെ ദൃഷ്ടാന്തീകരിയ്ക്കുന്ന ചിത്രങ്ങൾ തൂക്കിയിരിയ്ക്കും. ഇവയിൽ ഉള്ള പെട്ടികൾക്കു പൂട്ടില്ല. ഒരു കാലത്തു പൂട്ടിന്റെ ആവശ്യമുണ്ടായിരുന്നു. പരിഷ്കൃതഭരണഫലമായി ആ ആവശ്യം തീരെ നശിച്ചുപോയി. ഈ ശാലകളുടെ പ്രധാന ഉദ്ദേശം ഇങ്ങിനെ ഒരുതരം സ്കൂൾ റഷ്യയിൽ ഇല്ലാതാക്കിത്തീൎക്കുകയാണ്. ഭരണം മിക്കവാറും തൊഴിലാളികളുടെ കൈവശമാകയാൽ കുററം ഇല്ലാതാക്കേണ്ടതു് അവൎക്ക് ആവശ്യമാണല്ലോ.

ചുരുക്കത്തിൽ റഷ്യയിലെ വിദ്യാഭ്യാസം തൊഴിലാളിഭരണത്തിൽ പ്രശസ്തമാംവണ്ണം വൎദ്ധിച്ചുവരുന്നു. വിദ്യാഭ്യാസത്തിൽ ഇത്ര അഗാധമായും, സ്ഥിരമായും ഉള്ള ഒരുത്സാഹം മറെറാരു രാജ്യത്തും കാണുന്നില്ല. ഒരു രാജ്യത്തും ഏതുതരം വിദ്യാഭ്യാസവും ഇതുപോലെ ഏതു തൊഴില്ക്കാരനും പ്രവേശയോഗ്യമായി കാണുന്നുമില്ല. ധനാഢ്യഭരണമുള്ള രാജ്യങ്ങളിൽ വിദ്യാഭ്യാസം രണ്ടുതരം ആളുകളെ നിൎമ്മിയ്ക്കുന്നു. ഒന്നു ഭരണകൎത്താക്കന്മാരേയും, മറേറതു ദാസ്യമനോഭാവത്തോടെ അനുസരിയ്ക്കുന്ന കൂലിക്കാരെയുമാണ്. യു. എസ്സ്. എസ്സ്. ആർ. റഷ്യയിൽ മാത്രമെ വിദ്യാഭ്യാസംകൊണ്ടു ജനങ്ങളുടെ മനസംസ്കാരം ഉയൎന്നുവരുന്നുള്ളു. ഈ വിഷയത്തിൽ റഷ്യയിലെ വിപ്ലവം സകല രാജ്യങ്ങളിലെ തൊഴിലാളികൾക്കും ഒരു നിദൎശനപാഠംതന്നെയാണ്.

# ഭാഷാപോഷണം.

## (ഒരു പര്യവലോകനം)

## II

ആർ. ഈശ്വരപിള്ള)

ഇനി സമാജങ്ങളും പരിഷത്തുകളും എന്തെല്ലാം സാധിച്ചിട്ടുണ്ടെന്നു നോക്കാം. കേരളീയസാഹിത്യപരിഷത്തു രണ്ടുതവണമാത്രം രണ്ടു സ്ഥലങ്ങളിൽ കൂടുകയുണ്ടായി. അവിടെ ഭാഷാവിഷയമായ പ്രസംഗങ്ങൾ നടക്കുകയും, ഗദ്യപദ്യപ്രബന്ധങ്ങൾ വായിക്കുകയും, പ്രദർശനങ്ങൾ നടത്തുകയും മററും ഉണ്ടായി. മേൽനടപടിയെപ്പററി പല നിശ്ചയങ്ങളും ചെയ്തിട്ടും ഉണ്ടു്. ഇവ ഭാഷാപ്രണയികളുടെ ശ്രദ്ധയെ ആകർഷിക്കുന്നതിനു ഒരുവിധം സഹായിച്ചിട്ടുണ്ടെന്നുള്ളതു വിസ്മരിക്കാൻ പാടില്ല. പ്രസിദ്ധഭാഷാകോവിദന്മാർ ഈ സദസ്സുകളിൽ അഗ്രാസനം വഹിക്കയും ഉപദേശങ്ങൾ നൽകുകയും അന്യോന്യം അന്തർഗ്ഗതവിനിമയം ചെയ്കയും മററുമുണ്ടായിട്ടുണ്ടു്. എന്നാൽ ഇവയൊക്കെയും അനുസരിച്ചു് യാതൊരു പ്രവൃത്തിയും ഇതേവരെ ആരംഭിച്ചിട്ടുള്ളതായി പറയാൻ നിവൃത്തിയില്ല.* സ്ഥായിയായ അനുകമ്പയുടെ കുറവൊ, പ്രവർത്തകന്മാരുടെ ഇതരവ്യാപാരങ്ങളുടെ തിരക്കൊ, ഇതിലേക്കു വേണ്ടതായ ധനത്തിൻെറ അഭാവമൊ ഏതാണു് ഉത്തരവാദിത്വം വഹിക്കുന്നതെന്നു് അറിഞ്ഞുകൂടാ. പക്ഷെ ഇവ മൂന്നും കൂടിയും ആയിരിക്കാം. എന്നാൽ ഇങ്ങനെയുള്ള മഹൽകാര്യനിർവ്വഹണത്തിനു സാധാരണ പ്രാരംഭഘട്ടത്തിൽ നേരിടുന്ന വിഘ്നങ്ങളേയും പ്രതിബന്ധങ്ങളേയും തരണംചെയ്യുന്നതിനു് അല്പം കാലതാമസം വേണ്ടിവരാം. ഏതായാലും ഭാഷാപ്രണയികളുടെ ഔദാസീന്യമല്ല ഇതിനുത്തരവാദിത്വം വഹിക്കുന്നതെന്നു അറിഞ്ഞാൽ അല്പം സമാധാനത്തിനു വഴിയുണ്ടു്. പരിഷത്തിൻെറ മൂന്നാമത്തെ യോഗവും അടുത്തിരിക്കുന്നതിനാൽ ഇതു പ്രായോഗികമായി വല്ലതും പ്രവർത്തിക്കാൻ ഉത്സാഹിക്കുമെന്നുള്ള സർവ്വജനീനമായ വിശ്വാസത്തെ നീതീകരിക്കുമെന്നു നമുക്കാശിക്കാം. ഇങ്ങിനെയുള്ള യോഗങ്ങളിൽ പ്രസംഗങ്ങൾക്കുള്ള സ്ഥാനവും പ്രവൃത്തിക്കുള്ള സ്ഥാനവും വെവ്വേറെയാണെന്നും ഒന്നിൻെറ അവലംബനംകൊണ്ടുമാത്രം മററതു സാദ്ധ്യമാകയില്ലെന്നും നാം ഓർമ്മിക്കേണ്ട സംഗതിയാണു്, അതുകൊണ്ടു മൂന്നാമത്തെ പരിഷത്തു പ്രവൃത്തിഘട്ടത്തിലേക്കു കാൽ വയ്ക്കുമെന്നുതന്നെ വിശ്വസിക്കാം. തിരുവിതാംകൂർ വിദ്യാഭിവർദ്ധിനി സഭയും സന്മാർഗ്ഗപോഷിണി സഭയും ആണ്ടിലൊരിക്കൽ ഒരു യോഗം കൂടുന്നതല്ലാതെ യാതൊരു ശ്രമവും ഈ വിഷയത്തിൽ ചെയ്യുന്നില്ല; ചെയ്യണമെന്നുദ്ദേശിക്കുന്നുമില്ലെന്നാണു തോന്നുന്നതു്. ഭാഷാപോഷിണി സഭ അതിൻെറ ആദ്യപ്രവർത്തകന്മാരുടെ തിരോധാനത്തോടുകൂടി

* കേരളസാഹിത്യപരിഷത്തിലെ നിയമാവലി പ്രസിദ്ധീകരിക്കുന്നതിനു മുമ്പു എഴുതിയതു്.

നിശ്ചലത്വത്തേയും അല്പമൌനത്തേയും അവലംബിച്ചിരിക്കയാണ്. എന്നാൽ ഇടയ്ക്കിടെ മൌനഭഞ്ജനം ഉണ്ടായിക്കൊണ്ടും ഇരിക്കുന്നുണ്ട്. ഒരിക്കൽ അതു സർവ്വപ്രധാനമായി വരിച്ചിരുന്ന "ഭാഷാപോഷണം" ചിലപ്പോൾ സ്വപ്നരൂപേണയോ മററോ അതിന്റെ സുഷുപ്തിഭംഗം ചെയ്യുന്നുണ്ടായിരിക്കാം. എന്നാൽ നഷ്ടചൈതന്യമായ അതിനെ പുനരുജ്ജീവിപ്പിക്കാതെ ഇനി ഒന്നും സാധിക്കാൻ വഴിയില്ല. കൊച്ചിയിൽ 'ഭാഷാപരിഷ്കരണക്കമ്മററി' എന്നൊരു സ്ഥാപനം ഉണ്ട്. ഇതിന്റെ പ്രവൃത്തി എന്തെല്ലാമാണെന്നും അതു എന്തെല്ലാം സാധിച്ചു എന്നും അത്ര വ്യക്തമായി അറിയാൻ തരമില്ല. ഇവർ ചില പാഠ്യപുസ്തകങ്ങൾ നിർമ്മിച്ച് അവിടത്തെ വിദ്യാലയങ്ങളിൽ ഉപയോഗിക്കുന്നതിന് ഏർപ്പാടുചെയ്തിട്ടുണ്ടെന്നാണ് അറിവ്. ഇവർക്ക് ഗവർമ്മെന്റിൽനിന്നും ഒരു സഹായധനവും മററാത്താശകളും നൽകിവരുന്നുണ്ടത്രെ. ഈ സംഘത്തിനു പുസ്തകംവിററും മററും വേറെ ആദായവും ഉണ്ട്. ഇതിനെ ഭാഷാപോഷണവിഷയത്തിൽ വ്യയം ചെയ്യുന്നതായാൽ അല്പമെങ്കിലും ഫലം കാണാതിരിക്കയില്ല. ഇവർ ഒരു ഭാഷാനിഘണ്ടു നിർമ്മിക്കുന്നതിനു ആരംഭിച്ചിട്ടുണ്ടെന്നും എത്രയും ശ്രുതിമധുരമായ ഒരു കേൾവിയും ഉണ്ട്. എന്നാൽ അതിന്നും കേൾവിയായിത്തന്നെ ഇരിക്കുന്നതേയുള്ളൂ എന്നാണറിയുന്നത്. പരിണാമഫലം എങ്ങിനെയിരുന്നാലും ഉദ്യമം ശ്ലാഘനീയമാണെന്നുള്ളതിനു സംശയം ഇല്ല. ഇവർ നിർമ്മിച്ചിട്ടുള്ള പുസ്തകങ്ങൾ കണ്ടിടത്തോളം ദോഷഹീനങ്ങളാണെന്നുവേണം പറവാൻ. ആലസത അല്പം ഇവരെ ബാധിച്ചിട്ടില്ലയോ എന്നൊരു സംശയം ഉണ്ട്. എന്നാൽ ഇവരുടെ ശ്രമത്തിനു ശക്തിയും ഉത്സാഹത്തിനു തൈക്ഷ്ണ്യവും അല്പം വർദ്ധിപ്പിക്കുന്നതായാൽ ഭാഷാപോഷണവിഷയത്തിൽ ഈ സംഘത്തിനു അവശ്യവും ആശാസ്യവുമായ പല കാര്യങ്ങളും ഫലപ്രദമാകുംവണ്ണം ചെയ്വാൻ സാധിക്കുമെന്നാണ് തോന്നുന്നത്. പക്ഷേ അവർക്കു ചെയ്വാൻ കഴിയുന്നിടത്തോളം ചെയ്തിട്ടില്ലെന്നുള്ള ഒരപവാദം അടിസ്ഥാനരഹിതമാണൊ എന്നു തീർച്ചപറവാൻ ഇപ്പോൾ ലഭിച്ചിട്ടുള്ള അറിവുകൊണ്ടു അല്പം പ്രയാസമാണ്. ഏതായാലും ഈ സംഘത്തിന്റെ ഘടനയുടെ സ്വഭാവത്തിൽനിന്നും പലതും നമുക്കാശിക്കാൻ വഴിയുണ്ട്. ഈയിടെ തിരുവിതാംകൂറിന്റെ തലസ്ഥാനത്തു ഒരു "സാഹിത്യസമാജം" സ്ഥാപിച്ചിട്ടുള്ളതായി അറിയുന്നുണ്ട്. ഇതിന്റെ മൂന്നാലുയോഗങ്ങൾ നടന്നതായും അതുകളിൽ പ്രസംഗങ്ങൾ വായിച്ചതായും മററും പത്രങ്ങൾ മുഖേന അറിവാൻ ഇടയായിട്ടുണ്ട്. ഇതിന്റെ ഉദ്ദേശ്യങ്ങളും പ്രവൃത്തിമാർഗ്ഗങ്ങളും ഒന്നും ഇതേവരെ വെളിപ്പെട്ടിട്ടില്ലാത്തതിനാലും യോഗങ്ങൾ പൊതുജനങ്ങൾക്കു പ്രാപ്യമല്ലാത്തതിനാലും ഒന്നും പറവാൻ തരമില്ല. എങ്കിലും അതിന്റെ പേരിൽനിന്നും അംഗങ്ങളുടെ സ്വഭാവത്തിൽനിന്നും അതു സാഹിത്യവി

ഷയത്തിൽ വല്ലതും പ്രവൎത്തിക്കുമെന്നുവേണം അനുമാനിക്കുവാൻ. സംഘത്തിന്റെ ഘടനയും വ്യാപാരപരിധിയുമൊന്നും ഇപ്പോൾ ഊഹ്യമല്ല; അതു ചുരുക്കം ചില മഹാന്മാൎക്കു മാത്രമായിട്ടാണു് ഇപ്പോൾ ഇരിക്കുന്നതു്. അതിന്റെ വ്യാപ്തിയും വ്യാപാരവൃത്തവും ഒരുപക്ഷെ തലസ്ഥാനത്തിന്റെ അതിൎത്തികളിൽ മാത്രം ആയിരിക്കാം. ഇതെല്ലാംകൊണ്ടും അതിനെപ്പററി ഇപ്പോൾ ഒരഭിപ്രായം പറയുന്നതു അകാലത്തിലായി എന്നു വന്നേക്കാം.

ഭാഷാപോഷണത്തിനു സഹായിക്കുന്ന മറെറാരു സ്ഥാപനം വായനശാലകളാണു്. ഇവ കേരളത്തിൽ വേണ്ടിടത്തോളം ഇല്ലെങ്കിലും അവ നാട്ടിൽ അങ്ങുമിങ്ങുമായിട്ടു കുറച്ചൊക്കെ കാണ്മാനുണ്ടു്. ഭാഷാപോഷണമല്ല ഇവയുടെ പ്രധാനോദ്ദേശ്യമെന്നിരുന്നാലും ഈ വിഷയത്തിലും അവർ മനസ്സുവെച്ചാൽ അല്പം ചിലതു സാധിക്കുവാൻ കഴിയും. വായനശാലകൾക്കു ഉത്തമങ്ങളായ പുസ്തകങ്ങൾ മാത്രമെ വാങ്ങിക്കയുള്ളു എന്നൊരു നിൎബ്ബന്ധംവച്ചാൽ വകയ്ക്കു കൊള്ളാത്ത പുസ്തകങ്ങൾ സൃഷ്ടിക്കുന്നതിലും അച്ചടിക്കുന്നതിലും അധികം ആളുകൾ മനസ്സുവയ്ക്കുകയില്ല. ഏതുതരം പുസ്തകങ്ങളും വായിക്കാനാളുണ്ടാകുമെന്നുള്ള ബോധമാണു ഗ്രന്ഥകൎത്താക്കന്മാരേയും മുദ്രാലയാധികാരികളേയും ഈ വിഷയത്തിൽ പ്രോത്സാഹിപ്പിക്കുന്നതു്. ചപ്പോ ചവറോ എഴുതി അച്ചടിച്ചാൽ അതിനും വായനക്കാരും വിലയും കിട്ടുമെന്നാണു് എഴുത്തുകാരുടെ അബദ്ധബോധം. പോരെങ്കിൽ "ഗ്രന്ഥകൎത്താവു്" എന്നുള്ള പൂജ്യവും കാമ്യവും ആയ സ്ഥാനവും പേരും കിട്ടുമല്ലൊ. കൊള്ളരുതാത്ത പുസ്തകങ്ങളുടെ സംഖ്യ വൎദ്ധിപ്പിക്കുന്നതു് കൊള്ളരുതാത്ത വായനക്കാരുതന്നെയാണു്. അതുകൊണ്ടു് വായനശാലകളും വായനക്കാരും ഈ വിഷയത്തിൽ ശ്രദ്ധിക്കേണ്ടതു തന്നെയായിരിക്കും. വായനശാലക്കാർ ഇത്തരം പുസ്തകങ്ങളെ സധൈൎയ്യം ബഹിഷ്കരിച്ചാൽ ഭാഷാസാഹിത്യത്തിൽനിന്നും അത്രയും മാലിന്യം ഒഴിയും. പാഠ്യപുസ്തകസംഘക്കാൎക്കു പിടിക്കാത്ത പുസ്തകങ്ങൾ ഒക്കെയും ആരും വായിക്കാതിരിക്കട്ടെ എന്നുദ്ദേശിച്ചു് അവർ ഗ്രന്ഥശാലകൾക്കായി തള്ളുകയാണു് പതിവു്. ഗ്രന്ഥശാലക്കാർ അവയെ പുറത്തേക്കും തള്ളിയാൽ വലിയ തരക്കേടില്ലായിരിക്കും. ഏതായാലും വായനശാലകൾ സ്വീകരിക്കുന്ന സാഹിത്യാതിഥികൾ വിശിഷ്ടന്മാരായിരിക്കുവാൻ വേണ്ട കരുതൽ ചെയ്യേണ്ടതാണു്.

സൎവ്വകലാശാലക്കാർ നാട്ടുഭാഷകൾക്കിപ്പോൾ പലവിധമായ ഒത്താശകളും ചെയ്തുവരുന്നുണ്ടല്ലോ. ഇക്കൂട്ടത്തിൽ നമ്മുടെ മലയാളഭാഷയും ഉൾപ്പെട്ടിട്ടുണ്ടു്. ഭാഷയിൽ ഭാഷാവിഷയമായ പ്രസംഗങ്ങൾ നടത്തുക, പരീക്ഷകൾക്കു ഉപഭാഷയായും പ്രധാനഭാഷയായും നിശ്ചയിക്ക, ഭാഷയിൽ പ്രത്യേകവൈദഗ്ദ്ധ്യപരീക്ഷകൾ നടത്തുക, പാഠ്യപുസ്തകങ്ങളെ

നിഷ്കാമ്യമായി തിരഞ്ഞെടുക്കുക മുതലായി ഭാഷാപോഷണത്തിനു ഉപയുക്തങ്ങളായ പല പരിശ്രമങ്ങളും ചെയ്തുവരുന്നുണ്ട്. ഭാഷാനിഘണ്ടുനിർമ്മാണകാര്യവും അവരുടെ ആലോചനയിൽ പെടാതെ ഇരിക്കുന്നില്ല. ഇവരുടെ വിവേകപൂർവ്വമായ ആലോചനയിൽ നിന്നും പ്രവൃത്തികളിൽനിന്നും ഭാഷാപോഷണവിഷയത്തിൽ നമുക്കു അല്പമെങ്കിലും പ്രത്യാശക്കു വഴിയുണ്ട്.

തിരുവിതാംകൂർ ഗവമ്മേൻറിൽനിന്നും പുരാതന കൈയെഴുത്തുഗ്രന്ഥങ്ങൾ ശേഖരിച്ചു പ്രസിദ്ധംചെയ്യുന്നതിനും സംരക്ഷിക്കുന്നതിനും ഒരു സംഘത്തെ ഏർപ്പെടുത്തിയിട്ടുണ്ട്. അതിൽ ഇതേവരെ സംസ്കൃതഗ്രന്ഥങ്ങൾ മാത്രമേ ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നുള്ളു. ഈയിടെ മലയാളഗ്രന്ഥങ്ങളേയുംകൂടി ഉൾപ്പെടുത്തിയിരിക്കുന്നതിനാൽ ഭാഷയ്ക്കു അല്പമായ ഗുണമെങ്കിലും സിദ്ധിക്കാനു ഇടയുണ്ട്. എന്നാൽ ഈ ഗുണം തൽപ്രവൎത്തകന്മാരുടെ ഉത്സാഹത്തേയും ജാഗ്രതയേയും ആശ്രയിച്ചാണിരിക്കുന്നതെന്നും പറയാതെകഴികയില്ല. അദ്യാപി അസംവിജ്ഞാതവും ഭാഷയ്ക്കു നഷ്ടപ്രായവുമായിരിക്കുന്ന സാഹിത്യസമ്പത്തിനെ ഈ വിധത്തിൽ സംരക്ഷിക്കുന്നതു ഭാഷയ്ക്കു ഒരു വലിയ സഹായവും അനുഗ്രഹവും തന്നെയാണ്.

ഭാഷാപോഷണം സംബന്ധിച്ചു പരേതനായ മിസ്റ്റർ രാമൻമേനവൻ തിരുവനന്തപുരത്തു സ്ഥാപിച്ച് ഇന്നും നടതിവരുന്ന "ഭാഷാഭിവൎദ്ധിനി" പ്രസിദ്ധീകരണശാലയെപ്പററി അല്പമെങ്കിലും പ്രസ്താവിക്കാതിരിക്കുന്നതു് ഒരു അക്ഷന്തവ്യമായ അപരാധമായി വന്നേക്കാമെന്നു ശങ്കിക്കുന്നു. പ്രസിദ്ധസാഹിത്യകാരന്മാരെ പ്രോത്സാഹിപ്പിച്ചു പല നല്ല നല്ല ഗ്രന്ഥങ്ങൾ എഴുതിച്ചു പ്രസിദ്ധപ്പെടുത്തുകയും അഷ്ടാദശപുരാണങ്ങൾ മുതലായ സംസ്കൃതഗ്രന്ഥങ്ങളെ ഭാഷപ്പെടുത്തി പ്രസിദ്ധം ചെയ്യുകയും നല്ല പാഠ്യപുസ്തകങ്ങളെ നിൎമ്മിക്കയും സാഹിത്യകാരന്മാൎക്കും ധനസഹായംചെയ്തു സഹായിക്കയും മററും ഇതുപോലെ പലതും ഭാഷാപരിഷ്കരണത്തിനുവേണ്ടി ചെയ്തിട്ടുള്ളതിനെ ഒരിക്കലും വിസ്മരിക്കത്തക്കതല്ല. ഈ പ്രസിദ്ധീകരണശാല ഈവക പ്രവൃത്തികളെ ഇന്നും തുടൎന്നുകൊണ്ടുതന്നെയിരിക്കയാണ്. ഈ ശാലയുടെ നാനാമുഖമായ പ്രവൎത്തികളിൽനിന്നും ഭാഷയ്ക്കു അനന്യസാധാരണമായ ഗുണം സിദ്ധിച്ചിട്ടുണ്ടെന്നുള്ളതിനു സംശയം ഇല്ല. കൊല്ലത്തും തൃശ്ശിവപേരൂരും ചില പ്രസിദ്ധീകരണശാലകൾ ഈ വിഷയത്തിൽ അല്പമായിട്ടെങ്കിലും ശ്രമം ചെയ്തുവരുന്നുണ്ടെന്നുള്ളതും പ്രസ്താവിക്കാതെ കഴികയില്ല. ശ്രമത്തിനു തക്ക ഫലവും ഇല്ലെന്നില്ല.

ഇവയെല്ലാംകൂടെയും പുറമെ ഏതാനും ഭാഷാപ്രണയികൾ ഭാഷാപരിഷ്കരണവിഷയത്തിൽ ശ്രദ്ധാപൂൎവ്വം പ്രവൎത്തിക്കുന്നുണ്ട്: അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ടു, ഉള്ളൂർ പരമേശ്വരയ്യർ, വള്ളത്തോൾ നാരായണമേനവൻ, പി. കെ. ... രായണപിള്ള, കുണ്ടൂർ നാരായണമേനവൻ,

കൊട്ടാരത്തിൽ ശങ്കുണ്ണിമുതലായവർ ഇപ്രകാരമുള്ളവരിൽ പ്രധാനികളാണ്. ഇവർ ഭാഷാപോഷണമാർഗ്ഗനിർദ്ദേഷ്ടാക്കളും മാതൃകാഗ്രന്ഥനിർമ്മാതാക്കളും ഭാഷാമർമ്മജ്ഞന്മാരും പരിഷത്തുകളുടെ നിർവ്വഹണത്തിൽ പ്രധാനപ്രവർത്തകന്മാരുമെന്നനിലയിൽ ഭാഷയ്ക്കു പല ഗുണങ്ങളും വരുത്തിയിട്ടുള്ളവരും ഈ വിഷയത്തിൽ ഉപരിപരിഷ്കാരം വരുത്തുന്നതിൽ ബദ്ധശ്രദ്ധന്മാരുമായി ശോഭിക്കുന്നു. എന്നാൽ ഇവരിൽ പലരും ഇതരകൃത്യങ്ങൾക്കധീനന്മാരായിരിക്കുന്നതുകൊണ്ട് ഈ വിഷയത്തിൽ മുഴുവൻ സമയവും ശ്രദ്ധയും ഉപയോഗപ്പെടുത്തുവാൻ സാധിക്കാതെയാണിരിക്കുന്നത്. എങ്കിലും അവരുടെ നേതൃത്വംതന്നെ ഭാഷയ്ക്കു ഗുണപ്രദമായി ഭവിക്കുമെന്നുള്ളതിനു സംശയമില്ല.

ഭാഷാപോഷണവിഷയത്തിൽ വ്യാപരിച്ചുകൊണ്ടിരിക്കുന്ന പല ശക്തികളെപ്പററിയും സംക്ഷിപ്തമായി ചിലതെല്ലാം ഈ ലേഖനത്തിൽ പറഞ്ഞുകഴിഞ്ഞു. ഇവയ്ക്കുപുറമെ ഇനിയും പല ശക്തികളും ഉണ്ടായിരിക്കാം. എന്നാൽ ഇവയൊക്കയും അന്യോന്യബന്ധംകൂടാതെ ഭിന്നവൃത്തങ്ങളിൽ മാത്രം പ്രവർത്തിക്കുന്നതിനാൽ കാണത്തക്ക ഫലം വല്ലതും ഉണ്ടായിട്ടുണ്ടോ എന്നു സംശയമാണ്.

ഭാഷാപോഷണം അത്ര സുകരമായ ഒരു കാര്യമല്ല. പല ശക്തികളും എതിർശക്തികളും ഇതിൽ പ്രവർത്തിക്കുന്നുണ്ട്. മലയാളഭാഷയെ കൈകാര്യംചെയ്യുവന്നവർ പലവർഗ്ഗത്തിലും പലതരത്തിലും പരിഷ്കാരവിഷയത്തിൽ പല ഘട്ടത്തിലും ഇരിക്കുന്നവരാണ്. സ്വദേശികളും വിദേശികളും ഉണ്ട്. അവർ അതിനെ അവരുടെ ഹിതംപോലെ രൂപഭേദവും വൈകല്യവും വരുത്തി പെരുമാറുന്നു. അവർ ഒരുവിധം മിശ്രഭാഷയിൽ സംസാരിക്കതന്നെയല്ല പലതും എഴുതി തള്ളുന്നുമുണ്ട്. വ്യാകരണത്തിന്റെയൊ, സിദ്ധരൂപത്തിന്റെയൊ, സാഹിത്യനിയമത്തിന്റെയൊ ഹസ്തം അവരിൽ എത്തുന്നില്ല. ഇതിനുപുറമെ ഇന്നു സാഹിത്യശാലയിൽ വേലചെയ്യാൻ ഇറങ്ങീട്ടുള്ളവരുടെ സംഖ്യയ്ക്കും അവസാനമില്ല. മാസികാരൂപത്തിലുള്ള സാഹിത്യത്തിനും കണക്കില്ല. സംസ്കൃതമലയാളവും പ്രാകൃതമലയാളവും വടക്കൻമലയാളവും തെക്കൻമലയാളവും വന്നവർ സംസാരിക്കുന്നതും നിന്നവർ സംസാരിക്കുന്നതും കേരളത്തിൽ തോളോടുതോൾ ഉരുമ്മി നില്ക്കുന്നു. ഏതാനും ഇതരഭാഷകൾ കേരളത്തിൽ കുടിയേറി മലയാളത്തെ ദുഷിപ്പിക്കുന്നുണ്ട്. ആംഗ്ലേയഭാഷയുടെ ശക്തിമത്തായ ആക്രമണംനിമിത്തം മലയാളഭാഷ ക്രമേണ സ്ഥാനഭ്രംശം വന്നുകൊണ്ടിരിക്കുന്നു. അനക്ഷരങ്ങളും അപശബ്ദങ്ങളും സംസാരത്തിൽ മാത്രമല്ല ലേഖനങ്ങളിലും സ്ഥാനംപിടിച്ചിരിക്കുന്നു. സ്ഥലഭേദംകൊണ്ടുള്ള ഭാഷാഭേദവും ഉണ്ട്. ഇവയെല്ലാക്കയും ഐകരൂപ്യംവരുത്തി ഭാഷയെ പരിഷ്കരിക്കുന്നതു സാധ്യമല്ല. ഇവയിൽ പലതിനേയും പരിഷ്കാര

പരിധിയിലേക്ക് ആകർഷിക്കുവാൻ പ്രയാസമാണ്. സാഹിത്യഭാഷയെ സംബന്ധിച്ചു മാത്രമെ സാഹിത്യപരിഷത്തിനും മററും വല്ലതും പ്രവർത്തിക്കാൻ സൌകര്യമുള്ളു. എങ്കിലും വല്ലതുമൊക്കെ ചെയ്യേണ്ടതാക്കേണ്ടതു് ആവശ്യമാണ്. വ്യാളഗളസ്ഥമായ ഭേകത്തിനെപ്പോലെയാണ് ഇന്നു മലയാളഭാഷയുടെ സ്ഥിതി. പാതിയോളം വിഴുങ്ങിക്കഴിഞ്ഞിരിക്കുന്നു. ഈ ഘട്ടത്തിലെങ്കിലും രക്ഷപ്പെടുത്താൻ നോക്കിയില്ലെങ്കിൽ പിന്നെ ആശ്വസിക്കാനും വഴിയില്ല. അതുകൊണ്ടു ഭാഷാപോഷണത്തിലും സംസ്കരണത്തിലും താല്പര്യമുള്ളവരും അതിൽ പ്രവേശിച്ചിരിക്കുന്ന സംഘങ്ങളും ഭിന്നമാർഗ്ഗങ്ങളെ അവലംബിച്ചു തുടർച്ചപ്പെടാതെ യോജിച്ച് ഏകമാർഗ്ഗം അവലംബിച്ചു പ്രവർത്തിക്കേണ്ടതത്യാവശ്യമാണ്. ഇതിലേക്ക് ഇപ്പോൾ പരികരം ബന്ധിച്ചു സന്നദ്ധമായിരിക്കുന്ന സാഹിത്യപരിഷത്തു തന്നെ നേതൃത്വം വഹിക്കുന്നതു യുക്തമായിരിക്കും. അടുത്ത സാഹിത്യപരിഷത്തിലേക്കു ഭാഷാപോഷണവിഷയത്തിൽ പ്രവർത്തിച്ചുവരുന്ന എല്ലാ സംഘങ്ങളുടേയും പ്രതിനിധികളെ ക്ഷണിച്ചുവരുത്തി ആലോചന നടത്തി വേണ്ട പദ്ധതി രൂപവൽക്കരിച്ച് ഒത്തൊരുമയോടുകൂടി പ്രവൃത്തിയാരംഭിക്കുന്നതു നന്നായിരിക്കുമെന്നു തോന്നുന്നു. പരിഷത്തിൽ ദീർഘങ്ങളും വൈദഗ്ദ്ധ്യലക്ഷ്യങ്ങളുമായ അദ്ധ്യക്ഷപ്രസംഗങ്ങൾ ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഹ്രസ്വങ്ങളും മാർമ്മികങ്ങളും ഉപദേശരൂപേണയുള്ളവയും പ്രയോഗസുകരങ്ങളുമായ പ്രസംഗങ്ങളാണു വേണ്ടതു്. അവ പ്രവൃത്തിക്കു ശരിയായ അടിസ്ഥാനത്തെ നിർദ്ദേശിക്കുന്നവയും ആയിരിക്കണം. ഭാഷാപോഷണത്തിന്റെ വിവിധമുഖങ്ങളെ ആസ്പദമാക്കിവേണം മററുള്ളവരുടെ പ്രസംഗങ്ങളും. ഇവ പ്രവൃത്തിയിലേക്കുള്ള പ്രഥമസോപാനങ്ങളായിത്തന്നെ ഇരിക്കണം. നിശ്ചയങ്ങളും മററും കഴിഞ്ഞ രണ്ടു പരിഷത്തുകളിൽ തീരുമാനിച്ചതുപോലെതന്നെ മതിയാകും. അവയെ പ്രയോഗത്തിൽ വരുത്തുകയാണ് ഇനി ആദ്യമായി വേണ്ടതു്. കേരളത്തെ ഭാഷാവിഷയത്തിൽ നാലോ അഞ്ചോ വിഭാഗങ്ങളായി തിരിച്ച് ഓരോ ശാഖാപരിഷത്തിന്റെ ചുമതലയിൽ വയ്ക്കണം. ഇവയ്ക്കു പ്രധാനപരിഷത്തിന്റെ കീഴിൽ താഴെ പറയുന്ന ചുമതലകൾ ഉണ്ടായിരിക്കണം.

1. പ്രധാന പരിഷത്തു നിർദ്ദേശിക്കുന്ന പരിപാടി അനുസരിച്ചു പ്രവൃത്തി ചെയ്യണം.

2. അതാതു പരിഷത്തിന്റെ അതൃത്തിക്കുള്ളിലുള്ളതായ പഴയ ഗ്രന്ഥങ്ങൾ, കഥകൾ, പാട്ടുകൾ, സ്ഥലപുരാണങ്ങൾ, ചെമ്പുതകിടുകൾ മുതലായവയെ ശേഖരിച്ചു പ്രധാനപരിഷത്തിനയച്ചുകൊടുക്കുക.

3. അവയുടെ അതൃത്തിക്കുള്ളിലുള്ള സാഹിത്യകാരന്മാരെ പ്രോത്സാഹിപ്പിച്ചു നല്ല ഗ്രന്ഥങ്ങൾ നിർമ്മിക്കുകയും അന്യഭാഷകളിൽനിന്നും ഭാഷാന്തരം ചെയ്കയും ചെയ്യിക്കുക.

4. അവയുടെ അതിൎത്തിക്കുള്ളിലുള്ള മാസികാസാഹിത്യത്തെ പരിഷ്കരിക്കുന്നതിനു വേണ്ട പ്രയത്നംചെയ്യുക.

5. ശരിയായ സാഹിത്യവിമൎശനത്തിനുവേണ്ട ഏൎപ്പാടുകൾ ചെയ്ക.

6. അവയുടെ അതിൎത്തിക്കുള്ളിൽ ഉണ്ടായിരിക്കാവുന്ന വ്യതിചലനങ്ങളേയും, ഭാഷാഭേദങ്ങളേയും, പഴമൊഴികളേയും മററും കുറിച്ചെടുത്തു് പ്രധാനപരിഷത്തിനു അയയ്ക്കുക.

7. ശാഖാപരിഷത്തുകൾ ആവശ്യംപോലെ യോഗംകൂടി മേല്പറഞ്ഞ കാൎയ്യനിൎവ്വഹണത്തിനു വേണ്ട ഏൎപ്പാടുകൾ ചെയ്യണം.

8. ആറുമാസത്തിലൊരിക്കൽ അവർ ചെയ്ത ജോലിയെ കാണിക്കുന്നതായ ഒരു റിപ്പോൎട്ടു പ്രധാനപരിഷത്തിനു അയച്ചുകൊടുക്കണം.

9. ഇവ അതിൎത്തിക്കുള്ളിൽനിന്നു ഒരു ചെറുതായ മൂലധനം ശേഖരിക്കണം.

10. അവയുടെ അതിൎത്തിക്കുള്ളിൽ അച്ചടിക്കപ്പെടുന്ന എല്ലാ പുസ്തകങ്ങളുടേയും ഈരണ്ടു പ്രതികൾ വാങ്ങിക്കയും ഒരു പ്രതി പ്രധാനപരിഷത്തിനു അയയ്ക്കുകയും ചെയ്ക.

11. അവയുടെ അതിൎത്തിക്കുള്ളിൽ ഭാഷയേയോ സാഹിത്യത്തേയോ സംബന്ധിച്ചു നടക്കുന്ന പ്രസംഗങ്ങളെ കുറിച്ചെടുത്തു പരിശോധനയ്ക്കു അയച്ചുകൊടുക്കുക.

12. അതിൎത്തിക്കുള്ളിലുള്ള സാഹിത്യസമാജങ്ങളെ പ്രോത്സാഹിപ്പിക്കുകയും അവയോടു സഹകരിക്കയും ചെയ്ക.

പ്രധാനപരിഷത്തിനു ഒരു കേന്ദ്രസ്ഥാനം ഉണ്ടാകുകയും അതിനു ഒരു പ്രസ്സും, ഒരു പ്രത്യേകമാസികയും ഒരു വിമൎശനസംഘവും ഉണ്ടായിരിക്കയും ചെയ്യേണ്ടതാണു്. ഇതിനും പുറമേ, വിദ്യാലയങ്ങളിലെ പാഠ്യപുസ്തകങ്ങളേയും അവയ്ക്കു് ശാഖകളിൽ നിന്നുമോ നേരിട്ടോ കിട്ടുന്ന ഗ്രന്ഥങ്ങളേയും പററി വിമൎശനം ചെയ്യുക; ശാഖകളുടെ ഭരണം വഹിക്കുക, ഭാഷയിൽ രാജ്യചരിത്രഗ്രന്ഥങ്ങൾ, ജീവചരിത്രങ്ങൾ, ശാസ്ത്രീയഗ്രന്ഥങ്ങൾ, ഭാഷാനിഘണ്ടു, സംസ്കൃതമലയാളനിഘണ്ടു, ഭാഷാചരിത്രം, സാഹിത്യചരിത്രം മുതലായവ നിൎമ്മിക്കുക, ഇതരഭാഷകളിൽനിന്നും ഗ്രന്ഥങ്ങളെ ഭാഷാന്തരപ്പെടുത്തുക, ഭാഷാശൈലികൾ, പഴമൊഴികൾ മുതലായവകൾക്കു പ്രത്യേകപുസ്തകങ്ങൾ നിൎമ്മിക്കുക, പഴയസാഹിത്യഗ്രന്ഥങ്ങൾ പിഴതീൎത്തച്ചടിപ്പിക്കുക, പ്രസിദ്ധകവികളുടേയും ഗദ്യകാരന്മാരുടേയും കൃതികളിൽനിന്നും മഹദ്വാക്യങ്ങൾ, സൂക്തികൾ, നീതിവാക്യങ്ങൾ മുതലായവയെ തിരഞ്ഞെടുത്തു പുസ്തകമായി അച്ചടിപ്പിക്കുക, പുരാതനകവികളുടെ ജീവചരിത്രം എഴുതുക, ഒരു സൎവ്വകേരളീയസാഹിത്യഗ്രന്ഥമാല നിൎമ്മിക്കുക, കേരളത്തിലെ മൂന്നു ഗവൎമ്മേണ്ടുകളോടും, ജന്മികൾ, പ്രഭുക്കന്മാർ ഇവരോടും ഒത്താശകൾക്കപേക്ഷിക്കുകയും ധനസഹായം വാങ്ങുകയും ചെ

ക്കു, വിദ്യാലയങ്ങളിലേക്കും, സൎവ്വകലാശാലകളിലേക്കും വേണ്ട പാഠ്യപുസ്തകം നിൎമ്മിക്കുകയും അവയുടെ ഉടമസ്ഥത വഹിക്കുകയും ചെയ്യുക, ഭാഷാവിദഗ്ദ്ധന്മാരെക്കൊണ്ടു് പ്രസംഗിപ്പിക്കുകയും, ലേഖനം എഴുതിച്ചു് പ്രസിദ്ധംചെയ്യുകയും ചെയ്ക, ഭാഷാഗ്രന്ഥങ്ങളെ തരംതിരിച്ചു ഒരു ലിസ്റ്റ് തയ്യാറാക്കുക; അക്ഷരങ്ങൾ, കൂട്ടക്ഷരങ്ങൾ ഇവയ്ക്കു ഐകരൂപ്യം വരുത്തുക മുതലായി പലതും പരിഷത്തിന്റെ ചുമതലയിൽ നടത്തുവാൻ വേണ്ട ഏൎപ്പാടുകൾ ചെയ്യേണ്ടതാണു്. സാഹിത്യപരിഷത്തുകൾ ഈവക വിഷയങ്ങളിൽ ശ്രദ്ധവെച്ചു പ്രവൎത്തിക്കുന്നതായാൽ കാലാന്തരത്തിലെങ്കിലും ഭാഷക്കും ഭാഷാസാഹിത്യത്തിനും പല ഗുണങ്ങളും സിദ്ധിക്കാനിടയുണ്ടെന്നാണു് തോന്നുന്നതു്. ഇതിനൊക്കെയും ഒരു ധനശേഖരം കൂടാതെ സാധിക്കയില്ലെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. കേരളം മുഴുവനും ഈ വിഷയത്തിൽ യോജിച്ചു പ്രവൎത്തിച്ചാൽ മാത്രമേ ഉദ്ദിഷ്ടഫലം ലഭിക്കാൻ തരമുള്ളു. ഈ ലേഖനത്തിൽ ഭാഷാപോഷണവിഷയമായി ഏതാനും ചില നിൎദ്ദേശങ്ങൾ ചെയ്തിട്ടുണ്ടെന്നല്ലാതെ, അവ മുഴുവനായി എന്നു പറയാൻ തുനിയുന്നില്ല. ഇതിലുള്ള അപൂൎണ്ണതയെ മഹാന്മാർ പരിഹരിക്കുമെന്നു വിശ്വസിക്കുന്നു.

---

# എന്റെ അരങ്ങേറ്റം

(ഒരു കവിയശഃപ്രാൎത്ഥി)

നല്ല കവിത വായിച്ചു രസിക്കാൻ മനസ്സോ, സംസ്കാരമോ ഇല്ലെങ്കിലും വല്ലതുമെഴുതി മനുഷ്യരെ ബുദ്ധിമുട്ടിക്കുവാൻ അത്ര വിഷമമൊന്നുമുണ്ടെന്നു തോന്നുന്നില്ല. രസത്തിനു് അനുഗുണമായ സ്വരവും പദവും വൃത്തവും വരുന്നതു പദ്യകവിതയ്ക്കു് ഒരു ഉത്കൃഷ്ടലക്ഷണമാണു്. ഇതു പറവാൻ എളുപ്പമുള്ളതെങ്കിലും സാധിക്കുന്നതിനു വളരെ വിഷമമുണ്ടു്. ഇതു ഞാൻ വെറുതെ പറയുന്നതല്ല. എന്റെ അനുഭവമാണു്. ഒരു കവിയാകണമെന്നു പലപ്പോഴും എനിക്കു തോന്നാറുണ്ടായിരുന്നു. ഒരിക്കൽപോലും നാലുവരി തികച്ചെഴുതുവാൻ സംഗതിവന്നിട്ടില്ല. എത്ര തടസ്സമാണു് അന്നു വന്നുകൊണ്ടിരുന്നതു്. നാലുവരിയിലും അക്ഷരങ്ങളുടെ എണ്ണമൊക്കണം. അതു് ഒരുവിധം സാധിച്ചപ്പോഴും ഗുരുലഘു എന്നൊക്കെ അറിയണം പോലും. മോഹംകൊണ്ടു് ആ നിയമങ്ങളസാരമൊക്കെ വശമാക്കി. കഴിഞ്ഞു; 'കവിതാരീതിവൈഷമ്യ'മായിക്കഴിഞ്ഞു.

നിരാശയോടെ കുറെക്കാലം മുന്നോട്ടുപോയി. മററുള്ളവരുടെ കവിത ഇടയ്ക്കു വായിക്കുമ്പോൾ സങ്കടം അനുഭവിച്ചിരുന്നുവെങ്കിലും ഇയ്യിടെ ദ്രാവിഡവൃത്തത്തിലുള്ള കവിത ധാരാളമായി പുറപ്പെട്ടതോടുകൂടി എനിക്കും കുറെ ധൈര്യവും ആശ്വാസവും ലഭിച്ചു

കവിത എഴുതുന്നതു നിഷ്പ്രയാസമെന്നുതോന്നി. ദ്രാവിഡവൃത്തമാണു് അതിനു പററിയ രീതി. 'അതിലൊരു രസമുള്ളൂ'. സംസ്കൃതവൃത്തംകൊണ്ടു മലയാളസാഹിത്യം ദോഷപ്പെട്ടുപോയി. ഇതുവൊക്കെയെന്റെ ദൃഢവിശ്വാസങ്ങളായി. ഞാനും കവിത എഴുതിത്തുടങ്ങി. നല്ല ഒരു പേരുമിട്ടു പേരുകേട്ട ചിലരുടെ അവതാരികയോടുകൂടി പുസ്തകരൂപത്തിൽ പ്രസിദ്ധം ചെയ്താൽ ഞാനും ഒരു കവിയായേക്കും. കവിതയ്ക്കുവേണ്ട സകല ഗുണങ്ങളും ഇതിലുണ്ടു്. ഇതു വായിച്ചില്ലെങ്കിൽ ജന്മം നിഷ്ഫലമെന്നൊക്കെ മുഖവുരയിലും ഗ്രന്ഥനിരൂപണഛായയിൽ വല്ല പത്രഗ്രന്ഥങ്ങളിലും പേരെടുത്തവർ എഴുതുന്നതായാൽ പിന്നെ അതു വായിക്കുന്നവർക്കു് ഒരു രസവും മനസ്സിലാകാതിരിക്കുന്നതു് അവരുടെ അജ്ഞതകൊണ്ടോ, കവിത 'ടാഗോർ പ്രസ്ഥാന'മാകകൊണ്ടോ ആണെന്നു സമാധാനിക്കാവുന്നതാണു്.

ഗ്രന്ഥരൂപത്തിൽ അവതരിപ്പിക്കുന്നതിനുമുമ്പു് ഖണ്ഡശഃ പ്രസിദ്ധം ചെയ്തു ജനങ്ങളുടെ ഇടയിൽ ഒരു പേരുകേട്ടിട്ടാണു ഗ്രന്ഥകർത്താവാകേണ്ടതു് എന്ന പൂർണ്ണവിശ്വാസത്തോടെ എന്റെ കൃതികളിൽ പലതിന്റേയും ഒട്ടൊട്ടുഭാഗം പ്രസിദ്ധംചെയ്യുന്നതാണു്. മാന്യന്മാരും വിദ്വാന്മാരും അവരുടെ സമയവ്യയം ചെയ്തു തല്ക്കാലത്തു് ഇതു വായിച്ചാലും ശരി, ഇല്ലെങ്കിലും ശരി, ഒരഭിപ്രായം അനുകൂലമായി അയച്ചുതന്നാൽ ഉടനെ ഗ്രന്ഥം മുഴിച്ചു് പ്രസിദ്ധം ചെയ്തുകൊള്ളാം:

മാകന്ദമഞ്ജരി.

പശുവൊരു നാല്ക്കാലിമൃഗമാകുന്നു
അതിന്റെ പാലു കുടിക്കാൻകൊള്ളാം.
അതു സാധാരണ പുല്ലാണു തിന്നാറു്
എങ്കിലു മതിൽനിന്നു മഹദ്വ-
സ്തുക്കളാണു നമ്മൾക്കു കിട്ടുന്നതെന്നു
ഓർക്കാതേയതിനെ കൊല്ലാറുണ്ടു്.

ഇങ്ങിനെ തുടങ്ങുന്ന ഈ കവിത ജീവകാരുണ്യത്തിനു് ഒരു ഉത്തമദൃഷ്ടാന്തമായിരിക്കുന്നു. ശ്രീബുദ്ധദേവന്റെ അഹിംസാധർമ്മത്തെ ഈ ഒരു ഒററക്കവിതകൊണ്ടു സ്ഥാപിക്കണമെന്നാണു ഉദ്ദേശിച്ചിരിക്കുന്നതു്. കുറച്ചൊരു രാഷ്ട്രീയച്ചുവ കവിതയ്ക്കു ജീവനാകകൊണ്ടു് ഇതിനു 'മാതൃഗീതം' എന്നു പേരിട്ടാൽ പോരെ എന്നു മഹാജനങ്ങളോടു വിനയപൂർവ്വം ചോദിച്ചുകൊള്ളുന്നു. നിങ്ങൾ നിശ്ചയിക്കുന്ന പേരിടുവാനും ഈ കവി സശ്രദ്ധം കാത്തുകൊണ്ടിരിക്കുകയാണു്.

കേക.

ദൈവമെ സൂര്യദേവൻ ഉയന്നുകഴിഞ്ഞല്ലോ
എന്തുകൊണ്ടിക്കതകു തുറക്കാതിരിക്കുന്നു.
ചാപ്പുണ്ണിനായർ ചെന്നു കതകുറക്കെമുട്ടി.
സാക്ഷയിട്ടിട്ടില്ലായ്കകൊണ്ടപ്പോളതുകഷ്ടം
മലക്കെത്തുറന്നല്ലോ, 'ദൈവമെവെൽവൃതാക'

ചോരയിൽകുളിച്ചുള്ള മാംസപിണ്ഡം കണ്ടപ്പോൾ
കോമളനായ തന്റെ സ്വാമിജീവഹാനിയാൽ
പ്രേതനാഥാലയത്തിൽ ചെന്നുചേർന്നുറച്ചു.

ഇങ്ങിനെ തുടങ്ങിയിരിക്കുന്ന കവിത പരിശുദ്ധപ്രണയത്തിനു പറ്റിയ ഒരു സംഭവത്തെക്കുറിച്ചാണ്. തന്റെ കൈയ്യിൽ ഉള്ള മുതലിന്റെ ഒരു ഭൂരിഭാഗം ചിലവഴിച്ച് ഒരു തരുണിയെ ഉൽകൃഷ്ടവിദ്യാഭ്യാസം ചെയ്യിച്ചുവരുന്നു. ചെറുപ്പം മുതൽക്കുതന്നെ ഒന്നിച്ചുകളിച്ചും കളിച്ചും ഉണ്ടും ഉറങ്ങിയും കഴിഞ്ഞിരുന്നു. അവൾ വിദ്യാഭ്യാസം കഴിഞ്ഞുവന്നയുടനെ മറ്റൊരുവനെ കാമിച്ചുവരിച്ചു. ഇതുകേട്ട ചാപ്പുണ്ണിനായരുടെ യജമാനൻ കോന്തക്കുറുപ്പ് വെടിവെച്ച് ആത്മഹത്യചെയ്തു. ഇതു പരിശുദ്ധാനുരാഗം പ്രതിപാദിക്കുന്ന കവിതയാകകൊണ്ട് 'പ്രേമലഹരി' എന്നു പേരിട്ടു തന്നാൽകൊള്ളാം.

അന്നനടയും കാകളിയും.

കുറുനരി ഒരു നാട്ടുരാജാവാണ്
പക്ഷിചകലെങ്ങുമിറങ്ങുവാൻവയ്യ.
തരംവരുംനേരം കോഴിക്കൂട്ടിൽചാടി
പരസഹസ്രംജീവിയെക്കൊന്നുതിന്നും.
കുറുക്കനോളിയിട്ടുന്നതുജീവര
ക്കന്യെന്നുവെറുതെപറയാറുമുണ്ടു
മറ്റുജാതിക്കാരേയേഷണിപറഞ്ഞു
തങ്ങളിൽതല്ലിക്കും; കേട്ടില്ലവിഡ്ഢിക
ളൊരുകാളയെസിംഹത്തെക്കൊണ്ടുകൊല്ലി
ച്ചേകാന്തസമ്രാട്ടായിവസിച്ചവൃത്തം.

ഈ വിധത്തിൽ പോകുന്ന കവിത ഒരു സ്വരാജ്യാഭിമാനിയുടെ ക്രോധാക്രോശമാണ്. 'വിഭജിച്ചുഭരിക്ക' എന്ന ഇന്നത്തെനയം നമ്മുടെ നാശത്തിനു കാരണമെന്നു ഇതിൽ ഒളിഞ്ഞുകിടക്കുന്ന ഒരു തത്വമാണ്. പക്ഷെ 'ആപാതമധുരമല്ലെങ്കിലും ആലോചനാമൃതമാണ്'. കാകളിയും അന്നനടയും ഗായകന്റെ മിടുക്കുപോലെ അവസരംനോക്കി പ്രയോഗിക്കാവുന്ന വൃത്തങ്ങളാണ്. അതിനു യതിയുംമറ്റുംവേണം. ഇതിനു 'സാമ്രാഡ്ഗീതം' എന്ന പേർ അധികം യോജിക്കുമെന്നുതോന്നുന്നു.

ഈവിധത്തിലുള്ള അൻപതുകവിതകളാണു തീർന്നിട്ടുള്ളത്. ഇരട്ടസംഖ്യ ശുഭമല്ലെന്നു നിശ്ചയിച്ചു. ഒന്നുകൂടി ചേർക്കണമെന്നു ആശയുണ്ട്. അപ്പോൾ മാത്രമെ മാതൃഭൂമിക്കു ഒരു 'അക്ഷ'മാലയായി തീരുകയുള്ളൂ.

എനിക്കു സംഗീതം അശേഷമില്ല. അതു കേൾക്കുവാൻ ആശയും അവകാശവുമില്ല. പിന്നെ പാട്ടുകാർക്കു എന്റെ കവിത ഇഷ്ടമല്ലെങ്കിൽ

അതു അത്ര വകവയ്ക്കാനില്ല. എങ്കിലും പാട്ടിനു ഒരു മിടുക്കുണ്ടു്. സാഹിത്യം എത്ര പൊട്ടയായാലും തല ഒരു വശത്തേക്കു ചരിച്ചുപിടിച്ചു് അല്പമൊന്നാടിക്കൊണ്ടു അനുനാസികാതിപ്രസരംവരുത്തി പൊടിസംഗീതവും ഇടകലർത്തിപ്പാടിയാൽ കവിത താനെ നന്നാകും. കവിത എങ്ങിനെയിരുന്നാലും അതിൽ ചില പൊടിയും മിനുക്കുംചേർത്തു മററുള്ളവരെ രസിപ്പിക്കുന്ന വിദ്വാന്മാരും ഉണ്ടു്. ദ്രാവിഡവൃത്തങ്ങൾക്കു പ്രത്യേകം ഒരു വ്യവസ്ഥയില്ലാത്തതും ഭാഗ്യംതന്നെ.

ഒരു പ്രസംഗപീഠത്തിൽനിന്നു ഒരിക്കൽ ക്ഷത്രതേജസ്സു അല്പം വ്യജൃംഭിച്ചു. പക്ഷെ അതു ഇയ്യിടെയുള്ള ഗീതാശ്രവണംകൊണ്ടു ശാന്തമാകയാണോ ചെയ്തതു്? കലികാലത്തിൽ ഗീതാപാരായണം അതിനുള്ളതാണല്ലോ. അർജ്ജുനന്റേ ആണത്തം ക്ഷീണിച്ചപ്പോൾ, അതു ഉജ്ജ്വലിപ്പിക്കാൻ ഉപദേശിച്ച ഗീത ദ്വാപരയുഗത്തിലാണല്ലോ.

ഇയ്യിടെ ഒരു കുംഭാണ്ഡൻ ജനിക്കുമെന്നു് ഒരു കണിയാൻ പ്രശ്നംവച്ചു പറഞ്ഞിരിക്കുന്നു. ആ ശിവഭൂതം ദണ്ഡുംകൊണ്ടുവരും മുമ്പേ എന്റെ കവിത പൊതുജനസമക്ഷം അവതരിപ്പിക്കാൻ സംഗതിയാകണെ എന്നഭ്യർത്ഥിച്ചു തല്ക്കാലം വിരമിക്കുന്നു.

ലേഖകനു പറവാനുള്ളതു നേരെപറഞ്ഞാൽ ഇതിലധികം ഉപകാരപ്രദമായിരുന്നു. (ഗ്ര. പ)

# സ്കൂളിലെ ശിക്ഷ

(എം. രാമവർമ്മതമ്പാൻ ബി. എ, എൽ. ടി.)

പണ്ടത്തെ ബാലബോധനത്തിൽ ഇപ്രകാരം ഒരു ശ്ലോകം ഉണ്ടായിരുന്നു.

"പഠിക്കണംനീ ഗുരുവിന്റെസന്നിധൌ
മടിച്ചിടാതങ്ങവരെ വണങ്ങണം
അടിയ്ക്കിലോ നന്നതുപാഠമേറുവാൻ
പഠിച്ചവക്കേ ഗുണമുള്ളുനിശ്ചയം."

ഇതിനെ അന്വയിക്കുമ്പോൾ ആദ്യത്തെ രണ്ടു വരികളിലെ കർത്താവുതന്നെ മൂന്നാംവരിയ്ക്കും പററാതെ കാക്കേണ്ടതായിട്ടുമുണ്ടു്. ഏതായാലും ഇതു് പണ്ടത്തെ ഒരാശാന്റെ ധർമ്മമുറയാണു്. അദ്ദേഹത്തിന്റെ ആവശ്യങ്ങളും ആദർശങ്ങളും ഇതിൽ പ്രതിപാദിച്ചിട്ടുമുണ്ടു്. എന്നാൽ ആ ആശാനെ മറന്നപോലെ ഈ ശ്ലോകവും ജനങ്ങൾ ഭാഗ്യവശാൽ മറന്നുപോയിരിക്കുന്നു. ഇംഗ്ലീഷിലെ പഴമൊഴിയും 'വടിപോയാൽ കുട്ടിപോയി' എന്നാണു്. ഇംഗ്ലീഷ് സ്കൂളുകൾ സ്ഥാപിക്കുമ്പോൾ വാദ്ധ്യാരുടെ ശമ്പളം, പുസ്തകം, ബഞ്ചു്, ബോർഡു് ഇവയുടെ കൂട്ടത്തിൽ വടിവാങ്ങാനും ഒരു തുക കണ്ടിരുന്നു. ഇതൊക്കെ പഴങ്കഥയാണെന്നു് പറയുന്നു എ

ങ്കിൽ ഇന്നും ചില ആളുകളിൽ ട്രെയിനിങ്ങ് കഴിഞ്ഞ അദ്ധ്യാപകന്മാർകൂടി, 'അടിച്ചില്ലെങ്കിൽ പഠിക്കില്ല' എന്നതു് വേദംപോലെ വിശ്വസിച്ചു് സാധിച്ചുവരുന്നുണ്ടു്. അവരോടു് അടിക്കരുതെന്നു് ഗാന്ധിതന്നെ പറഞ്ഞാലും അവർ അദ്ദേഹത്തെ നിന്ദിക്കയേയുള്ളൂ.

മൂന്നു വ്യാഴവട്ടത്തെ അദ്ധ്യാപകവൃത്തി കഴിഞ്ഞ പൂർവ്വചരിതം ആലോചിക്കുമ്പോൾ എന്റെ ഹൃദയത്തിൽ കിടന്നു് കഴിയുന്ന സംരംഭങ്ങൾ അവർണ്ണനീയങ്ങളാണു്. കുട്ടികളെ തല്ലാൻ എന്നെ പ്രേരിപ്പിച്ച എന്റെ അജ്ഞതയെ ഞാൻ ശപിക്കുന്നു. എന്റെ പാടവക്കുറവിനെ ഞാൻ ശപിക്കുന്നു. എന്റെ ക്ഷമയില്ലായ്മയെ ഞാൻ ശപിക്കുന്നു. അല്ലയോ എന്റെ കയ്യിൽനിന്നും തല്ലുകൊണ്ട വിദ്യാർത്ഥികളേ! നിങ്ങളോടു് ഏററവും പശ്ചാത്താപത്തോടെ ഞാൻ ക്ഷമായാചനം ചെയ്യുന്നു. ഔദാര്യപൂർവ്വം അതു് ക്ഷമിച്ചു് മറന്നു് എന്നോടു് ഭക്തിദ്യോതകമായ പുഞ്ചിരിയോടെ പെരുമാറുന്നതിന്നായി നിങ്ങളെ ഞാൻ ഹൃദയംഗമമായി, ലജ്ജാസമേതം ആദരിക്കുന്നു. ബഹുമാനിക്കുന്നു, സ്നേഹിക്കുന്നു. എനിക്കു പററിയ അബദ്ധം എന്റെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന കൂട്ടുകാർക്കു പററാതിരിക്കാനാണു് ഈ വിഷയത്തെപ്പററി ഞാൻ എഴുതാൻ തുടങ്ങുന്നതു്.

അടുത്തകാലംവരെ അടിശിക്ഷ അദ്ധ്യാപകവൃത്തിക്കത്യാവശ്യമാണെന്നായിരുന്നു വയ്പു്. കുട്ടികളെ ഭയപ്പെടുത്തി വളർത്തണം എന്ന വേദത്തിൽ വിശ്വസിക്കുന്നവർക്കു വടിയില്ലാതെ കഴികയില്ലല്ലൊ. യൂറോപ്പിലെ ചില അദ്ധ്യാപകന്മാർ കുട്ടികളോടു് തല്ലുകൊള്ളുമ്പോൾ ചിരിക്കണമെന്നുകൂടി സിദ്ധാന്തിച്ചിരുന്നു.

സ്ത്രീകൾ അദ്ധ്യാപകവൃത്തിക്കു വന്നതോടുകൂടി അടിക്കു് സ്കൂളിൽ സ്ഥാനമില്ലാതായിത്തുടങ്ങി. അവരിലെ അമ്മത്വം അദ്ധ്യാപികത്വത്തെ ജയിച്ചു. ദുശ്ശാഠ്യം കാട്ടുന്ന കുട്ടിയെ ഒന്നു മാറത്തണച്ചു് ഒന്നു പുഞ്ചിരിതൂകിയാൽ കുട്ടിയുടെ ശാഠ്യം പോകും എന്നു് അദ്ധ്യാപികമാർ കാണിച്ചുതരുന്നു. അവർ കരയുകകൂടി ചെയ്താൽ ഒപ്പം കരയാത്ത കുട്ടികൾ ഉണ്ടെന്നു് തോന്നുന്നില്ല.

എങ്കിലും ഇന്നത്തെ അദ്ധ്യാപകന്മാരുടെ ഇടയിൽ ശിക്ഷ സാമാന്യം വേണമെന്നും തീരെ കൂടാതെ കഴിക്കാമെന്നും വിചാരിക്കുന്നവരുണ്ടു്. ഇരുകൂട്ടരുടേയും ഇടക്കു് പല തരക്കാരുമുണ്ടു്.

ശിക്ഷയ്ക്കു് വിദ്യാഭ്യാസത്തിൽ ഏററവും തുച്ഛവും ലഘുവുമായ ഒരു സ്ഥാനമുണ്ടെന്നു് ഒരു വേള സമ്മതിക്കാം. എന്നാൽ അതു് ഒരിക്കലും കഠിനമായിരിക്കേണ്ടതില്ല. ഗൌരവമായി സംസാരിക്കുക, ഹസിക്കുക, ഇത്രമാത്രമെ സ്കൂളുകളിൽ ശിക്ഷ പാടുള്ളൂ. അദ്ധ്യാപകനു ന്യായമായി തോന്നുന്ന കോപം വാഗ്രൂപേണ മിതമായി പ്രകടിപ്പിച്ചാൽ അതേറി

യുന്ന കുട്ടിക്കു് തക്കതായ ശിക്ഷയായി. കുട്ടി ദുശ്ശാഠ്യം കാണിക്കുമ്പോൾ അമ്മ വ്യസനിച്ചാൽ കുട്ടി ശാഠ്യം തീരെ വിടാറുണ്ടു്. കുട്ടി എന്തിനെങ്കിലും ശാഠ്യംപിടിച്ചു എന്നിരിക്കട്ടെ. നാം കുട്ടി ആവശ്യപ്പെടുന്നതു് കൊടുക്കുന്നില്ല. കുട്ടി പിന്നെയും ശാഠ്യം പിടിക്കുന്നു. ഈ അവസരത്തിൽ ധർമ്മോപദേശംകൊണ്ടു് ഫലമില്ല. കൊച്ചുകുട്ടിയാണെങ്കിൽ ആ കുട്ടിയെ തനിയെ ഒരു മുറിയിലാക്കി കുട്ടി നല്ലകുട്ടിയായിട്ടു് എന്റെ അടുക്കൽ വന്നാൽ മതി എന്നു പറഞ്ഞു് പോരിക. വാതിലും തുറന്നിടുക. തനിയെ ഇരിക്കുന്ന സങ്കടം പൊറുക്കാതെ 'ഞാൻ നല്ലകുട്ടിയായി' എന്നു പറഞ്ഞു കുട്ടി അധികം താമസിക്കാതെ നമ്മുടെ അടുക്കൽ വരും. ഇതിലുമധികം ശിക്ഷ സാധാരണ ആവശ്യപ്പെടുകയില്ല. വിദ്യാർത്ഥിജീവിതത്തെ വർണ്ണിക്കുന്ന പഴയപുസ്തകങ്ങൾ വായിച്ചാൽ അടിച്ചുവളർത്തിയ കുട്ടികൾ അടിക്കാതെ വളർത്തുന്ന ഇന്നത്തെ കുട്ടികളെക്കാൾ താന്തോന്നികളായിട്ടാണു് തീർന്നിട്ടുള്ളതു് എന്നു് കാണാം. എനിക്കു് പലപ്പോഴും ഈ ഉപമ തോന്നാറുണ്ടു്. അടികൊണ്ടു് ഒരു കുട്ടിയെ കഴുതയോ പോത്തോ ആക്കുകയാകും നാം ചെയ്യുന്നതു്. "വേണ്ടതിനും വേണ്ടാത്തതിനും അടിക്കയാണു്. അതിനാൽ തരമുള്ളപ്പോൾ ഒക്കെ വികൃതിയെ കാട്ടു" എന്നു് കഴുത മുമ്പോട്ടും പിമ്പോട്ടും കാലെറിയുംപോലെ കുട്ടി നിശ്ചയിക്കും. അല്ലെങ്കിൽ "വാദ്ധ്യാർക്കു് എന്നെക്കാൾ ബലം കൂടും. അടികൊണ്ടു് എന്റെ ദേഹമെല്ലാം തഴമ്പിച്ചു. വേണ്ടിടത്തോളം അടിക്കട്ടെ. എന്റെ വഴിയെ ഞാൻ പോകും" എന്നു അടിക്കുന്നതിനെ വകവയ്ക്കാതെ തല ആട്ടിപ്പോകുന്ന പോത്തുപോലെയും കുട്ടി ആയിത്തീരും.

കുട്ടി ചീത്തയാകുന്നതു് പലപ്പോഴും അടിക്കുന്ന അദ്ധ്യാപകന്റെയോ പിതാവിന്റെയോ ദൂഷ്യത്താലായിരിക്കും. കുട്ടിയുടെ ദൂഷ്യത്താലല്ല. യുക്തിയുക്തമായി ചിന്തിക്കുന്ന പിതാക്കളുടെ കുട്ടികൾ യുക്തിയുക്തമായി വളരും. കുട്ടികളോടു ധർമ്മവും മുറയും പറയുന്നവരെ കുട്ടികൾ സാധാരണ വെറുക്കുകയേ ചെയ്യുന്നുള്ളു. അവരെ സ്നേഹിക്കുന്നവരോടാണു് അവർക്കു കൃതജ്ഞത തോന്നുക.

നിഷേധരൂപത്തിൽ കുട്ടികളെ ശാസിക്കരുതു്. അതു ചെയ്യരുതു്, ഇതെടുക്കരുതു്, ഇത്യാദി. 'ചെയ്താൽ എന്തു' 'എടുത്താൽ എന്താ,' എന്നായിരിക്കും കുട്ടികൾക്കു തോന്നുന്നതു്. അങ്ങിനെ ശാസന ചെയ്യേകഴിയു എന്ന ദിക്കിൽ അതിന്റെ കാരണം കുട്ടിയെ പറഞ്ഞു മനസ്സിലാക്കണം. ഈ നയത്താൽ കുട്ടികൾ ചില അവസരങ്ങളിൽ നിഷേധരൂപത്തിലും ശാസന വേണ്ടിവരുമെന്നു ധരിയ്ക്കും. ചില്ലറ വീഴ്ചകളും മുറിവുകളും അനുഭവിച്ചറിഞ്ഞു ശാസനയെ അനുസരിക്കയാണുത്തമം എന്നു കുട്ടി ഗ്രഹിക്കും. ഇതൊക്കെയല്ലാതെ അതികഠിനമായ ശിക്ഷ കുട്ടി ഒരിക്കലും അർഹിക്കുമെന്നു തോന്നുന്നില്ല.

മററുള്ള കുട്ടികൾ കളിക്കുമ്പോൾ ഒരു കുട്ടി അവരെ ഉപദ്രവിക്കുന്നു എന്നിരിക്കട്ടെ. ഗുണദോഷിച്ചിട്ടും കൂട്ടാക്കാഞ്ഞാൽ കുട്ടിയെ അവരുടെ കൂട്ടത്തിൽനിന്നും മാററി അവരുടെ കളി കാണാത്തവണ്ണം ദൂരെയിരുത്തുക. കുറെ കഴിയുമ്പോൾ കുട്ടിതന്നെ ഇവരുടെ കൂട്ടത്തിൽ കൂടാൻ കൊതിച്ചുവരും. വീണ്ടും മുമ്പിലത്തെപ്പോലെ പെരുമാറുകയാണെങ്കിൽ കുട്ടികളുടെ കൂട്ടത്തിൽ ജീവിക്കാൻ വഹിയാത്ത രോഗം നിന്നെ ബാധിച്ചിരിക്കുന്നതിനാൽ അതു മാറുന്നവരെ മാററി നിർത്തുകയേ തരമുള്ളു എന്നു പറഞ്ഞു ചില ദിവസങ്ങളിൽ മാററി നിറുത്തുക. ഇതു ഉത്തമവും ഫലപ്രദവും ആണു്. ഈ നയംകൊണ്ടു കുട്ടികൾ വേഗം നന്നായിട്ടുണ്ടെന്നു മോണ്ടിസോറി സ്കൂളുകളിലെ അനുഭവമാണു്.

പക്ഷെ ഈ നയത്തിന്റെ വിജയത്തിനു പല പ്രത്യേകസൌകര്യങ്ങളും വേണം. ഇവയൊന്നും പഴയ സ്കൂളുകളിലില്ലായിരുന്നു. ഒന്നാമതായി ഈവക ദൂഷ്യമുള്ള കുട്ടികളുടെ രോഗം എന്തെന്നറിഞ്ഞു അവരെ മാററിനിറുത്തി ചികിത്സിക്കണം. ഈ രീതിപ്രയോഗിക്കുന്നവൎക്കു കൌശലവും നയവും ധാരാളംവേണം. ഇവയേക്കാൾ പ്രധാനമായ സംഗതി ക്ലാസ്സിലെ അധികപക്ഷം കുട്ടികളും നല്ല നടത്തക്കാരായിരിക്കണം. എന്നാലെ കുട്ടിക്കു ക്ലാസ്സിലെ പൊതുജനാഭിപ്രായം തനിക്കു വിപരീതമാണെന്നും താൻ മാന്യനല്ലാതാകുന്നു എന്നും പ്രത്യക്ഷപ്പെട്ടു.

ഏതു വിഷയവും വേണ്ടതുപോലെ പഠിപ്പിക്കയാണെങ്കിൽ പഠിക്കാൻ കുട്ടിക്കു മോഹമുണ്ടാകും. പഠിപ്പിക്കുന്ന വിഷയത്തിൽ ഈ തത്വം അറിയാതെ പ്രവൎത്തിക്കുംപോലെയുള്ള അബദ്ധം ഊൺ ഉറക്കം ഈ വിഷയങ്ങളിലും കുട്ടിക്കുണ്ടാകും. ഊണിനു കുട്ടി ശാഠ്യംപിടിച്ചാൽ കുട്ടിക്കു സുഖക്കേടുകൊണ്ടല്ലെങ്കിൽ ശാഠ്യം വകവയ്ക്കേണ്ട. ഉണ്ണാതെപോയി കിടക്കട്ടെ. ഇതു നല്ല കച്ചവടമല്ല എന്നു കുട്ടി വേഗം പഠിക്കും. മൂന്നു വയസ്സായ ഒരു കുട്ടിക്കു് ഒരു പഴം പൊട്ടിച്ചു അമ്മ കൊടുത്തു. അതു മുഴുവൻ വേണമെന്നു കുട്ടി ശാഠ്യം പിടിച്ചു. ഞാൻ അതിൽ ഒരു കഷണം ഒന്നു കൂടി പൊട്ടിച്ചു കുട്ടിയെ കാണിച്ചു. വേണ്ട എന്നു പറഞ്ഞു ശാഠ്യംപിടിച്ചു. ആ കഷണം ഞാൻ തിന്നു. രണ്ടാമത്തെ കഷണം കാണിച്ചു. എന്നിട്ടും തഥൈവ. ഇങ്ങനെ പഴം മുഴുവൻ ഞാൻ തിന്നു. പിന്നീടു ആവക ശാഠ്യം കുട്ടി പിടിച്ചിട്ടില്ല. മററു കുട്ടികൾക്കും പൊട്ടിച്ചുകൊടുത്താൽ തന്റെ ഭാഗം സ്വീകരിക്കും എന്ന നിലയായി. ഒരു വിഷയം പഠിക്കാൻ കുട്ടിക്കു കഴികയില്ലെന്നു കാണുമ്പോൾ കുട്ടിയെത്തന്നെ ഒരു മുറിയിൽ ആക്കീട്ടു പാഠംമുറയ്ക്കു നടക്കട്ടെ. ഒന്നോ രണ്ടോ ദിവസം അങ്ങിനെചെയ്യു. കുട്ടിയുടെ ഹിതംപോലെ കളിക്കാൻ വിടരുതു്. കൂട്ടരൊത്തു പഠിക്കാൻ വഹിയെങ്കിൽ തനിയെ ഇരിക്കണം. വേഗം കുട്ടി മററു കുട്ടികളെപ്പോലെ പഠിയ്ക്കും. സ്കൂളുകളിൽ ഇങ്ങനെ ഒരു മുറി ഇതി

നായി ഉണ്ടാകുന്നതു നല്ലതായിരിക്കും. ഇമ്പോസിഷൻ കൊടുക്കുന്നതു കൊണ്ടും ഈ ഫലം ഉണ്ടായേക്കാം.

ലഘുവായ ശിക്ഷ ലഘുവായ കുററങ്ങൾക്കാവശ്യപ്പെട്ടേക്കാം. അവരുടെ മയ്യാദലംഘനമാണു കുററമാവുക. സ്തുതിയും ശകാരവുമാണ് ഇതിനുപയോഗിക്കുക പതിവ്. ശകാരത്തേക്കാൾ സ്തുതിയാണു നല്ലത് എന്നാണ് എൻെറ അനുഭവം. ശകാരം—വിശേഷിച്ചു കൂട്ടരുടെ മുമ്പിൽ വച്ചുള്ള ശകാരം—ആത്മാഭിമാനം നശിപ്പിക്കുന്നു. ആത്മാഭിമാനമില്ലാത്ത കുട്ടിയെക്കൊണ്ട് ഒരു കാൎയ്യവും സാധിക്കയില്ല. ബെഞ്ചിന്മേൽ കയററി നിറുത്തുന്നതു് ആത്മാഭിമാനഹാനിയാണെന്നും അതിനാൽ ഒരിക്കലും ബെഞ്ചിന്മേൽ നിറുത്തരുതെന്നും മില്ലർ സായ്പ് ഉപദേശിച്ചതായി കേട്ടിട്ടുണ്ട്. ഇന്ന് എത്ര അദ്ധ്യാപകന്മാരാണു കുട്ടികളെ ബെഞ്ചിന്മേൽ നിറുത്തി ഞെളിയുന്നതു്. സ്തുതിച്ചാൽ കുട്ടിക്ക് അദ്ധ്യാപകനെ ബഹുമാനം തോന്നുന്നു. അദ്ദേഹത്തിൻെറ സ്തുതി വീണ്ടും ലഭിക്കാൻ കുട്ടിയിൽ മോഹം ജനിക്കുന്നു.

എന്നാൽ സ്തുതിയും ശകാരവും മററുള്ളവരെ താരതമ്യപ്പെടുത്തീട്ടരുതുതാനും. അങ്ങിനെ ചെയ്താൽ സ്തുതി നിന്ദയേയും ശകാരം വെറുപ്പിനേയും ജനിപ്പിക്കും. ഹെഡ്മാസ്റ്റർമാരും ഇൻസ്പെക്ടർമാരും മററു വാദ്ധ്യാന്മാരെ പരീക്ഷിക്കുമ്പോഴും ഈ തത്വം അനുസരിച്ചു പ്രവൎത്തിച്ചാൽ വളരെ ഫലം കിട്ടും. ദോഷം പറയുന്ന ഇൻസ്പെക്ടറക്കും ഹെഡ്മാസ്റ്റർക്കും കാര്യം മനസ്സിലായില്ല എന്നു പറഞ്ഞു തങ്ങളുടെ ദൂഷ്യം പരിഹരിക്കാൻ വൈമുഖ്യം കാണിക്കുന്ന അദ്ധ്യാപകന്മാർ ധാരാളം ഉണ്ട്. അദ്ധ്യാപകൻെറ പഠിപ്പിക്കൽ നന്നായി. ഇന്നഭാഗം വിശേഷിച്ച്, എങ്കിലും മറേറ ഭാഗം വേറെ ഒരു വിധത്തിൽ പ്രയോഗിച്ചാലല്ലേ കുറെക്കൂടെ നന്നായിരിക്കുക, ഒന്നു പരീക്ഷിച്ചുനോക്കു എന്നുപറഞ്ഞാൽ അദ്ധ്യാപകൻ ഇൻസ്പെക്ടരെ മാനിച്ചു താൻ നന്നാവാൻ നോക്കും. ഇതുപോലെ കുട്ടി പറയുന്ന ഉത്തരത്തിൽ ശരിയായ ഭാഗത്തെ പ്രശംസിച്ചു സ്വീകരിക്കണം. തെററായ ഭാഗംകൂടി ഒന്നു മാറിയാൽ മതി എന്ന മട്ടിൽ പോകയായിരിക്കും ഗുണപ്രദം.

മററു ജന്തുക്കളോട് ക്രൂരത കാണിക്കാൻ കുട്ടികൾക്ക് ഒരു വാസന കാണാറുണ്ട്. അതു ശിക്ഷിച്ചു മാററാവുന്ന ഒന്നല്ല. ഒരുവിധം പഠിത്തം കൊണ്ടുവേണം ഇതു നിറുത്താൻ. ജീവനെ മാനിക്കാൻ പഠിപ്പിക്കുക. ചില്ലറ ഉപദ്രവമാണെങ്കിൽ ആ വേദന കുട്ടിയേയും അനുഭവിപ്പിക്കാം. അവൻ വിസമ്മതിച്ചാൽ ഇതുകൂടാതിരിക്കണമെങ്കിൽ ആരോടും ഇതു കാണിക്കാതിരിക്കണം എന്നു പറഞ്ഞാൽ കുട്ടി ഗ്രഹിക്കും. അന്യക്കും തങ്ങളെപ്പോലെ വേദനയുണ്ടെന്നു കുട്ടികൾ മനസ്സിലാക്കും.

സന്മാർഗ്ഗപാഠം പഠിപ്പിക്കുക ഒരു വിഷയമായിരിക്കുന്ന കാലമാണല്ലോ ഇതു്. ഇതിനു ചില സ്കൂളുകളിൽ ചില പദ്ധതികളും നിശ്ചയിച്ചിട്ടുണ്ടു്. കഥാമൂലവും ഇതു പഠിപ്പിക്കുന്നുണ്ടു്. ഇതൊക്കെയായിട്ടും അതു ഫലപ്രദമാകുന്നുമില്ല. ഇതിനു പല കാരണങ്ങളുമുണ്ടു്. ഒന്നാമതു പരീക്ഷ, പരീക്ഷ എന്നു സ്വപ്നംകാണുന്ന വിദ്യാർത്ഥികൾക്കും ഏറക്കുറെ വാദ്ധ്യാന്മാർക്കും അതിനു വേണ്ടാത്ത ഒരു വിഷയം പഠിക്കുകയൊ പഠിപ്പിക്കുകയൊ ചെയ്യുന്നതു് അനാവശ്യം മാത്രമല്ല, സാഹസം മാത്രമല്ല, പാപവുംകൂടി ആണെന്നാണു വിചാരം. ഇതുകൂടാതെ മററു വിഷയങ്ങളെ അപേക്ഷിച്ചു് ഈ വിഷയം വിദഗ്ദ്ധനായ ഒരദ്ധ്യാപകന്റെ അനുഗ്രഹംകൊണ്ടേ ഫലവത്താകു. അനുഗ്രഹീതനായ ഒരദ്ധ്യാപകനു് സിലബസ്സല്ല കാര്യം, കഥയല്ല കാര്യം, തന്റെ പ്രതിഭ തന്നെയാണു വലിയ കാര്യം. വിഷയം ഏതും മതി.

ഒരു കാര്യം സന്മാർഗ്ഗപാഠം പഠിപ്പിക്കാൻ ഒരുങ്ങുന്നവർ മനസ്സിരുത്തണം. അതു തല്ക്കാലം നേരിടുന്ന വിഷയത്തെപ്പററി മാത്രമാകണം. കേവലം സാധാരണ തത്വമാകരുതു്. വാസ്തവമയമായിരിക്കണം. തല്ക്കാലം ലഭിക്കുന്ന അവസരത്തിൽനിന്നും വിഷയം ഉണ്ടാകയല്ലാതെ അതിനായി ഒരവസരം ഉണ്ടാക്കിയാൽ അതു ഫലിക്കുകയില്ല. ഒരു പ്രത്യേകസംഗതി മനസ്സിലാക്കുക സാധാരണ തത്വം മനസ്സിലാക്കുന്നതിലധികം എളുപ്പമാണല്ലോ. ഒരു പ്രത്യേകസംഗതി കുട്ടികൾ ഗ്രഹിച്ചാൽ അവർതന്നെ അതിൽനിന്നും അനുമാനങ്ങൾ ഉണ്ടാക്കിക്കൊള്ളും. ഒരു കുട്ടിയോടു ധൈര്യവാനായിരിക്കണം, ദയാലുവായിരിക്കണം എന്നു ഗുണദോഷിച്ചിട്ടു യാതൊരു ഫലവുമില്ല. കുട്ടി ധൈര്യം കാണിക്കുന്ന ഒരവസരത്തിൽ 'ബലെ നീയൊരു ധീരൻതന്നെ' എന്നു പറയുന്നതു കുറിക്കുകൊണ്ടിരിക്കും. ഒരു കുട്ടി കൂട്ടുകാരനു തന്റെ കളിപ്പാട്ടം കൊടുക്കുന്ന അവസരത്തിൽ 'ബലെ, നീയൊരു ദയാലുവാണു്' ഇത്യാദി അഭിനന്ദനങ്ങളാണു നല്ല സന്മാർഗ്ഗപാഠങ്ങളായിത്തീരുന്നതു്. ഇതുപോലെ ക്രൂരത കാണിക്കുമ്പോഴും അതിനെ അനാദരിച്ചു കുട്ടിയെ അതിൽനിന്നും വിരമിപ്പിക്കാവുന്നതാണു്.

ഈ ശ്രമമൊക്കെക്കഴിഞ്ഞിട്ടും പിന്നീടും കുട്ടി ക്രൂരത കാണിക്കുന്നെങ്കിൽ അതു് ഒരു രോഗമായിക്കരുതി ചികിത്സിച്ചു മാററേണ്ടതാണു്.

അടി, പിച്ചു്, നുള്ളു മുതലായവ ഒരിക്കലും ശരിയല്ല. സൌമ്യസ്വരൂപത്തിൽ അതിന്റെ ദോഷം ലഘുവായിരിക്കും. കഠിനസ്വരൂപത്തിൽ അതു ക്രൂരതയും മൃഗസ്വഭാവവും ഉണ്ടാക്കും. കുട്ടികൾക്കു് ഇതു സാത്മ്യമാകാം. പക്ഷെ അധികാരം ചെലുത്താൻ ശിക്ഷകൂടി വേണമെന്ന ഒരു ബോധവുംകൂടി അവരിലുണ്ടാവും. മാതാപിതാക്കന്മാരും കുട്ടികളും തമ്മിലും, ഗുരുവും ശിഷ്യനും തമ്മിലുമുണ്ടായിരിക്കേണ്ട സ്നേഹവും വിശ്വാസവും ആദികാലത്തെ ശിക്ഷ ഇല്ലായ്മചെയ്യും.

കുട്ടികളുടെ സ്നേഹം സമ്പാദിക്കുക എന്ന പരമാനന്ദം ജീവിതത്തിൽ മനുഷ്യന്നു സാദ്ധ്യമായ സകല സുഖത്തിലും ഉപരിയായ ഒന്നാകുന്നു. സ്നേഹം ഒരു ധർമ്മമാണെന്നും അതു ശാസിച്ചു സമ്പാദിക്കാമെന്നും വിചാരിക്കുന്നതു കേവലം ഭോഷത്വംതന്നെ. കുട്ടികളോടു മാതാപിതാക്കന്മാരേയും രാജാവിനേയും ഈശ്വരനേയും സ്നേഹിക്കേണ്ടതു് അവരുടെ മുറയാണെന്നു പറഞ്ഞാൽ ആ മുറ നിറവേററാൻ അസാദ്ധ്യമായ ഒന്നാണെന്നാകും കുട്ടിയുടെ ബോധം. സ്നേഹത്തെ ഒരു ഉത്തമവികാരമായി ഉണ്ടാക്കി അനുഭവിപ്പിക്കണം. സ്ത്രീകളുടെ നേരെ കൈ ഉയർത്താൻ മടിക്കുന്ന ഒരാൾ കുട്ടികളെ അടിക്കാമെന്നു വിചാരിക്കുന്നതു എന്തു കഷ്ടമാണു്! ഭാഗ്യവശാൽ ഒരു ശതകകാലമായി പിതൃപുത്രർ തങ്ങളിൽ സ്നേഹം സാദ്ധ്യമാണെന്നു് ഒരു ബോധം ക്രമേണ വളർന്നുവരുന്നുണ്ടു്. ശിക്ഷയെപ്പററിയുള്ള അഭിപ്രായംതന്നെ മാറിവരുന്നുണ്ടു്. വിദ്യാഭ്യാസത്തിൽ പ്രചരിച്ചുവരുന്ന ഈ സ്നേഹനയം മററു കാര്യങ്ങളിലും പ്രവർത്തിക്കാറാകണം. കുട്ടികളോടു പെരുമാറുമ്പോൾ ഇതു് ആവശ്യമായിരിക്കുംപോലെ അജ്ഞന്മാരോടും കുററക്കാരോടും മററും പെരുമാറുമ്പോഴും ഈ സ്നേഹം അത്യാവശ്യമാണു്. കുട്ടികളെ ക്ലാസ്സിൽനിന്നും പുറത്താക്കുന്നതുതന്നെ അപാടവത്തെ വിളിച്ചുപറകയാണു്.

അല്ലയോ എന്റെ തൊഴിൽസഹകാരികളെ, നമുക്കു നമ്മുടെ വടിയെ ഇങ്ങനെ ഒരു മന്ത്രത്തോടുകൂടി ഹോമം ചെയ്യാം. "അല്ലയോ വടി, എന്റെ അജ്ഞതയെ മറയ്ക്കാൻ സഹായിക്കുന്ന വടി, ഞാൻ സർവ്വജ്ഞനാണെന്നു നടിക്കാൻ സഹായിക്കുന്ന വടി, കുട്ടികളുടെ സ്നേഹശക്തിയെ നശിപ്പിക്കുന്ന വടി, സ്നേഹിക്കേണ്ടവരെ ഭയപ്പെടുത്തുന്ന വടി, കൃതജ്ഞതയ്ക്കുപകരം വൈരം ജനിപ്പിക്കുന്ന വടി നിന്നെ ഇതാ അഗ്നിക്കായി ഞാൻ ദാനം ചെയ്യുന്നു. സ്വാഹ ഇദം നമഃ." നമ്മുടെ അടുക്കൽ അറിവു സമ്പാദിക്കാൻ വരുന്ന ശിശുക്കളെ പുത്രന്മാരെപ്പോലെ സ്നേഹിച്ചും ഈശ്വരസന്നിധിയിലെന്നപോലെ ഭക്തിസമേതം ശിശുക്കളുടെ മുമ്പിൽനിന്നു അവരോടൊന്നിച്ചു ലോകരഹസ്യങ്ങളിൽ ചിലതിനെ വെളിപ്പെടുത്താൻ നോക്കാം. ജ്ഞാനം സ്നേഹസഹിതം നൽകാമെങ്കിൽ പ്രതിഫലമായി സ്നേഹമസൃണമായ കൃതജ്ഞത ശാശ്വതമായി നമുക്കു ലഭിക്കുന്നതാണു്. ഇതാകട്ടെ നമ്മുടെ ജന്മസാഫല്യവും നിരന്തരശ്രമവും.

# യക്ഷികഥകൾ

## * കൃഷകനും കരടിയും കുറുക്കനും.

(എം. ആർ)

ഒരുദിവസം രാവിലെ ഒരു പാവപ്പെട്ട കൃഷിക്കാരൻ തന്റെ പാവലിക്കാളകളേയുംകൊണ്ടു് കാട്ടിന്റെ അടുക്കലുള്ള തന്റെ കണ്ടത്തിൽ ഉഴുവാൻ പോയി. ഉഴുതുകൊണ്ടുനിന്നപ്പോൾ കാട്ടിൽ ഒരു വലിയ ശബ്ദം കേട്ടു്, അതു് എന്തെന്നറിയാൻ കാളകളെ അവിടെ നിറുത്തിയിട്ടു കാട്ടിൽ എത്തി. ഒച്ചയൊന്നും ഉണ്ടാക്കാതെ ഒളിഞ്ഞുനോക്കിയപ്പോൾ, ഒരു വലിയ കരടി പിൻകാലിൽ നിന്നു തിരുവാതിര കളിക്കുന്നതു കണ്ടു. ഈ രസംപിടിച്ച കളി കണ്ടപ്പോൾ, കൃഷിക്കാരനു ചിരി പൊട്ടിപ്പോയി. തിരിഞ്ഞുനോക്കി അയാളെ കണ്ടമാത്രയിൽ, കരടിക്കു കോപമുണ്ടായി.

കരടി—"എടാ! നീ എന്നേനോക്കിച്ചിരിക്കുന്നതു് എന്തിനു്?"

പാവം കൃഷിക്കാരനു് ഭയംകൊണ്ടു മിണ്ടാൻ പാടില്ലാതായി.

"ആ! ഹാ! നീ ചിരിച്ചതിനു ഞാൻ സമ്മാനം തന്നേയ്ക്കാം. നിന്റെ കാളകളേയും, നിന്നേയും ഇപ്പോൾതന്നെ തിന്നുന്നുണ്ടു്" ഇങ്ങനെ പറഞ്ഞുകൊണ്ടു വായും പൊളിച്ചു കൃഷിക്കാരന്റെ നേക്കു് ഗർജ്ജനത്തോടുകൂടി കരടി ഒരു പാച്ചിൽ പാഞ്ഞു.

"അയ്യോ! ഇനി ഞാൻ ചിരിക്കയില്ല. എന്നെ കൊല്ലരുതേ" എന്നു കൃഷിക്കാരൻ പ്രാർത്ഥിച്ചു.

കരടി—"നീ ഇനി ചിരിക്കയില്ല. ഇപ്പോൾതന്നെ നിന്നേയും കാളകളേയും തിന്നേക്കാം."

കരഞ്ഞുകൊണ്ടു തന്നെ രക്ഷിക്കണമെന്നും തന്റെ കാളകളെ തിന്നരുതെന്നും കൃഷിക്കാരൻ വീണ്ടും പ്രാർത്ഥിച്ചു. ഇതൊന്നും കരടി കേട്ടതായി വകവെച്ചില്ല. ഒടുവിൽ, "തനിയ്ക്കു് ഇന്നു വൈകുന്നേരംവരെ സമയം തരണമെന്നും, ആ സമയംകൊണ്ടു താൻ നിലമുഴുതു് വിതയ്ക്കാമെന്നും, അതു കഴിഞ്ഞു തന്നേയും കാളകളേയും തിന്നുകൊള്ളുന്നതിനു കൃപയുണ്ടാകണമെന്നും" അയാൾ കരടിയോടു പറഞ്ഞു. കരടി, മനസ്സില്ലാമനസ്സോടെ, അതു സമ്മതിച്ചു.

കൃഷിക്കാരൻ സങ്കടത്തോടെ നിലം ഉഴാനും തുടങ്ങി. ഉച്ചയ്ക്കു് ഒരു കുറുക്കൻ ആവഴി കടന്നുപോയി. കൃഷിക്കാരന്റെ വ്യസനഭാവം കണ്ടു് "എടോ! എന്താ? കുരങ്ങുചത്ത കാക്കാലന്റെ കൂട്ടത്തിൽ ഇരിക്കുന്നതു്" എന്നു ചോദിച്ചു. കൃഷിക്കാരൻ കാര്യമെല്ലാം കുറുക്കനെ ധരിപ്പിച്ചു.

കുറുക്കൻ—"അത്രേയുള്ളോ? ഞാനെല്ലാം ശരിയാക്കിത്തരാം. നിന്റേയും നിന്റെ കാളകളുടേയും ജീവൻ രക്ഷിച്ചുതരാം. പോരെങ്കിൽ തനിക്കൊരു നല്ല കരടിത്തോൽ കിട്ടുകയും ചെയ്യും."

* കുട്ടികൾക്കു് കഥാകഥനത്തിനു്.

കൃഷിക്കാരൻ—"ആ വിദ്യ എന്താണ്?"

കുറുക്കൻ—"ഞാൻ പറഞ്ഞുതന്നാൽ നിങ്ങൾ എനിക്കെന്തുതരും?"

ആദ്യം, എന്തു കൊടുക്കണമെന്നു കൃഷിക്കാരനു നിശ്ചയമില്ലായിരുന്നു. ഒടുവിൽ, ഒരു പൂവൻകോഴിയേയും ഒൻപതു പിടക്കോഴിയേയും കൊടുക്കാമെന്നു അയാൾ സമ്മതിച്ചു.

കുറുക്കൻ—"എന്നാൽ കേൾക്കൂ! ഞാൻ പറയുന്നതുപോലെ ചെയ്യണം. കരടി വരുമ്പോൾ, ഞാൻ ഈ കാട്ടിൽ ഇരുന്ന് ഒരു ചൂളം വിടും. അതു എന്താണെന്നു കരടി ചോദിക്കും. വേട്ടക്കാരുടെ ചൂളമാണെന്നു നിങ്ങൾ ഉത്തരം പറയണം. 'പേടിച്ച്‌തന്നെ എവിടെ എങ്കിലും ഒളിപ്പിച്ചിരിക്കണ'മെന്നു കരടി അപേക്ഷിക്കും. വിത്തുകൊണ്ടുവന്ന ചാക്കിൽ കയറിക്കൊള്ളാൻ പറയണം. അപ്പോൾ ഞാൻ വന്നു ചാക്കിൽ എന്തെന്നു ചോദിക്കും. വിറകാണെന്നു താൻ ഉത്തരം പറയണം. ഞാൻ അതു വിശ്വസിക്കയില്ല. ഉടൻ കയ്യിലുള്ള കോടാലി എടുത്തു, കാണണോ എന്നു ചോദിച്ച്, ചാക്കിൽ ഒരു വെട്ടു കൊടുക്കണം. നല്ലവണ്ണം വെട്ടിയാൽ കരടിയുടെ കഥ കഴിയും."

ഇതുകേട്ടു കൃഷിക്കാരൻ സന്തോഷിച്ചു. കുറുക്കന്റെ ഉപദേശത്തെ അയാൾ അക്ഷരംപ്രതി അനുഷ്ഠിച്ചു; കരടിയെ കൊന്നു തന്റെ ജീവൻ രക്ഷിച്ചു.

കുറുക്കൻ—"ഞാൻ പറഞ്ഞില്ലേ ഇങ്ങനെ വരുമെന്ന്. സ്നേഹിതാ! ബുദ്ധികൗശലം കായബലത്തെ ജയിക്കുമെന്നു മനസ്സിലാക്കൂ. ഞാൻ രാവിലെ വീട്ടിൽ വരും. അപ്പോൾ കോഴികളെ തരുമല്ലോ."

കാളപ്പുറത്തു കരടിയെ ഇട്ടുകൊണ്ട്, കൃഷകൻ വീട്ടിൽ എത്തി; കുളിച്ചു മൂക്കുമുട്ടെ സാപ്പാടു കഴിച്ച്, കട്ടിലിൽ കയറി ക്രൂക്കംവലിച്ചു കുംഭകർണ്ണസേവ തുടങ്ങി.

നേരം 'പരപര'വെളുത്തപ്പോൾ കുറുക്കൻ കൃഷിക്കാരന്റെ വീട്ടിൽ ഹാജർകൊടുത്തു; തനിക്കു തരാനുള്ളതു തരിക എന്നു മുറവിളികൂട്ടി.

"ഇപ്പോൾതന്നെ തന്നേക്കാം; മുഖം ഒന്നു കഴുകട്ടെ" എന്നു പറഞ്ഞു കൃഷിക്കാരൻ വീട്ടിനുള്ളിൽ കയറി. അയാൾ മുഖം കഴുകി; എന്നാൽ കതകുതുറക്കാതെ പട്ടി കുരയ്ക്കുന്നതുപോലെ കുരയ്ക്കാൻ തുടങ്ങി.

കുറുക്കൻ—"സ്നേഹിതാ! എന്തൊച്ചയാണിതു? പട്ടി കുരയ്ക്കുകയാണോ?"

കൃഷകൻ—"അതേ, അതേ, ഞാൻ എന്തു പിടിച്ചിട്ടും ഈ ശബ്ദങ്ങൾ നില്ക്കയില്ല. രണ്ടെണ്ണമുണ്ട്. അവററ തുടൽ പൊട്ടിച്ചിരിക്കുന്നു."

കുറുക്കൻ—"അയ്യോ! ഞാൻ പോകുന്നതുവരെ വിടല്ലേ. എനിക്കു കോഴിയെ വേണ്ട" എന്നു പറഞ്ഞു പരിഭ്രമിച്ചോടിപ്പുറത്തുപോയി.

കൃഷിക്കാരന്റെ വീട്ടിൽ പട്ടിയേ ഇല്ലായിരുന്നു. ബുദ്ധികൗശലം നന്നെന്നു മനസ്സിലാക്കിയതിനാൽ, അയാൾ കുറുക്കനെ പററിച്ചതാണ്.

# സമുദാചാരവിചാരം

നമ്പർ I

(എം. രാജരാജവൎമ്മതമ്പുരാൻ എം. എ., ബി. എൽ.)

സമത്വബോധം കൂടിവരുന്ന ക്രമത്തിന് സാമുദായികമര്യാദകൾ കുറഞ്ഞു വരുന്നുണ്ടെന്ന് ഇന്നത്തെ അനുഭവം പ്രത്യക്ഷമാകുന്നു. പിതാവിനും പുത്രനും, കാരണവനും അനന്തരവനും, എജമാനനും ഭൃത്യനും, രാജാവിനും പ്രജയ്ക്കും തമ്മിലുള്ള ബന്ധത്തിനു പണ്ടുണ്ടായിരുന്നതിൽനിന്നു ശൈഥില്യം വന്നിട്ടുണ്ടെന്നുള്ളതിനു സംശയമില്ല. അന്നുണ്ടായിരുന്ന വണക്കത്തിനും, അനുസരണത്തിനും, ഭക്തിക്കും ബഹുമാനത്തിനും കുറവുവന്നിട്ടുള്ളതു്, സമത്വത്തിന്റെയും, സ്വാതന്ത്ര്യത്തിന്റെയും, സ്വയംഭരിഷ്ണുതയുടേയും ബോധത്തോടൊപ്പമാകകൊണ്ടു്, അവയ്ക്കു ഏതാണ്ടു കാര്യകാരണബന്ധമില്ലയോ എന്ന് ആശങ്കിക്കുന്നതിനു ന്യായമുണ്ടു്. മനുഷ്യരുടെ സാമുദായികാചാരങ്ങൾ മാറുന്നതിനു പല കാരണങ്ങളുള്ള കൂട്ടത്തിൽ സമത്വവും സ്വാതന്ത്ര്യവും ഒട്ടും അപ്രധാനങ്ങളല്ലാ, എന്നു അല്പം ആലോചിച്ചാൽ കാണാം. കുട്ടിക്കാലത്തു പട്ടിയുടേയും പൂച്ചയുടേയും മററും പഴങ്കഥകൾ പറഞ്ഞു വല്ലത്തമ്മമാർ നമ്മെ രസിപ്പിക്കാറുണ്ടായിരുന്നല്ലൊ. അവയെ മനുഷ്യനോടൊപ്പം കല്പിക്കനിമിത്തമല്ലേ നമുക്ക് അവയോടു അനുഭാവമുണ്ടായതു്? ദേവയോനികളേയും, സാക്ഷാൽ ദൈവത്തെത്തന്നെയും, മനുഷ്യരായി അവതരിപ്പിച്ചിട്ടാണല്ലൊ പൌരാണികർ നമ്മെ ആനന്ദിപ്പിക്കുന്നതു്. ഏതിലും നമുക്കു രസം ജനിക്കണമെങ്കിൽ ആത്മഭാവം അതിൽ പ്രതിഫലിക്കണം. "ആത്മവൽസൎവ്വഭൂതാനി" എന്നതിന്റെ ബാഹ്യചേഷ്ടകളാണു സമുദാചാരങ്ങൾ എന്നു വരുമ്പോൾ, തങ്ങൾക്കുള്ള മാററം അവയേയും പരാമൎശിക്കുമെന്നുള്ളതു സിദ്ധമാകുന്നു.

പ്രഭവിഷ്ണുതയ്ക്കു മൂല്യമിരിക്കുന്ന കാലത്തോളം സമുദായം ജാതിതിരിഞ്ഞു വൎത്തിക്കാനല്ലാതെ തരമില്ല. കുലംകൊണ്ടും, ധനംകൊണ്ടും, വൃത്തികൊണ്ടും മനുഷ്യർ വൎഗ്ഗം പിരിഞ്ഞിരിക്കുമ്പോൾ പരസ്പരം സഹോദരഭാവം ആന്തരമായി ഉണ്ടാകാൻ പ്രയാസം. അവ്വണ്ണമല്ല സമത്വോപജ്ഞമായ സ്വാതന്ത്ര്യബുദ്ധിയുളവാകുമ്പോൾ; അപ്പോൾ ഒരേ തറവാട്ടുകാരെപ്പോലെ സമുദായത്തിലുള്ളവൎക്കെല്ലാം അന്യോന്യം അനുഭാവം കൂടിവരാനിടയുണ്ടു്. ഭിന്നജാതികൾ തമ്മിലും വളരെ അടുപ്പമുണ്ടാകാം; എങ്കിലും ആ ഇണക്കം സമുദായസാമാന്യത്തെയല്ല, വ്യക്തികളെയാണ് സ്പൎശിക്കുന്നതു്. ജാതിമര്യാദ, ആചാരം, വഴക്കം, ശീലം ഇവ അവൎക്കു ഭിന്നങ്ങളാകുന്നു. ഒന്നിനുള്ളതു മററുള്ളവൎക്കു ചേരാത്തതാകാം. ബ്രാഹ്മണനു യുക്തമെന്നു തോന്നുന്നതു ചണ്ഡാലനു പുച്ഛമാകാം; നേരെമറിച്ചും, ചണ്ഡാലാചാരം ബ്രാഹ്മണനെ പതിതനാക്കുന്നു. അവരുടെ ചിത്തവൃത്തികൾ

ക്കു ഏറെ അകൽച്ചയുള്ളതു നിമിത്തം ഒന്നിച്ചുചേരാൻ നിർവ്വാഹമില്ല. തന്നെപ്പോലെയാണു് മററുള്ളവരും എന്നുള്ള ബോധം അവർക്കു തമ്മിൽ ഉണ്ടാകാൻ പ്രയാസം. അവർക്കു അന്യോന്യം,

"അഭ്യക്തമിവസ്നാതഃ, ശുചിരശുചിമിവ
പ്രബുദ്ധ ഇവസുപ്തം
ബദ്ധമിവസ്വൈരഗതിഃ" എന്ന മട്ടിൽ ഒരു വെറുപ്പുതോന്നാതെ വരികയില്ല.

ജാതികൊണ്ടു ഭിന്നിച്ചവർ തമ്മിൽ സഹോദരത്വമുണ്ടായില്ലെങ്കിലും അവർ പരസ്പരസഹായികളാകാതെ വരുന്നില്ല. സ്വധർമ്മാചാരനിഷ്ഠകൂടിയ ഹിന്ദുസ്ഥാനത്തിൽ പല ജാതിക്കാരെ തമ്മിൽ കൂട്ടിക്കെട്ടിയിരിക്കുന്ന സമ്പ്രദായം ഒന്നു വേറെതന്നെയാണു്. വൈദികവും ലൌകികവും ആയുള്ള സകല പ്രവൃത്തികൾക്കും എല്ലാവരേയും കൂട്ടിയിണക്കിവെച്ചിട്ടുണ്ടു്. ചങ്ങലയിലെ കണ്ണികൾ എന്നവണ്ണം കോർത്തു പിണഞ്ഞിരിക്കുന്ന കെട്ടുപാടിൽനിന്നു വിട്ടുപോകാൻ ആർക്കും അത്ര എളുപ്പമല്ല. വെള്ളക്കാരുടെയിടയിലാകട്ടെ, ജന്മികുടിയാൻ, അല്ലെങ്കിൽ പ്രഭുദാസൻ എന്നതുകൊണ്ടു മാത്രമാണു് പല ജാതിക്കാരെ കൂട്ടിപ്പിണച്ചിരിക്കുന്നതു്. ആ കെട്ടു കൊടുമ്പിരികൊള്ളാത്തതാകയാൽ, എളുപ്പം അഴിക്കാം. അതുകൊണ്ടാണു് യൂറോപ്യൻരാജ്യങ്ങളിൽ ജാതിഭേദം എത്രയോ മുമ്പുതന്നെ അസ്തമിച്ചതു്. ഭാരതഭൂമിയിലങ്ങനെയല്ല. ചോറുകൊണ്ടും കൂറുകൊണ്ടും, ശക്തികൊണ്ടും ഭക്തികൊണ്ടും, മതംകൊണ്ടും ധർമ്മംകൊണ്ടും ജാതികളെ കൂട്ടിക്കെട്ടിയിരിക്കുന്നു. കയ്യും കാലും മാത്രം ബന്ധിച്ചിരുന്നാൽ എത്രയോ മുമ്പുതന്നെ പുള്ളികൾ തടവുചാടിപ്പോകുമായിരുന്നു. ബുദ്ധിയും മനസ്സുംകൂടി പിടിച്ചുകെട്ടിയിരിക്കുന്നതിനാലത്രേ, കെട്ടുപാടു് ഇന്നും നിലനില്ക്കുന്നതു്.

ഭിന്നജാതികൾ തമ്മിലുണ്ടാകുന്ന ഉതവി ചിലപ്പോൾ നമുക്കു് ആശ്ചര്യമുളവാക്കുന്നു. യജമാനനുവേണ്ടി ഭൃത്യൻ ചെയ്യുന്ന സാഹസം സോദരന്മാർപോലും ചെയ്യുന്നില്ല. യജമാനന്റേതിൽനിന്നും തുലോം താണതാണു തന്റെ നില എന്നറിഞ്ഞുകൊണ്ടുതന്നെ ഭൃത്യൻ അയാൾക്കുവേണ്ടി പ്രാണത്യാഗം ചെയ്യുന്നു. അപ്രകാരം ചെയ്യുന്നതു സഹതാപബുദ്ധികൊണ്ടല്ല, കൃത്യബോധംകൊണ്ടു മാത്രമാണു്. ഇതിലൊട്ടും അത്ഭുതപ്പെടാനില്ല. സമുദായാചാരങ്ങൾ ഈശ്വരകല്പിതങ്ങളല്ല, മനുഷ്യസൃഷ്ടങ്ങളാണു്; ഒരാൾ മറെറാരുത്തനെ ഇന്നവിധം ഭാവിക്കണമെന്നു പ്രകൃത്യാ യാതൊരു നിബന്ധനയുമില്ല; സമുദായത്തിന്റെ സുസ്ഥിതിക്കുവേണ്ടി മനുഷ്യൻ നിർമ്മിച്ച നിയമമാണു്. മനുഷ്യസാമാന്യത്തിന്റെ ക്ഷേമം ഈശ്വരനു മാത്രമേ അറിഞ്ഞുകൂടൂ. അതുകൊണ്ടു തത്തജ്ജാത്യനുഗുണങ്ങളായ മര്യാദകൾ ഏർപ്പെട്ടു. ജാതിവ്യത്യാസം കുറഞ്ഞു സമത്വം ഏറിവരുന്തോറും ആചാരങ്ങൾക്കു വ്യത്യാസവും വരാതെ തരമില്ലല്ലോ.

നമ്മുടെ ധർമ്മശാസ്ത്രങ്ങളിൽ ഇതിന്നു നൂറായിരം ഉദാഹരണങ്ങളുണ്ടു്. ബ്രാഹ്മണൻ കൊലപാതകം ചെയ്താൽ ചാന്ദ്രായണവ്രതംകൊണ്ടു പാപം തീരും; ശൂദ്രൻ മോഷ്ടിച്ചാൽ വധ്യനാണുപോൽ! ബ്രഹ്മഹത്യയെ കവിഞ്ഞു മഹാപാപമില്ല; ചണ്ഡാളനെ ദുഷ്ടജന്തുക്കളെപ്പോലെ ഹിംസിക്കുന്നതു പുണ്യമാണത്രെ! യാഗത്തിൽ പശുഹിംസ വിഹിതമാണു്; ശ്രാദ്ധത്തിൽ സുരാപാനം സാധുവാണു്; എന്നിങ്ങനെയുള്ള വിധികൾക്കു വൈദികദൃഷ്ട്യാ എത്ര സാധുത്വം കല്പിച്ചാലും, ലൌകികദൃഷ്ട്യാ പക്ഷഭേദത്തെ വ്യഞ്ജിപ്പിക്കതന്നെ ചെയ്യുന്നു. ഈവക അസമത്വം, പ്രഭവിഷ്ണുതാബോധം സ്ഥായിയായിരിക്കുന്നിടത്തോളം കാലമേ ന്യായവും അനുഷ്ഠേയവുമായിവരികയുള്ളു.

എന്നാൽ പൂർവ്വന്മാരെക്കാൾ നമുക്കു ഇന്നു ആർദ്രത കൂടീട്ടുണ്ടോ? ഉണ്ടെന്നു പറയാൻ തരമില്ല; വ്യാപ്തി കൂടീട്ടുണ്ടു്, നിശ്ചയം. സമത്വമേറുന്ന ക്രമത്തിന്നു സാഹോദര്യവും വർദ്ധിക്കുന്നു; അന്യന്റെ ക്ലേശം നമുക്കു വന്നാലോ എന്നു തോന്നുന്നു. അപ്പോൾ ശത്രുവായാലും മിത്രമായാലും, പരന്റെ സങ്കടത്തിൽ നാം പങ്കുകൊള്ളുന്നു; അതിന്നു പരിഹാരമുണ്ടാക്കാൻ ശ്രമിക്കുന്നു. എങ്കിലും ഈ സഹതാപത്തിന്നു് ഒരതിരുണ്ടു്. മററുള്ളവരോടു എത്ര അലിവുണ്ടായാലും, തങ്ങൾക്കു മെയ്യിൽതട്ടുന്ന സങ്കടംവരുത്താൻ ആർക്കും ഒരുക്കമുണ്ടാവില്ല. അങ്ങനെയല്ല പണ്ടു്; ജീവനെ ഉപേക്ഷിച്ചിട്ടും എജമാനനെ ഭൃത്യൻ സഹായിക്കും; പ്രഭുവിനെ ആപത്തിൽനിന്നു രക്ഷിക്കും. ഇന്നു ദാക്ഷിണ്യം ധാരാളമുണ്ടെങ്കിലും ആത്മരക്ഷവിട്ടു് ആരും അതു കാണിക്കയില്ല. ഇതാണു് അന്നുമിന്നുമുള്ള ഭേദം.

ഇന്നത്തെ ദണ്ഡനീതി ദാക്ഷിണ്യത്തിന്റെ കൂടുതൽ വ്യാപ്തിയെ ലക്ഷീകരിക്കുന്നു. സ്വയംഭരിഷ്ണുത വർദ്ധിച്ചുവരുന്നതോടുകൂടി ശിക്ഷാവിധികൾ ലഘുതരങ്ങളായിട്ടുണ്ടു്. കൊലക്കുററത്തിന്നുപോലും മരണശിക്ഷ വിധിച്ചുകൂടെന്നുള്ള അഭിപ്രായം സാധാരണയാണു്. തെളിവുനിയമത്തിന്നു കർക്കശത കൂടിക്കൂടി നിസ്സന്ദേഹമായ തെളിവുകൂടാതെ കുററം സ്ഥാപിച്ചു ശിക്ഷിച്ചുകൂടെന്നും, ശങ്കാലേശമുണ്ടായാൽതന്നെ പുള്ളിയെ വെറുതെ വിടേണ്ടതാണെന്നും തിട്ടമായിട്ടുണ്ടു്. പ്രായപൂർത്തിവരാത്ത കുററക്കാരെ കാരാഗൃഹത്തിലല്ല, വിദ്യാലയത്തിൽ പാർപ്പിച്ചു ശീലസംസ്കരണം ചെയ്യണമെന്നാണു ചട്ടം. ബാലന്മാരെ മാത്രമല്ല, യുവാക്കളെക്കൂടിയും കുററം ചെയ്താൽ 'ബാർസ്റ്റൽസ്കൂൾ' എന്നുള്ള തൊഴിൽശാലകളിലാണു് ആക്കേണ്ടതെന്നു പല രാജ്യങ്ങളിലും നിയമമുണ്ടായിട്ടുണ്ടു്. ചുരുക്കത്തിൽ, കുററക്കാരനു് അപരാധമൊഴിയാൻ പല ഉപായങ്ങളും സൃഷ്ടങ്ങളായിരിക്കുന്നു. സതീദാഹം അനുഷ്ഠിക്കുന്നതും, അടിമവ്യാപാരം ചെയ്യുന്നതും കഠിനശിക്ഷക്കു കാരണമായിരിക്കുന്നതിന്റെ രഹസ്യം ദാക്ഷിണ്യത്തിന്റെ കൂടുതൽ വ്യാപ്തി തന്നെയാണു്. പ്രാണിഹിംസാനിരോധനതത്വം ഇതരജീവിക

ളിൽ മനുഷ്യർക്കുള്ള സുഖദുഃഖാരോപണമാകുന്നു. ബുദ്ധമതപ്രചാരത്തിന് ഉതകിയതും അതുതന്നെ. ഇന്നു യുദ്ധങ്ങൾ ഇല്ലാതാക്കുന്നതിനു മഹാരാജ്യങ്ങൾ തമ്മിൽ സന്ധിചെയ്യുന്നതിനും, സാംയുഗീനസാമഗ്രികളെ കുറയ്ക്കുന്നതിനു സർവ്വരാജ്യസമിതി നിർബ്ബന്ധിക്കുന്നതിനും നിദാനം മറ്റൊന്നുമല്ല. പണ്ടു യുദ്ധങ്ങളിൽ നടന്നിട്ടുള്ള ദ്രോഹങ്ങൾക്കു കയ്യും കണക്കുമില്ല. അവയെ സ്മൃതികാരന്മാർപോലും നിരോധിച്ചിട്ടില്ല. ജിതനായ ശത്രുവിനെ രഥത്തിൽ കെട്ടിയിഴച്ചുവന്ന റോമന്മാരുടേയും, ശൂലത്തിൽ കുത്തിനിറുത്തിയ മൂർഖുകളുടെയും അക്രമങ്ങൾ ഇന്നു ചരിത്രത്തിൽ വായിക്കുമ്പോൾപോലും അസഹ്യമായ സങ്കടം തോന്നുന്നുണ്ട്. ഇന്നാകട്ടെ, യുദ്ധത്തിൽ പിടിച്ചവരെ രക്ഷിക്കയും, മരിച്ചവർക്കു യുക്തമായ സ്മാരകം ഉണ്ടാക്കുകയുമാണു ചെയ്യുന്നതു്. ഇതു് ദാക്ഷിണ്യത്തിന്റെയും സമബുദ്ധിയുടേയും പ്രചാരംകൊണ്ടല്ലാതെ വരുമോ? "സമബുദ്ധിർവ്വിശിഷ്യതേ."

---

# വർഷാനദി

(കേക)

(വെള്ളാശ്ശേരിൽ ഗോവിന്ദമേനോൻ)

കല്ലോലകളകള കങ്കണക്വാണംപൂണ്ടു-
മുല്ലസത്തുവെൺനുര പ്പുഞ്ചിരിപൊഴിച്ചുമേ
സ്സ്മിതകൌതുകമൊരു വാഹിനിയിതാപുരു-
ശീതളഹൃദന്തയായ് സരസംചരിക്കുന്നു.
ആനീലക്കാർമേഘമിന്നേകിയ സമ്പുഷ്ടിയാ-
ലിനദിതന്നത്താകെ വിസ്മരിച്ചുവോതീരെ!
ഉന്നതവൃക്ഷങ്ങളോടൊന്നിച്ചുകൂലങ്ങളെ-
യിന്നിതുതല്ലിത്തകർത്തീടുന്നു മദോൽക്കടം.
അക്കൊടുംവേനൽനിന്നെ ക്കഠിനംവരട്ടവേ
നൽക്കുടപിടിച്ചതി ക്കൂലദാരുക്കളല്ലി?
അന്നുനിൻമഹിമയെ പ്പാലിച്ചകയങ്ങളെ-
യിന്നുനീവട്ടംചുഴ റ്റീടുന്നതെന്തിങ്ങനെ!
ആകമ്രംവെൺപഞ്ചാര കാഴ്ചയായതളിന
സൈകതത്തട്ടുമിന്നാ ളാകവേതകർത്തുനീ.
നിൻനിലയില്ലായ്മയു മെന്തെന്നില്ലാത്തപോക്കു-
മൊന്നാടുക്കുവാൻകൂടി പ്പേടിനല്കുന്നിതാർക്കും.
പുഷ്ടഗാത്രി,നീയേതും വിസ്മരിക്കൊലാ,പാറ-
ക്കൂട്ടമാം[illegible]ഥലിക്കൂട മുന്തിയമാത്തട്ടോടും

ജീവനവിഹീനയായ് കേവലംപരിതാപ-
ഭാവമാർന്നാൾഹന്ത! മേവിനകഥയെല്ലാം.
ശരി,നീയറിയാതെ വീഴ്ത്തിയതീന്ദ്രമ-
നിരയേയക്ഷടസ്സോട മന്നല്ലചുംബിക്കുന്നു;
ഊർമ്മിയാംകരങ്ങളാൽ തഴുകീടുന്നു;പര-
മോർമ്മയുണ്ടായി,നിന ക്കന്നത്തെയുപകാരം.
കേവലപ്രശംസയെ ക്കാംക്ഷിച്ചോ,വദാന്യത
പാവനോദാരധർമ്മ മെന്നുതാൻകരുതിയോ,
പാറമേലലകൾവന്ന ലയ്ക്കപ്പോൾപങ്ങളിൽ
വാരിനീവിതറുന്ന രാരൊളിത്തുമുത്തുകൾ.
വർഷവേനലുകളാ ലീശപരൻജഗത്തിന്നു
ഹർഷതാപങ്ങളേകി ക്കളിപ്പൂകൃപാനിധി.

---

# അദ്ധ്യാപനപദ്ധതി

## വാക്യരചന

---

(എം. ജെ. അബ്രഹാം.)

വാക്യരചനയെ ഭാഷാവിഷയത്തിന്റെ ഒരു പ്രധാനഭാഗമായി കരുതേണ്ടതാണ്. വാദമുഖം വിടാതെ (വിഷയവ്യതിയാനംകൂടാതെ) യും ക്ലിപ്തമായും യുക്തിപൂർവ്വമായും സംസാരിക്കുന്നതു് സൂക്ഷ്മമായ ആലോചനയുടെ ഒരു ലക്ഷണമാകുന്നു. ശത്രുക്കളെപ്പോലും വശീകരിച്ചു് മിത്രങ്ങളാക്കുന്നതിനു് സംഭാഷണചാതുര്യത്തിനു ശക്തിയുണ്ടു്. വായ്മൊഴിപ്രയോഗത്തിൽ സാമർത്ഥ്യം കുറഞ്ഞിട്ടുള്ള ഒരുവനു് എത്രതന്നെ വ്യുൽപ്പത്തിയുണ്ടായിരുന്നാലും അതു് അവസരാനുസരണം പ്രശോഭിക്കയില്ല. ജീവിതനടനത്തിനു് വാങ്മൂലരചന അത്യന്താപേക്ഷിതമായിരിക്കുന്നു. രേഖാമൂലരചന ജീവിതത്തിൽ അത്രതന്നെ സർവ്വസാധാരണമായി ആവശ്യപ്പെടുന്നില്ല. രേഖാമൂലരചനക്കു് വാങ്മൂലരചനയെ അപേക്ഷിച്ചു് സമയവും സൗകര്യവുമുള്ളതിനാൽ കഴിയുന്നതും തെററുവരാതെ സൂക്ഷിക്കാം. നല്ല പദങ്ങൾ തിരഞ്ഞെടുക്കുന്നതിനോ പ്രയോഗിച്ച പദം മാററുന്നതിനോ വാങ്മൂലരചനയിൽ സൗകര്യമില്ല. സന്ദർഭോചിതമായ പദങ്ങളും വാക്യങ്ങളും പെട്ടെന്നു് പ്രയോഗിക്കേണ്ടിവരുന്നു. പ്രയോഗിച്ചുപോയ പദം അഥവാ വാക്യം തെററന്നു ബോധിച്ചാൽ അതിനെ അന്യർ അറിയാതെയും സ്വന്തപ്രാപ്തിക്കുറവു് വെളിപ്പെടുത്താതെയും തിരുത്തുവാൻ സാ

ധിക്കുന്നതല്ലല്ലോ. രേഖാമൂലരചനക്കു ഭാഷയിൽ പ്രത്യേകമൊരു വിലയും സ്ഥാനവും ഉണ്ടെന്നുള്ളതും അറിഞ്ഞിരിക്കേണ്ടതാണ്. കത്തെഴുതുന്നതിനും എന്തെങ്കിലും സംഗതികൾ കുറിക്കുന്നതിനും രചനയുടെ സഹായംകൂടിയേ തീരൂ. ശുദ്ധമായ ഭാഷയും നവീനാശയങ്ങളും ക്രമീകരിച്ചുള്ള പ്രതിപാദനരീതിയുമാണ് ഉപന്യാസങ്ങൾക്കു വൈശിഷ്ട്യമുണ്ടാക്കുന്നതു്. രചനാപരിശീലനം ഇവയുണ്ടാകുന്നതിനു സഹായമായിരിക്കുന്നു.

രചനാസാമർത്ഥ്യം മുഖ്യമായി അനുകരണംകൊണ്ടാണ് ഉണ്ടാകുന്നതു്. ഓരോ നിത്യകൃത്യങ്ങൾക്കാവശ്യമായ സംസാരം മുഖേന ശിശുക്കൾ മററുള്ളവരെ അനുകരിച്ചു രചന നടത്തുന്നുണ്ടെങ്കിലും അതു് അബദ്ധസമ്മിശ്രമായിരിക്കും. ഭാഷാജ്ഞാനമുള്ളവരോടു പതിവായി സംഭാഷണം ചെയ്യുന്നവർ തെററുകൂടാതെ സംസാരിക്കയും നല്ല ഗ്രന്ഥങ്ങൾ വായിച്ചു പരിചയിച്ചിട്ടുള്ളവർ ശുദ്ധമായ ഭാഷയിൽ എഴുതുകയും ചെയ്യുന്നതായി കാണാറുള്ളതു് അനുകരണത്തിൻെറ ഫലമത്രേ. ശിശുക്കൾ സന്ദർഭാനുസരണം പറയുന്ന "അല്ല, ഇല്ല, അതേ, വേണം," ഇത്യാദി പദങ്ങൾ രചനയിൽ ഉൾപ്പെടുന്നു. നമ്മുടെ ചോദ്യങ്ങൾക്കുത്തരമായി വാക്യഖണ്ഡമോ വാക്യമോ ചമയ്ക്കുന്ന ബാലൻ അതിനെ സംബന്ധിച്ചിടത്തോളം ഒരു രചയിതാവുതന്നെ ആണെന്നു പറയുന്നതിൽ അസാംഗത്യമില്ല. രേഖാമൂലരചന ആദ്യവേളയിൽ ആരംഭിക്കുക സുകരമല്ല. ആരംഭഘട്ടത്തിൽ രചന വാങ്മൂലം ഒററപ്പദങ്ങളായും വാക്യഖണ്ഡങ്ങളായും ഇരിക്കാവുന്നതാണെന്നും അതേ സാധിക്കൂ എന്നും ധരിക്കേണ്ടതാണ്. ആദ്യഘട്ടത്തിൽ, സംഭാഷണത്തിനു കുട്ടികളെ പ്രോത്സാഹിപ്പിക്കേണ്ടതായിരിക്കയാൽ അവരുടെ വാക്ക് പ്രയോഗസ്വാതന്ത്ര്യത്തെ തടയത്തക്കവണ്ണം വാക്യരൂപങ്ങളെപ്പററി അത്ര അധികം നിഷ്കർഷിക്കരുതു്. കുട്ടികൾക്കു പരിചയമുള്ളതായ വസ്തുക്കളെപ്പററി അവരുമായി സംഭാഷണം നടത്തുക. സംഭാഷണത്തിൽ കുട്ടികൾ പറയുന്ന ഉത്തരത്തിനു യാതൊരു ന്യൂനതയും ഉണ്ടാകാതിരിക്കത്തക്കവണ്ണവും ഉത്തരങ്ങൾക്കു പരസ്പരബന്ധവും ഒരു ക്രമീകരണവും ഉണ്ടായിരിക്കത്തക്കവണ്ണവും ചോദ്യങ്ങൾ ശരിപ്പെടുത്തിയിരിക്കേണ്ടതു് അദ്ധ്യാപകൻെറ ചുമതലയാണ്. സംഭാഷണസാമർത്ഥ്യം സാമാന്യം ഉണ്ടായതിനുശേഷം പൂർണ്ണവാചകത്തിൽ ഉത്തരം പറയിക്കുന്നതിനും പറയിക്കുന്ന ഉത്തരം ഭാഷാദുഷ്ട്യമില്ലാത്തതായിരിക്കുന്നതിനും നിഷ്കർഷ പതിക്കേണ്ടതാണ്. തെററുന്ന ഭാഗങ്ങൾ നിവൃത്തിയുള്ളിടത്തോളം അവരവരെക്കൊണ്ടുതന്നെയും അതു സാധിക്കാത്തപക്ഷം സഹപാഠികളെക്കൊണ്ടെങ്കിലും തിരുത്തിക്കണം.

ഒന്നാം ക്ലാസ്സിൽ മിക്കവാറും വാങ്മൂലരചനമതിയാകും. സ്കൂൾവർഷത്തിൻെറ അവസാനഘട്ടത്തിൽ ചുരുക്കം ചില രേഖാരചനയും ആകാവുന്നതാണ്. ഒന്നാംക്ലാസ്സിലെ പാഠപദ്ധതിയിൽ നിർദ്ദേശിച്ചിരിക്കുന്നതു്,

വാങ്മൂലരചന മതി എന്നും, ചോദ്യങ്ങൾക്കു ലഘുവാക്യത്തിൽ ഉത്തരം രൂപീകരിക്കുന്നതിനും പ്രകൃതിപാഠത്തെയും കഥകളെയും സംബന്ധിച്ച കാൎയ്യങ്ങൾ പുസ്തകത്തിൽ പറയുന്നതിനും, പരിചിതസാധനങ്ങളെ സംബന്ധിച്ച ചെറുവിവരണങ്ങൾ തലവാചകമനുസരിച്ച് സാംഗത്യഭംഗം വരാതെ ലഘുവാക്യങ്ങളായി രൂപീകരിക്കുന്നതിനും കഴിവുണ്ടാകണമെന്നുമാണ്. പഠിപ്പിച്ച (അഥവാ ക്ലാസ്സിൽ പറഞ്ഞുകേൾപ്പിച്ച് ചോദ്യംമൂലം ക്രമീകരിച്ചു ദൃഢപ്പെടുത്തിയ) കഥയും പ്രകൃതിപാഠം സംബന്ധിച്ചും പരിചിതസാധനങ്ങളെ സംബന്ധിച്ചും ഗ്രഹിച്ചിട്ടുള്ള സംഗതികളുടെ അവാന്തരവിഭാഗമനുസരിച്ചുള്ള ചെറുവിവരണവും പറയുന്നതിനു സാമൎത്ഥ്യമുണ്ടാക്കണം. വിവരണം അടുക്കനുസരിച്ചുള്ള വിവിധചോദ്യങ്ങൾമൂലം കുട്ടികളെക്കൊണ്ടു പറയിക്കണമെന്നല്ലാതെ ആദ്യന്തം ക്രമമനുസരിച്ച് വിവരിപ്പിക്കുക പ്രായോഗികമാണെന്നു തോന്നുന്നില്ല. ഉച്ചാരണശുദ്ധിയിലും ശ്രദ്ധ പതിക്കണം. അസംഭാവ്യമോ അലൗകികമോ അല്ലാത്ത കഥകൾ ഉപയോഗിക്കുന്നതാണുത്തമം. കഥകൾ രസജനകങ്ങളും സന്മാൎഗ്ഗോദ്ദീപകങ്ങളുമായിരിക്കേണ്ടതാണ്.

കൊച്ചുകുട്ടികൾക്കുള്ള രചനാപാഠങ്ങൾ ആശയലാഘവമുള്ളവയായിരിക്കണം. സംഗതികൾ ചെറുവാക്യത്തിൽ അടക്കാവുന്നതുമായിരിക്കണം. അദ്ധ്യാപകൻ എന്തെങ്കിലും ഒരു പ്രവൃത്തിചെയ്യുക. അനന്തരം അവിടെ നടന്നത് എന്തെന്നുചോദിച്ചു ഉത്തരം പറയിക്കുക. ദൃഷ്ടാന്തമായി പേനാക്കത്തി അല്ലെങ്കിൽ ചാക്കുകഷണംകാണിച്ച് ഇതെന്തെന്നു ചോദിക്കുക. അതു മേശപ്പുറത്തുവയ്ക്കുക; എടുക്കുക; ഒരു കുട്ടിയുടെ കൈയിൽ കൊടുക്കുക; തിരികെ വാങ്ങിക്കുക; ഇത്യാദി ഓരോന്നു ചെയ്ത് അപ്പോഴെല്ലാം അതിനെ സംബന്ധിച്ചു ചോദിച്ചു കഴിയുന്നതും പൂൎണ്ണവാക്യത്തിൽ ഉത്തരം പറയിക്കുക. പലരും പലവിധത്തിൽ ഉത്തരം പറഞ്ഞേക്കാം. ഉത്തരമായി പറയുന്ന വാചകം സംഗതിയെ വ്യക്തമാക്കുന്നുണ്ടോ എന്നും ഏതെങ്കിലുംതരത്തിൽ ന്യൂനതയുള്ളതാണോ എന്നും ശ്രദ്ധിക്കണം. ഏററവും നല്ല വാക്യംകിട്ടുന്നതുവരെ ഓരോന്നിലുമുള്ള ന്യൂനത സൂചിപ്പിച്ചു പലരോടും ചോദിക്കാം. ഏററവും നല്ലവാക്യം ഉത്തരമായി കിട്ടുമ്പോൾ അതു പലരെക്കൊണ്ടും അനുകരിപ്പിക്കുകയും പ്രയോജനമുണ്ടെന്നു തോന്നുന്നപക്ഷം ബോർഡിൽ എഴുതുകയും ചെയ്യണം.

കഥ വായിച്ചുകേൾപ്പിക്കുന്നതിനെക്കാൾ നല്ലത് പറഞ്ഞുകേൾപ്പിക്കുകയാകുന്നു. വായിച്ചുകേൾപ്പിച്ചാൽ കുട്ടികളുടെ സ്വതന്ത്രഗതിക്കു ഒരല്പം പ്രതിബന്ധം തോന്നാവുന്നതും കുട്ടികൾ എഴുതുന്നതിൽ അഥവാ പറയുന്നതിൽ പുസ്തകരീതി അല്പാല്പമായിട്ടെങ്കിലും അവിടവിടെ ഉണ്ടാകാവുന്നതുമാണ്. ഇത് സ്വാശ്രയശക്തിപോഷണത്തിന് ഹാനികരമായിത്തീരാനിടയുണ്ട്. കൂടാതെ വായിച്ചുകേൾപ്പിക്കുമ്പോൾ സന്ദർഭാനു

സരളമായ ആംഗ്യങ്ങൾക്കു വേണ്ടപോലെ സൗകൎയ്യം ലഭിക്കുന്നില്ല. അദ്ധ്യാപകനു കുട്ടികളുടെ മുഖഭാവംകണ്ടു സ്വരം മുതലായവയെ ക്രമപ്പെടുത്താൻ സാധിക്കുകയില്ല. കുട്ടികളുടെ രസത്തെ ഉദ്ദീപിപ്പിക്കുന്നതിനനുകൂലമായവിധം അദ്ധ്യാപകന്റെ ദൃഷ്ടിയും മുഖഭാവവും ഉപയോഗപ്പെടുത്തുന്നതിനുള്ള സ്വാതന്ത്ര്യം കുറയുന്നു. കഥ കുട്ടികളെ ഗ്രഹിപ്പിച്ചതിനു ശേഷം അതിന്റെ ഒന്നാമത്തെ വാചകം ഒരു കുട്ടിയെക്കൊണ്ടു രചിപ്പിക്കുക. അതു് ബോർഡിൽ എഴുതിയോ അല്ലാതെയോ മററു കുട്ടികളെക്കൊണ്ടു നിരൂപണം ചെയ്യിക്കുക. വായിക്കുന്നതിനു കുട്ടികൾക്കു പ്രാപ്തിയുള്ള പക്ഷം ബോർഡിൽ എഴുതുന്നതുനന്നു്. ആവശ്യമെന്നു തോന്നുന്ന ഭേദഗതികൾ വരുത്തി ശരിയാക്കുക. ഇതുപോലെ അനന്തര വാക്യങ്ങളും ഓരോന്നായി ശരിപ്പെടുത്തി വെക്കുക. ഇങ്ങനെ കഥമുഴുവൻ അദ്ധ്യാപകസഹായത്താൽ ഖണ്ഡശഃ പറയിച്ചു ശരിപ്പെടുത്തി ബോർഡിൽ എഴുതിയതിന്റെ ശേഷം കുട്ടികളെക്കൊണ്ടു സ്വന്തവാചകത്തിൽ പറയിക്കുകയോ എഴുതിക്കുകയോ ക്ലാസ്സിന്റെ പ്രാപ്തിപോലെ ചെയ്യാവുതാണു്. "ജോർജ്ജുകുട്ടിയുടെ സത്യസന്ധത, കാസബിയാൻകായുടെ അനുസരണം, കച്ചവടക്കാരനും അവന്റെ പട്ടിയും, റാബട്ട്ബ്രൂസും ചിലന്തിയും," ഇത്യാദി കഥകൾ ഇതിലേക്കു സ്വീകാൎയ്യമാണു്.

---

# കേരള സാഹിത്യ പരിഷത്തു്.

---

## ലഘുപത്രിക ൧.

---

പരിഷത്തിന്റെ ദ്വിതീയസമ്മേളനം ൨-ാം തീർപ്പിലെ അഭിപ്രായമനുസരിച്ചു്, ഇരുപത്തിയഞ്ചിൽ ഇരുപതു പേർ നിൎവ്വാഹകസംഘത്തിൽ അംഗസ്ഥാനം സ്വീകരിച്ചിരിക്കുന്നു. ൩-ാം തീർപ്പിലെ നിർദ്ദേശപ്രകാരം നിയമനിൎമ്മാതൃസംഘം തയ്യാർ ചെയ്ത നിയമാവലി, ൧൧൦൩ മിഥുനം ൧൨-ാംനു-യിലെ അറിയിപ്പുപ്രകാരം മിഥുനം ൨൪-ാംനു ഞായറാഴ്ച പകൽ ൨ മണിക്കു തൃശ്ശിവപേരൂർ വിവേകോദയം ഹൈസ്കൂളിൽവെച്ചു കൂടിയ നിൎവ്വാഹകസംഘത്തിൽ ഹാജരാക്കുകയും പരിശോധിച്ചു ഭേദഗതികളോടുകൂടി സ്ഥിരപ്പെടുത്തുകയും ചെയ്തു. മഹാമഹിമശ്രീ രാമവൎമ്മ അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ടു് (അദ്ധ്യക്ഷൻ), ബ്രഹ്മശ്രീ പുന്നശ്ശേരിനമ്പി നീലകണ്ഠശൎമ്മാ, രാജശ്രീ കെ. സി. വീരരായൻ രാജാ, ശ്രീമാൻ പി. വി. കൃഷ്ണവാരിയർ, ശ്രീമതി തോട്ടക്കാട്ടു മാധവി അമ്മ, ശ്രീമാൻ പാലിയത്തു് അനുജനച്ചൻ (കാൎയ്യദൎശി) എന്നീ ആറംഗങ്ങൾ യോഗത്തിൽ ഹാജരുണ്ടായിരുന്നു. തല്ക്കാലത്തേക്കു കാൎയ്യദൎശിയായ അനുജനച്ചൻ അവർകളെത്തന്നെ സംഘത്തിന്റെ ഖജാൻജിയായി നിയമിച്ചിരിക്കുന്നു. സ്ഥിരപ്പെടുത്തിയ നിയമാവലി ഇതോടുകൂടി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്.

നിയമാവലിയുടെ പ്രസിദ്ധീകരണംകൊണ്ടു പരിഷത്തിന്റെ ആകൃതി കുറിക്കുക മാത്രമേ ആകുന്നുള്ളൂ. പരിഷത്തിലെ അംഗങ്ങളായി പാലകസദസ്യരും വിശിഷ്ടസദസ്യരും ആജീവനസദസ്യരും സാധാരണസദസ്യരും ചേർന്ന ശരീരവും, വരിപിരിഞ്ഞു ജീവനും ഉണ്ടാകേണ്ടതായിട്ടാണിരിക്കുന്നത്. ആയതിന്നു കേരളക്ഷേമകാംക്ഷികളുടേയും, ഭാഷാപണ്ഡിതന്മാരുടേയും, ഭാഷാഭിമാനികളുടേയും, ഭാഷാപ്രണയികളുടേയും സഹായസഹകരണങ്ങൾ ഒഴിച്ചുകൂടാത്തതാകുന്നു. പരിഷത്തിന്റെ സകല ശ്രേയസ്സും അംഗങ്ങളുടെ സംഖ്യയേയും, ധനത്തിന്റെ സ്ഥിതിയേയും അപേക്ഷിച്ചാണു നിൽക്കുന്നത്. ഓരോ വകുപ്പിലും ചേരുവാനാഗ്രഹിക്കുന്ന സദസ്യർ അവരവരുടെ അപേക്ഷകളും, അടക്കേണ്ട അവകാശങ്ങളും, ശ്രീമാൻ പാലിയത്തു അനുജൻ അച്ചൻ—കാര്യദർശി—തൃശ്ശിവപേരൂർ, എന്ന മേൽവിലാസത്തിൽ അയക്കേണ്ടതാകുന്നു.

പിരിയുന്ന സംഖ്യകൾ പിടിപ്പതും ഉറപ്പുള്ള ബാങ്കിൽ അടക്കുന്നതും, നിയമാവലി ൧൭-ാംവകുപ്പു (ജ) എന്ന ഖണ്ഡത്തിലെ നിശ്ചയമനുസരിച്ചു നടക്കുന്നതും ആകുന്നു.

സാഹിത്യപരിഷത്
കാര്യാലയം, തൃശ്ശിവപേരൂർ.
൨൯—൧൧—൧൧൦൩.

രാമവർമ്മ (ഒപ്പ്)
അദ്ധ്യക്ഷൻ.

---

# നിയമാവലി

## ൧. പേര്.

ഈ പരിഷത്തിന്റെ പേരു "കേരളസാഹിത്യപരിഷത്തു" എന്നായിരിക്കണം.

## ൨. ഉദ്ദേശം.

ഈ പരിഷത്തിന്റെ ഉദ്ദേശം ഭാഷയ്ക്കു സർവ്വതോമുഖമായ അഭിവൃദ്ധി സമ്പാദിക്കുകയാകുന്നു.

## ൩. ഉദ്ദേശസാദ്ധ്യത്തിന്നുള്ള മാർഗ്ഗങ്ങൾ.

പരിഷത്തിന്റെ ഉദ്ദേശസാദ്ധ്യത്തിനായി താഴെ ചേർക്കുന്നതും, അതാതു സമയം യുക്തമെന്നു തോന്നുന്നതുമായ മാർഗ്ഗങ്ങളെ അവലംബിക്കാവുന്നതാകുന്നു.

ക. ഗവേഷണം:—കേവലഭാഷാചരിത്രം, ഭാഷാസാഹിത്യചരിത്രം, നിഘണ്ടു, (സാമാന്യശബ്ദനിഘണ്ടു, സാങ്കേതികശബ്ദനിഘണ്ടു), വ്യാകരണം, ദേശചരിത്രം, കലാചരിത്രം മുതലായ വിഷയങ്ങളിൽ ഗവേഷണം നടത്തുക.

ഖ. സംഭരണം:—i. പഴയഗ്രന്ഥങ്ങൾ, പഴയ രേഖകൾ, പ്രസിദ്ധംചെയ്ത പുസ്തകങ്ങൾ മുതലായവ അടങ്ങിയ ഒരു ഗ്രന്ഥശാല ഏർപ്പെടുത്തുക.

ii. ഭാഷാചരിത്രം മുതലായ ചരിത്രങ്ങൾ ഉണ്ടാക്കുവാൻ സഹായിക്കുന്നവയായ വസ്തുക്കൾ അടങ്ങിയ ഒരു പ്രദർശനശാല സ്ഥാപിക്കുക.

ഗ. നിർമ്മാണം:—കല്പിതങ്ങളും വിവർത്തിതങ്ങളും അനുകൃതങ്ങളും ആയ ഗ്രന്ഥങ്ങളുടെ നിർമ്മാണം.

സൂചനം:—ഇതിൽ ശാസ്ത്രഗ്രന്ഥങ്ങൾക്കു പ്രാധാന്യം കൊടുക്കേണ്ടതാകുന്നു.

ഘ. പ്രസാധനം:—ഇതുവരെ പ്രസിദ്ധപ്പെടുത്തിട്ടുള്ളതും പുതുതായി പ്രസിദ്ധംചെയ്യുന്നതും ആയ ഗ്രന്ഥങ്ങളെ പാഠശുദ്ധിചെയ്തു നന്നാക്കി പ്രസാധനം ചെയ്യുക.

ങ. മുദ്രണം:—ഭാഷാവ്യാകരണനിയമങ്ങൾക്കും ഭാഷാസാഹിത്യനിയമങ്ങൾക്കും വിരോധം കൂടാതെ മുദ്രണത്തിനുവേണ്ടുന്ന വ്യവസ്ഥകൾ ചെയ്യുക.

ച. വിമർശനം:—ശരിയായ രീതിയിൽ ഗ്രന്ഥങ്ങളെ വിമർശിച്ചു കാണിക്കുക.

ഛ. പ്രവർത്തനം:—വർത്തമാനപത്രങ്ങൾ, മാസികകൾ മുതലായവ ഉത്തമരീതിയിൽ നടത്തുക.

ജ. പ്രചാരണം:—ഗ്രന്ഥശാല, കലാശാല, പാഠശാല, പ്രസംഗം, പ്രദർശനം, ലഘുപത്രിക എന്നീ മാർഗ്ഗങ്ങളിൽകൂടി കേരളത്തിൽ എല്ലാ ദേശങ്ങളിലും ഭാഷാസാഹിത്യത്തിനു പ്രചാരം വരുത്തുക.

## ൪. സാമാന്യഘടന.

ക. പരിഷത്തിലെ അംഗങ്ങൾ,

൧. പാലകസദസ്യർ, ൨. വിശിഷ്ടസദസ്യർ

൩. ആജീവനസദസ്യർ, ൪. സാധാരണസദസ്യർ

ഇങ്ങനെ നാലു തരത്തിലായിരിക്കും.

ഖ. ൨൦൦ കയോ തത്തുല്യമായ മററു വിധത്തിലുള്ള സംഭാവനയോ കൊടുക്കുന്നവർ "പാലകസദസ്യ"രായിരിക്കുന്നതാണ്,

ഗ. സാഹിത്യക്ഷേത്രത്തിൽ ലബ്ധപ്രതിഷ്ഠരായിരിക്കണം "വിശിഷ്ടസദസ്യർ."

i. ഇവരുടെ സംഖ്യ പ്രത്യേകകാരണങ്ങളാലല്ലാതെ ഒമ്പതിൽ കവിയാവുന്നതല്ല.

ii. വിശിഷ്ടസദസ്യർക്കു സാധാരണസദസ്യരുടെ അധികാരങ്ങളെല്ലാം ഉണ്ടായിരിക്കുന്നതാകുന്നു. എന്നാൽ ഇവർ വരിപ്പണം കൊടുക്കുവാൻ ബാദ്ധ്യതപ്പെട്ടവരല്ല.

ഘ. പരിഷത്തിനുവേണ്ടി ൧൦൦ക. ഒരു കൊല്ലത്തിനിടക്കു സംഭാവനചെയ്യുന്നവരായിരിക്കും "ആജീവനസദസ്യർ."

ങ. സാധാരണസദസ്യർ ആണ്ടിൽ ൪ക. വീതം പരിഷത്തിനു വരിപ്പണം കൊടുക്കേണ്ടതാകുന്നു.

i. ഇവർ അംഗമായി ചേരുമ്പോൾ എട്ടണവീതം അവകാശം അടക്കേണ്ടതാകുന്നു.

ii. ചേരുന്ന കൊല്ലത്തിലടക്കേണ്ട വരിസംഖ്യ ചേർന്ന തിയതി മുതൽ മൂന്നു മാസത്തിനുള്ളിലും, കൊല്ലംതോറുമുള്ള വരിസംഖ്യ കൊല്ലത്തെ ആദ്യത്തെ മൂന്നു മാ

സത്തിനകവും കൊടുത്തു തീരേണ്ടതാകുന്നു. വഷപാദത്തിൽ എന്നു ചേന്നാലും ആ വഷപാദത്തിന്റെ ആദ്യം മുതൽ ക്രമപ്രകാരമുള്ള വരിസംഖ്യ അടക്കേണ്ടതാകുന്നു.

ച. മേൽപറഞ്ഞ നാലുതരം സദസ്യരേയും പരിഷത്തിൽ ചേക്കുവാനുള്ള അധികാരം നിവ്വാഹകസംഘത്തിന്നാകുന്നു.

ഛ. പരിഷത്തിന്റെ കൊല്ലം മേടത്തോടുമേടമായിരിക്കുന്നതാകുന്നു.

### ൬. സദസ്യരുടെ അവകാശങ്ങളും അധികാരങ്ങളും.

ക. സാഹിത്യപരിഷത്തിൽനിന്നു നടത്തുന്ന മാസിക എല്ലാ സദസ്യക്കും വിലകൂടാതെ കിട്ടുന്നതാകുന്നു.

ഖ. പരിഷത്തിൽനിന്നു പ്രസിദ്ധപ്പെടുത്തുന്ന എല്ലാ പുസ്തകങ്ങളുടേയും ഓരോ പ്രതി മൂന്നിൽ രണ്ടംശം വിലക്കു ഇവക്കു കിട്ടുന്നതാകുന്നു.

ഗ. പരിഷത്തുവക ഗ്രന്ഥശാലയിൽ ശേഖരിക്കുന്ന പുസ്തകങ്ങൾ മുതലായവ ശാലാദ്ധ്യക്ഷന്റെ അനുവാദത്തോടുകൂടി അവിടെവെച്ചു വായിക്കാവുന്നതാണ്.

ഘ. പരിഷത്തിന്റെ കാര്യവിചാരയോഗങ്ങളിൽ പരിഷത്തിലെ അംഗങ്ങൾക്കുമാത്രം സമ്മതിദാനത്തിന്നധികാരമുള്ളതാകുന്നു.

### ൭. കാൎയ്യനിവ്വഹണം.

ക. പരിഷത്തിന്റെ കാൎയ്യങ്ങൾ നിവ്വഹിക്കുന്നതിന്നു ഒരദ്ധ്യക്ഷനും രണ്ടു കാൎയ്യദശികളും ഒരു ഖജാൻജിയും ഉൾപ്പടെ ൧൫-ൽ അധികമാവാതെ അംഗങ്ങൾ അടങ്ങിയ ഒരു സംഘം ഉണ്ടായിരിക്കേണ്ടതാകുന്നു.

ഖ. ഈ സംഘാംഗങ്ങളെ കൊല്ലംതോറും വാഷികയോഗത്തിൽവെച്ചു തിരഞ്ഞെടുക്കേണ്ടതാകുന്നു.

ഗ. സംഘാംഗങ്ങളിൽ ഒഴിവു വന്നാൽ ആ സ്ഥാനത്തേക്കു ആളെ നിയമിക്കുവാൻ സംഘത്തിന്നു് അധികാരമുള്ളതാകുന്നു.

ഘ. സംഘത്തിന്റെ തലസ്ഥാനം തൽക്കാലം തൃശ്ശിവപേരൂർ ആയിരിക്കുന്നതാണ്.

### ൮. കാൎയ്യനിവ്വാഹകസംഘത്തിന്റെ അധികാരം.

ക. പരിഷത്തിന്റെ ആയവ്യയം തുടങ്ങിയ എല്ലാകാൎയ്യങ്ങളും സാധാരണയായി കാൎയ്യനിവ്വാഹകസംഘം നിവ്വഹിക്കേണ്ടതാകുന്നു.

ഖ. അടുത്ത കൊല്ലത്തേക്കുള്ള വരവു ചിലവുകളുടെ ഉദ്ദേശക്കണക്കു പരിഷത്തിന്റെ വാഷികയോഗത്തിൽ ഹാജരാക്കി അനുവദിപ്പിക്കേണ്ടതാകുന്നു.

ഗ. പരിഷത്തിന്റെ ആജ്ഞയെ നിവ്വഹിക്കുവാൻ ആവശ്യംപോലെ ഏതെങ്കിലും ശമ്പളക്കാരെ വെക്കുവാനും പിരിക്കുവാനും നിർവ്വാഹകസംഘാദ്ധ്യക്ഷന്നധികാരമുള്ളതാകുന്നു. എന്നാൽ തസ്തിക നിശ്ചയിക്കുന്നതു നിവ്വാഹകസംഘത്തിന്റെ അധികാരത്തിൽ പെട്ടതായിരിക്കും;

ഘ. പ്രത്യേകമായ ഏതെങ്കിലും കാൎയ്യനിവ്വഹണത്തിന്നു് ഉപസംഘങ്ങളെ സ്ഥാപിക്കാവുന്നതാകുന്നു.

ങ. ആവശ്യമുള്ളപ്പോഴൊ, പത്തിൽ കുറയാതെ നിൎവ്വാഹകസംഘാംഗങ്ങാം രേഖാമൂലം ആവശ്യപ്പെട്ടാലൊ അദ്ധ്യക്ഷന്റെ നിദ്ദേശപ്രകാരം കാൎയ്യദൎശി നിൎവ്വാഹകസംഘം വിളിച്ചുകൂട്ടേണ്ടതാകുന്നു.

ച. കാൎയ്യാലോചനവിഷയത്തിൽ തുല്യപക്ഷമാകുമ്പോാം അദ്ധ്യക്ഷപക്ഷം ബലപ്പെടുന്നതാകുന്നു.

ഛ. കാൎയ്യനിൎവ്വാഹക സംഘത്തിലെ യോഗങ്ങളിൽ സംഘാദ്ധ്യക്ഷൻ സഭാനാഥനായിരിക്കുന്നതും, അദ്ധ്യക്ഷനു സൌകൎയ്യമില്ലാത്തപക്ഷം സംഘാംഗങ്ങളിൽ ഒരാളെ തൽക്കാലത്തേക്കു നിശ്ചയിക്കുവാൻ സംഘത്തിന്നു അധികാരമുള്ളതും ആകുന്നു.

ജ. എന്തെങ്കിലും വിശേഷകാൎയ്യം അടിയന്തരമായി പ്രവൎത്തിക്കേണ്ടതായിവന്നാൽ ൧൦ക. വരെ ചിലവുചെയ്യുവാൻ അദ്ധ്യക്ഷന്നു് അധികാരമുള്ളതും; അങ്ങിനെ ചെയ്യുന്ന ചിലവു അടുത്ത കാൎയ്യനിൎവ്വഹണസംഘത്തിൽ ബോദ്ധ്യപ്പെടുത്തി അനുവദിപ്പിക്കേണ്ടതുമാകുന്നു.

ഝ. വേണ്ടിവന്നാൽ ഏതെങ്കിലും കാൎയ്യങ്ങാം എഴുത്തുമൂലം അംഗങ്ങളെ അറിയിച്ചു നിൎവ്വഹിക്കാവുന്നതാകുന്നു. എന്നാൽ പകുതിയിലധികം അംഗങ്ങളുടെയെങ്കിലും അഭിപ്രായം യോജിച്ചിരിക്കണം.

## ൮. നിൎവ്വാഹകസംഘത്തിന്റെ ചുമതല.

ക. സംഘത്തിന്റെ ഓരോ യോഗത്തിലും ചുരുങ്ങിയതു് അഞ്ചു അംഗങ്ങളെങ്കിലും ഹാജരുണ്ടായിരിക്കണം.

ഖ. യോഗം കൂടുന്നതിനു കുറഞ്ഞതു പത്തു ദിവസം മുമ്പു് അംഗങ്ങാംക്കു അറിവു കൊടുക്കേണ്ടതാകുന്നു.

ഗ. നിൎവ്വാഹകസംഘത്തിലെ നടവടികാം കാൎയ്യദൎശി രേഖപ്പെടുത്തി അദ്ധ്യക്ഷനെക്കൊണ്ടു് അടയാളം വെപ്പിക്കേണ്ടതും, അടുത്ത യോഗത്തിൽ ഹാജരാക്കേണ്ടതും ആകുന്നു.

ഘ. പരിഷത്തു സംബന്ധമായ പണമിടവാടുകളും കണക്കുകളും സംബന്ധിച്ച ചുമതലകാംക്കു ഖജാൻജി ഉത്തരവാദിയാകുന്നു.

## ൯. വാൎഷികയോഗം.

ക. പരിഷത്തിന്റെ വാൎഷികയോഗം കൊല്ലംതോറും നിൎവ്വാഹകസംഘത്തിന്റെ യുക്തംപോലെ കാലവും ദേശവും നിശ്ചയിച്ചു നടത്തേണ്ടതാകുന്നു.

ഖ. വാൎഷികയോഗത്തിലേക്കുള്ള അദ്ധ്യക്ഷനായി സദസ്യന്മാരിൽനിന്നു് ഒരാളെ നിൎവ്വാഹകസംഘത്തിന്നു തിരഞ്ഞെടുക്കാവുന്നതാകുന്നു.

## ൧൦. പ്രാദേശികസംഘം.

ക. പരിഷത്തിലെ സദസ്യൎക്കു കേരളത്തിൽ എവിടെയെങ്കിലും പ്രാദേശികസംഘങ്ങാം സ്ഥാപിക്കാവുന്നതാകുന്നു.

ഖ. പരിഷത്തിലെ സദസ്യൎക്കല്ലാതെ പ്രാദേശികസംഘങ്ങളിൽ അംഗങ്ങളായിരിക്കുവാൻ പാടുള്ളതല്ല. എന്നാൽ ഇരുപത്തിയഞ്ചിൽ കുറയാതെ അംഗങ്ങാം അതിൽ ഉണ്ടായിരിക്കേണ്ടതാകുന്നു.

ഗ. പ്രാദേശികസംഘങ്ങാം പരിഷത്തിന്റെ ഉദ്ദേശമനുസരിച്ചു നടക്കേണ്ടതാകുന്നു.

ഘ. എന്നാൽ അതാതു പ്രദേശങ്ങൾക്ക പ്രത്യേകമായ നടവടികൾ വല്ലതും വേണ്ടിവരുന്നതായാൽ പരിഷത്തിന്റെ സാമാന്യനിയമങ്ങൾക്കും ഉദ്ദേശങ്ങൾക്കും വിരോധംകൂടാതെ അപ്രകാരമുള്ള നടവടികൾ പ്രാദേശികസംഘങ്ങൾക്ക സ്വതന്ത്രമായി നടത്തുവാൻ അധികാരമുള്ളതാകുന്നു.

ങ. പ്രാദേശികസംഘങ്ങൾ അവരവരുടെ സങ്കേതത്തിന്നകത്തുള്ള സദസ്യരുടെ വരിസംഖ്യ പിരിച്ച അതിൽ നൂററുക്ക എഴുപത്തഞ്ചു കണ്ടു പ്രധാന സംഘത്തിലേക്ക അയച്ചുകൊടുക്കേണ്ടതും ബാക്കി അതാതു സംഘത്തിലെ ചിലവിലേക്ക ഉപയോഗിക്കാവുന്നതുമാകുന്നു.

## ൧൧. പ്രത്യേക നിബന്ധന.

ആവശ്യം വേണ്ടിവരുന്ന ഘട്ടങ്ങളിലൊഴികെ പരിഷത്തിനെ സംബന്ധിച്ചിട്ടുള്ള കാൎയ്യങ്ങളിൽ ഒന്നിലും മലയാളഭാഷയല്ലാതെ വേറെ ഒരു ഭാഷയും ഉപയോഗിക്കാവുന്നതല്ല.

കേരളസാഹിത്യപരിഷത്ത്
കാൎയ്യാലയം, തൃശ്ശിവപേരൂർ.
൨൭—൧൧—൧൧൦൨

രാമവൎമ്മ (ഒപ്പ്)
അദ്ധ്യക്ഷൻ.

---

# കുചേലവൃത്തം

### ഗാനലഘുനാടകം.

* (ടി. സി. അച്യുതമേനോൻ)

(ധ്യാനത്തിലിരിക്കുന്ന കുചേലനും അടുത്തു തൊഴുതുനിൽക്കുന്ന പത്നിയായ ബ്രാഹ്മണിയും പ്രവേശിക്കുന്നു.)

ബ്രാഹ്മണി— (വിചാരം) കഷ്ടം ഞാൻ എത്രനേരമായി ഇവിടെ ഇങ്ങിനെ നില്ക്കുന്നു. ഈശ്വരൻ പണ്ടേതന്നെ കണ്ണടച്ചു. ഇപ്പോൾ ഭൎത്താവും. വിശന്നലട്ടുന്ന കുട്ടികളോടു ഞാൻ എന്തു സമാധാനം പറയും.

കുചേലൻ— (കണ്ണുതുറന്നു പത്നിയെക്കണ്ടു) അല്ല പ്രിയതമയൊ? ഭവതി കുറെ നേരമായൊ ഇവിടെ വന്നു നില്ക്കുന്നു; ഇരിക്കൂ. (എന്നു കൈ പിടിച്ചിരുത്തുന്നു)

പത്നി— അല്ലയൊ പ്രിയതമ! അവിടത്തെ ഈശ്വരധ്യാനം ശല്യപ്പെടുത്തിയതു ക്ഷമിക്കണെ. കുട്ടികളുടെ അലട്ടു സഹിക്കവയ്യാഞ്ഞിട്ടാണ ഞാൻ ഈ അപരാധം ചെയ്യേണ്ടിവന്നതു്. വല്ലതും ഭക്ഷിപ്പാൻ കിട്ടേണമെന്നു ശഠിക്കുന്നു. ഒന്നുംതന്നെ കൊടുപ്പാൻ ഞാൻ ഇവിടെ കണ്ടില്ല.

---

* സംഗീതനൈഷധം, ഹരിശ്ചന്ദ്രചരിതം, എന്നീ നാടകങ്ങളുടെ കൎത്താവു്. (ഗു. പ)

കുചേലൻ— (ദീൎഘനിശ്വാസംചെയ്തു്) പ്രിയെ, നാം എന്തുകൊടുപ്പാനാണു്. എല്ലാം ഈശ്വരൻതന്നെ കൊടുക്കും.

ബ്രാഹ്മണി— നാഥ! ആ സമാധാനം കുട്ടികൾക്കില്ലല്ലൊ.

(അണിയറയിൽ) അനിയാ? അമ്മേടെ സൂത്രം കണ്ടോ? ചോറിപ്പം തരാമെന്നുപറഞ്ഞു നമ്മളെ ഇവിടെ ഇരുത്തി, അച്ഛന്റെ അടുക്കൽ ചെന്നിരിക്കയാണു്. നമുക്കും അങ്ങോട്ടു പോകാം.

കുചേലൻ— (അണിയറയിലേക്കുനോക്കി പാരവശ്യത്തോടെ)

ഫില്‍ — ത്രിപുടതാളം.

(ജലഭരണജാതയമുന എന്ന മട്ടു്)

പല്ലവി.

വന്നിടുന്നോമനപ്പൈതങ്ങളിന്നിതാ
എന്നകതാരതു വാട്ടിവരട്ടുവാൻ.

ചരണങ്ങൾ.

പ്രതിദിനോപവാസത്താലുടൽമെലിഞ്ഞും മിഴികൾ
അതിയായ്കുഴിഞ്ഞും മുഖപത്മമേറ്റംകരിഞ്ഞും. 1
വലിഞ്ഞുദരംപോലവെ ജഠരമങ്ങൊട്ടിയും
മെലിഞ്ഞുള്ള കാലുകളുലഞ്ഞും കുഴഞ്ഞും പരം. 2

(അനന്തരം രണ്ടു ബ്രാഹ്മണകുമാരന്മാർ പ്രവേശിക്കുന്നു.)

ഒന്നാമൻ— അച്ഛാ? ഇനിക്കു വല്ലാതെ വിശക്കുന്നു. അമ്മോടു വല്ലതും തരാൻ പറയു.

രണ്ടാമൻ— (ബ്രാഹ്മണിയുടെ വസ്ത്രം പിടിച്ചുവലിച്ചു്) ഇങ്ങോട്ടുവരു! അമ്മെ ഇനി പിന്നെ വൎത്തമാനം പറയാം.

ബ്രാഹ്മണി— ഞാൻ വരാം; നിങ്ങൾ പൊയ്ക്കോളിൻ!

രണ്ടാമൻ— അമ്മേടെ സൂത്രം പററില്ല. ഞങ്ങൾക്കു ചോറുതന്നിട്ടു് ഇവിടെ വന്നിരുന്നോളൂ.

ഒന്നാമൻ— എന്റെ പൊന്നമ്മെ ഞാൻ തൊഴാം. ഇനിക്കു കാച്ചുകഞ്ഞിവെള്ളമെങ്കിലും തന്നാൽമതി. തരണെ! വിശപ്പുകൊണ്ടു നില്പാൻ വയ്യ.

ബ്രാഹ്മണി— എന്റെ പൊന്മക്കളെ! നിങ്ങൾ ഇങ്ങിനെ തുടങ്ങിയാൽ ഞാനെന്തുചെയ്യും.

രണ്ടാമൻ— ഒന്നും ചെയ്യേണ്ട. വിശക്കുന്നതിന്നു വല്ലതും തന്നാൽമതി. (എന്നു കൈപിടിച്ചു വലിക്കുന്നു.)

കുചേലൻ— (പാരവശ്യത്തോടെ വിചാരം) കഷ്ടം! ദരിദ്രൻ ഗൃഹസ്ഥനാകുന്നതു മഹാ പാപംതന്നെ.

രണ്ടാമൻ— അച്ഛാ! നാലാന്നാൾ ഉച്ചക്കു കാച്ചുകഞ്ഞിവെള്ളം കുടിച്ചതാണു്. പിന്നെ ഇന്നലെ കാലത്താണു് ഉപ്പുകൂടാതെ കുറെ മുരിങ്ങയില വെച്ചുതന്നതു്: ഇന്നതും തന്നില്ല. കുളിക്കാൻപോയപ്പോൾ ഗു

മത്തിലെ മററു കുട്ടികൾ വെള്ളച്ചോറും തൈരും ഉണ്ണാൻ താമര ഇലകൾ പൊട്ടിച്ചപ്പോൾ ഞങ്ങളും പൊട്ടിച്ചു. അവരുടെ രണ്ടാമത്തെ ഊണ് കഴിഞ്ഞിട്ടുണ്ടായിരിക്കും. ഞങ്ങളുടെ ഇലകൾ ഇട്ടേടത്തു് അങ്ങിനെതന്നെ ഇപ്പോഴും കിടക്കുന്നു. വേണമെങ്കിൽ അച്ഛൻ വന്നു നോക്കിക്കൊള്ളൂ.

കുചേലൻ— ആട്ടെ, നിങ്ങൾ അകായിലേക്കു പോകൂ. അമ്മയെ ഇപ്പോഴയക്കാം.

രണ്ടാമൻ— അമ്മയെ അയച്ചാൽ പോരാ, അച്ഛനും കൂടെ വരണം. അല്ലെങ്കിൽ അമ്മ ചോറു തരില്ല. അമ്മയുടെ സൂത്രമൊന്നും അച്ഛൻ അറിഞ്ഞിട്ടില്ല. കാലത്തു കുളിക്കാൻ പറയും. കുളിച്ചുവന്നാൽ കറിയിടാൻ പറയും. കറിയിട്ടു ചോറു ചോദിച്ചാൽ അച്ഛന്റെ തേവാരം കഴിയട്ടെ എന്നു പറയും. തേവാരം കഴിയുമ്പോൾ പകലെ ആകാമെന്നു പറയും. പകലെ ചോറു ചോദിച്ചാൽ പൂജാവട്ടം കൂട്ടട്ടെ എന്നു പറയും. അപ്പോഴേക്കും നേരം സന്ധ്യയാകും. പിന്നെ സന്ധ്യ കഴിയട്ടെ എന്നായി. സന്ധ്യ കഴിയുമ്പോഴേക്കും ഞങ്ങൾ തളർന്നുറങ്ങുകയും ചെയ്യും. ഇങ്ങിനെയാണ് ഈ അമ്മ ഞങ്ങളെ ദിവസവും ഊട്ടാറു്.

കുചേലൻ— നിങ്ങൾ അകായിലേക്കു ചെല്ലൂ. നിങ്ങൾക്കു ദിവസവും ചോറു തരുവാൻ അമ്മയെ ശട്ടംകെട്ടി അയക്കാം.

ഒന്നാമൻ— ചോറു തരുവാൻ അമ്മയെ വേഗം അയക്കില്ലേ?

കുചേലൻ— വേഗം അയക്കാം.

(കുട്ടികൾ പോയി)

ബ്രാഹ്മണി— പ്രാണനാഥ! കുട്ടികളുടെ പാരവശ്യം അവിടന്നു് ഇന്നെങ്കിലും കണ്ടുവല്ലോ. അവിടന്നെന്താണു വിചാരിക്കുന്നതു്?

കുചേലൻ— (ദീർഘനിശ്വാസം ചെയ്തു്) ഞാനെന്തു വിചാരിപ്പാനാണ്; ഭഗവാൻ വാസുദേവൻ തന്നെ കനിയണം.

ബ്രാഹ്മണി— അർത്ഥിക്കാഞ്ഞാൽ ആരെങ്കിലും ശ്രദ്ധിക്കുമോ?

കുചേലൻ— ഞാനെന്തു വേണമെന്നാണു ഭവതി പറയുന്നതു്?

ബ്രാഹ്മണി— ദ്വാരകാനാഥനായ ഭഗവാൻ ശ്രീകൃഷ്ണനും അവിടുന്നും സബ്രഹ്മചാരികളല്ലേ?

കുചേലൻ— മോക്ഷദായകനായ ജഗന്നാഥനോടു നിത്യവൃത്തിക്കർത്ഥിക്കുകയോ?

ബ്രാഹ്മണി— ബ്രഹ്മചര്യയിൽ അവിടുന്നും ഭഗവാനും പ്രാണസ്നേഹിതന്മാരായിരുന്നുവെന്നു പലപ്പോഴും എന്നോടു പറഞ്ഞിട്ടുണ്ടല്ലോ. ആ സ്നേഹം ഭക്തവത്സലനായ ഭഗവാൻ ഒരിക്കലും മറക്കുകയില്ല. അദ്ദേഹത്തെ നമ്മുടെ അവസ്ഥകളറിയിച്ചാൽ വല്ലതും സഹായിക്കാതിരിക്കയില്ല, നിശ്ചയം.

കുചേലൻ— സൎവ്വസാക്ഷിയായ ഭഗവാനോടു നമ്മുടെ അവസ്ഥകൾ പറഞ്ഞറിയിക്കേണ്ടതുണ്ടോ?

ബ്രാഹ്മണി— അതു ശരിയാണു്; എങ്കിലും പിള്ള കരയാതെ തള്ള മുല കൊടുക്കുമോ?

കുചേലൻ— ഭവതിക്കത്ര നിൎബ്ബന്ധമുണ്ടെങ്കിൽ ഞാൻ ഭഗവാനെ ചെന്നു കാണാം! എന്നാൽ ഞാൻ അവിടെ എന്താണു് ഉണൎത്തിക്കേണ്ടതു്?

ബ്രാഹ്മണി— അതവിടേക്കറിഞ്ഞുകൂടെ?

ജെഞ്ഞുരുട്ടി— ചാപ്പു്.

(അരവാമരണനെ)

കണ്ണികൾ.

ഇല്ലം വീണിടാറായല്ലോ നിന്നീടുന്നു
വല്ലഭ കാണുന്നീലെ. 1
ഉണ്മാനുമുടുപ്പാനും തേപ്പാനും കിടപ്പാനും
കാണ്മാനില്ലാനുമിഹ. 1
എല്ലും തോലും മാത്രമാന്ന മക്കളല്ലാതെ
വല്ലതും നമ്മൾക്കുണ്ടോ? 3

കുചേലൻ— ഇല്ലം പണിയിച്ചുതരണം; വസ്തു പിടിച്ചുതരണം; പണങ്ങൾ വേണം; പാത്രങ്ങൾ വേണം എന്നെല്ലാമാണു ഭഗവാനോടു പറയേണ്ടതു് അല്ലേ?

ബ്രാഹ്മണി— ആവക ദുരാഗ്രഹങ്ങൾ ഒന്നും ഇനിക്കില്ല. നമ്മുടെ അവസ്ഥകളെല്ലാം പറഞ്ഞു എന്നെ ഉള്ളൂ. നാലുദിവസമെങ്കിലും കുട്ടികളുടെ വയറു നിറഞ്ഞു കണ്ടു ചത്താൽ മതിയെന്നെ ഇനിക്കുള്ളൂ.

കുചേലൻ— ജെഞ്ഞുരുട്ടി— ചാപ്പു്.

(ബാലികമാർമൌലികയാം)

ചിന്തു.

ദ്വാരകയിൽ ചെന്നുപോരാം കി
രവാണീമണെ നാളെ
സാരസാക്ഷൻ തന്നോടെല്ലാം ചൊല്ലാം
ഏതാൻ കാരണപുരുഷൻ തന്നാൽ കൊള്ളാം
നരകരിപുവിനിന്നതിനു കൃപ നിജകരളിലില്ലെന്നു
വരികിൽ തന്മുഖകൈരവബാന്ധവൻ വൎഷിച്ചീടും
മൃദുസ്മേരചന്ദ്രികയാൽ കുളുൎത്തും പോരാം.

എന്നാൽ വളരെ കാലം കഴിഞ്ഞിട്ടാണല്ലോ ഭഗവാനെ കാണുന്നതു്. അപ്പോൾ വെറുംകയ്യോടെ കാണുന്നതു ഭംഗിയായിരിക്കയില്ല. എന്താണു പ്രാഭൃതമായി കൊണ്ടുപോകാനുള്ളതു്.

ബ്രാഹ്മണി— ഭഗവാനു കാഴ്ചവെപ്പാൻ യോഗ്യമായ പദാൎത്ഥം ഒന്നും ഇ

വിടെയില്ല. എങ്കിലും ഞാൻ ഒന്നും കരുതാൻ്റയുമില്ല. (എന്നു പോയി വീണ്ടും പ്രവേശിച്ച് ഒരുഭാഗത്തൊതുങ്ങിനിൽക്കുന്നു.)

കുചേലൻ— ഭവതി എന്താണു ലജ്ജിച്ച് അവിടെ നില്ക്കുന്നത്? കരുതിവെച്ചിരുന്നതു കാണാതായെന്നുണ്ടോ?

ബ്രാഹ്മണി— അതില്ല. പക്ഷേ...എങ്ങിനെയാണ് ഇതു ഭഗവാനു കാഴ്ചവെക്കുന്നത്? (എന്നു മടിയിൽനിന്നു ചെറിയൊരു കിഴിയെടുക്കുന്നു.)

കുചേലൻ— അതിലെന്താണ്?

(ദേശികതോടി—ആദിതാളം)

നമാസിക്കൈസ്യ

കണ്ണികൾ.

സതികുലമൌലേ അവിലോ മലരോ ഇതരപദാ-
ൎത്ഥങ്ങളിലേതാനും
ഏതെന്നാകിലുമതിപുരമഥനൻ
ഭക്തവത്സലനല്ലയോ? 1
ഭുവനനായകനുചിതപ്രാഭൃതം
എവനുനൽകുവാൻ കഴിയുമെന്നതും
കുവലയാക്ഷികേൾ ഭക്തിയൊന്നേ
ദേവദേവനു പ്രാഭൃതം. 2

ബ്രാഹ്മണി— അവിടുന്ന് ആദ്യം പറഞ്ഞതുതന്നെയാണ്. പക്ഷേ, അതോടുകൂടി,

കാപി—ചായ്പ്.

(ഭോഷനാം നീ പിശുനജന)

കല്ലുംനെല്ലും തവിടുമുമിയും തെല്ലുതെല്ലിതിൽ കണ്ടിടാം
വല്ലഭാ ഞാനല്ലിലിരുളിലതല്ലയോ അവിലിടിച്ചതും. 1
കൊണ്ടൽവർണ്ണനെങ്ങിനെവാർകൊണ്ടിതങ്ങുകൊടുപ്പതും
രണ്ടുപിടിയില്ലിക്കിഴിയിങ്ങിനി കണ്ടുവെങ്കിലറച്ചിടും. 2

കുചേലൻ— ആകട്ടെ ഇങ്ങോട്ടു കൊണ്ടുവരു.

(ബ്രാഹ്മണി അവിൽക്കിഴി കൊടുക്കുന്നു)

കുചേലൻ— അഴിച്ചുനോക്കി; ഇതുമതി.

ബ്രാഹ്മണി— പോരെങ്കിലെന്തു ചെയ്യാം. ഇതുതന്നെ ഇന്നലെ പകൽ മഴവന്നു ഉഴരുതെണ്ടി കിട്ടിയതാണ്.

കുചേലൻ— ആകട്ടെ, ഭവതി അകായിൽചെന്നു കുട്ടികളെ സമാധാനിപ്പിക്കൂ. ഞാൻ മാദ്ധ്യാഹ്നികം കഴിക്കട്ടെ.

(എന്നു രണ്ടുപേരും പോയി)

ഒന്നാം രംഗം കഴിഞ്ഞു.

# പ്രായപൂർത്തി വന്നിട്ടുള്ളവരുടെ വിദ്യാഭ്യാസം.

(P. R)

ഇൻഡ്യയിൽ പ്രായപൂർത്തിവന്നിട്ടുള്ളവരുടെ ഇടയിൽ വിദ്യാവിഹീനരുടെ സംഖ്യ ഭീമമായ ഒന്നാകകൊണ്ടു് അതു് എല്ലാവരുടേയും ശ്രദ്ധയെ ആകർഷിക്കേണ്ട ഒരു പ്രധാന വിഷയമാണല്ലോ. ഇന്നു കാണുന്ന അക്ഷരജ്ഞാനവിഹീനത കഴിഞ്ഞ ജനപരമ്പരയുടെ ഇടയിൽ വിദ്യാഭ്യാസവിഷയത്തിൽ ഉണ്ടായിരുന്ന അനാസക്തിയുടേയും സൌകൎയ്യക്കുറവിന്റേയും ഫലമാണു്. ചിലർ വിദ്യാഭ്യാസത്തെ തുടൎന്നുകൊണ്ടുപോകാതെ അജ്ഞരായിത്തന്നെ കഴിഞ്ഞുകൂടി. അടുത്ത ജനപരമ്പരയിൽ പ്രായംചെന്നവൎക്കു വിദ്യാഭ്യാസമുണ്ടാകണമെങ്കിൽ ഇന്നത്തെ ബാലികാബാലന്മാൎക്കു പ്രാഥമികവിദ്യാഭ്യാസം നൽകണം. ഇൻഡ്യയിൽ വിദ്യാഭ്യാസം ദ്രുതഗതിയിൽ അഭിവൃദ്ധിപ്പെട്ടിട്ടുണ്ടെങ്കിലും വേണ്ടിടത്തോളമായിട്ടില്ലെന്നുവേണം പറയുവാൻ. മിക്കകുട്ടികളും പ്രൈമറി പാഠശാലകൾക്കപ്പുറം പോകുന്നില്ല. അവർ പഠിച്ചതു മറന്നു വീണ്ടും നിരക്ഷരകുക്ഷികളായിത്തീരുന്നു. ജനതതിയുടെയിടയിൽ കാണുന്ന അക്ഷരജ്ഞാനം ഗണ്യമായ ഒന്നല്ല. ഇന്നത്തെ വിദ്യാഭ്യാസത്തിന്റെ ഒരു പ്രധാന ന്യൂനത പൊതുജനങ്ങളുടെയിടയിലുള്ള അക്ഷരജ്ഞാനവിഹീനതയാണു്. ഈ സ്ഥിതിക്കു പ്രായപൂർത്തി വന്നിട്ടുള്ളവരുടെ വിദ്യാഭ്യാസത്തെപ്പററി എന്താണു് പറവാനുള്ളതു്.

പ്രായപൂർത്തി വന്നിട്ടുള്ളവരുടെ വിദ്യാഭ്യാസവിഷയത്തിൽ ഇതരരാജ്യങ്ങൾ ചെയ്യുന്നതുപോലെയുള്ള വ്യവസ്ഥകൾ ഇൻഡ്യയിലും ചെയ്യേണ്ടകാലം എത്രയും വേഗത്തിൽ ആഗതമാകും. സ്കൂളിലെയോ കാളേജിലെയോ കുറച്ചുനാളത്തെ വിദ്യാഭ്യാസംകൊണ്ടു തൃപ്തിപ്പെട്ടു് അതിനെ ഉപേക്ഷിക്കുന്നവർ ബുദ്ധിശക്തി കുറഞ്ഞവരും മനസ്സു വികസിക്കാത്തവരുമായി കാണപ്പെടും. ഇംഗ്ലണ്ടു് അമേരിക്ക മുതലായ പാശ്ചാത്യരാജ്യങ്ങൾ പ്രായപൂർത്തി വന്നിട്ടുള്ളവരുടെ വിദ്യാഭ്യാസത്തിൽ ഒരു നിശ്ചിതനയം തുടൎന്നുവരുന്നു. പ്രായപൂർത്തി വന്നിട്ടുള്ളവൎക്കു നിശ്ചയിക്കുന്ന വിദ്യാഭ്യാസം ചിന്താശീലന്മാരായ ആളുകളുടെ മനസ്സിനെ തൃപ്തിപ്പെടുത്തണം. അവരുടെ ശക്തികൊണ്ടുതന്നെ ബുദ്ധിയെ വികസിപ്പിച്ചു് കൂടുതൽ ജ്ഞാനം സമ്പാദിക്കുവാൻ സഹായിക്കണം. അതു പുസ്തകദ്വാരേണ മനുഷ്യവൎഗ്ഗത്തിലെ മഹാന്മാരുമായി ഇടപെടുന്നതിനു് സഹായിക്കണം.

കാളേജുകളിൽനിന്നും ബിരുദുകൾ സിദ്ധിച്ചുകഴിഞ്ഞാൽ വിദ്യാഭ്യാസം അവസാനിച്ചു എന്നാണു സാധാരണയായി കാളേജുവിദ്യാൎത്ഥികൾ വിചാരിക്കുന്നതു്. അങ്ങിനെയല്ല. അങ്ങനെ വിചാരിക്കയുമരുതു്. വാസ്തവത്തിൽ വിദ്യാഭ്യാസം ആരംഭിക്കുന്നതിനുള്ള ശരിയായ സ്ഥാനത്തിൽ

അവർ അപ്പോഴെ എത്തുന്നുള്ളു. ബിരുദ കിട്ടുന്ന അന്നു മുതലാണ് അവരുടെ യഥാർത്ഥവിദ്യാഭ്യാസം ആരംഭിക്കുന്നതു്. അതിനുശേഷം മുമ്പിലത്തേക്കാൾ കൂടുതലായി പരിശ്രമിക്കുകയുംവേണം. ഇതു യുവജനങ്ങൾ പ്രത്യേകം മനസ്സിലാക്കേണ്ട ഒന്നാണ്. നിങ്ങളെ നിങ്ങൾതന്നെ തുരുമ്പു പിടിക്കുന്നതിനനുവദിക്കരുതെ. വളർന്നുകൊണ്ടിരിക്കുക. വായിച്ചുകൊണ്ടിരിക്കുക. പഠിച്ചുകൊണ്ടിരിക്കുക. പ്രായപൂർത്തി വന്നിട്ടുള്ളവരുടെ വിദ്യാഭ്യാസം നമ്മുടെ സ്വാതന്ത്ര്യലാഭത്തിനുള്ള ഒരു വഴിയാണ്. അതു് അഞ്ഞൂറൊ ആയിരമൊ സംവത്സരങ്ങൾക്കുമുമ്പു ജീവിച്ചിരുന്ന രാജാക്കന്മാരെക്കാൾ കൂടുതലായി ഇന്നത്തെ ഒരു കൂലിവേലക്കാരനറിയാം. പണ്ടു രാജാക്കന്മാർ താമസിച്ചിരുന്ന ചില കെട്ടിടങ്ങളിൽ ഇന്നു നിത്യവും വേല ചെയ്തു ജീവിക്കുന്ന ഒരു കൂലിക്കാരൻപോലും താമസിക്കുകയില്ലെന്നു വന്നേക്കാം. എന്തുകൊണ്ടെന്നാൽ ഭൌതികക്ഷേമം വളരെ വർദ്ധിച്ചിരിക്കുന്നു. ജീവിതരീതിതന്നെ മാറിയിരിക്കുന്നു. ഇന്നത്തെ ചില വേലക്കാരുടെ സൌഖ്യസാമഗ്രികൾ പണ്ടത്തെ രാജാക്കന്മാൎക്കു് ഉണ്ടായിരുന്നോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഈ ആധുനികകാലത്തു ഇൻഡ്യയുടേയും ഭൌതികനില അഭിവൃദ്ധിപ്പെട്ടിട്ടുണ്ടു്. കായികമായും അഭിവൃദ്ധിയുണ്ടായിട്ടുണ്ടു്. എന്നാൽ ജനങ്ങളുടെ മനസ്സ് അന്ധവിശ്വാസത്തിന്റേയും ഭയത്തിന്റേയും അജ്ഞാനത്തിന്റേയും അടിമയാണ്. കായികവളർച്ചയോടുകൂടിത്തന്നെ മാനസികവളർച്ചയും ഉണ്ടാകണം. ബുദ്ധിജന്യമായ ഉൽക്കർഷവും ഉണ്ടാകണം. അതുകൊണ്ടാണ് പ്രായപൂർത്തി വന്നിട്ടുള്ളവർ വിദ്യാഭ്യാസം ചെയ്യണം എന്നു പറയുന്നതു്. ഉദ്യോഗത്തിനുവേണ്ടിയല്ല, സംസ്കാരത്തിനും വിജ്ഞാനത്തിനും ഉൽക്കർഷത്തിനും വേണ്ടിയാണു വിദ്യാഭ്യാസം ചെയ്യേണ്ടതു്.

പ്രായപൂർത്തി വന്നിട്ടുള്ളവൎക്കു നൾകുന്ന വിദ്യാഭ്യാസം മൂന്നു പ്രധാന ഉദ്ദേശങ്ങൾ സാധിക്കുന്നതിനു പൎയ്യാപ്തമായിരിക്കണം.

ഒന്നാമതായി അതു് അദ്ധ്യേതാവിന്റെ മനസ്സിനെ വ്യക്തമായും വിമൎശനരൂപേണയും ചിന്തിക്കുന്നതിനു പരിശീലിപ്പിക്കണം. ഭാരതീയവിദ്യാൎത്ഥികൾ അവരുടെ അനന്യസാധാരണമായ ഓൎമ്മശക്തിക്കു സുപ്രസിദ്ധന്മാരാണ്. ഈ ശക്തി ഉള്ളതുകൊണ്ടു പാഠപുസ്തകങ്ങൾ കാണാതെ പഠിക്കുന്നതിന് അവൎക്കു പ്രയാസമില്ല. നോട്ടെഴുതുന്നതു സ്വതന്ത്രചിന്തയ്ക്കു് ഒരു വിഘാതമാണ്. ക്ലാസ്സുമുറിയിൽ കേൾക്കുന്നതുതന്നെയാണല്ലൊ അദ്ധ്യേതാവു് ആവൎത്തിക്കുന്നതു്. എന്നാൽ പഠനവും പരീക്ഷയും കഴിഞ്ഞാൽ പ്രായപൂർത്തിവന്നിട്ടുള്ള ആൾ സ്വന്തം സ്വാതന്ത്ര്യത്തെ സ്വയം അന്വേഷിക്കയും വ്യക്തമായും വിമൎശനരൂപേണയും ചിന്തിക്കുന്നതിനു ശീലിക്കുകയുംവേണം. വിദ്യാഭ്യാസത്തിനു സ്വതന്ത്രചിന്തകൾക്കുള്ള ഈ അവസരത്തെ നൾകുവാൻ സാധിക്കുന്നതാണ്.

രണ്ടാമതായി പ്രായപൂത്തി വന്നിട്ടുള്ളവക്ക് നൽകുന്ന വിദ്യാഭ്യാസം ഭൂതകാലത്തെ സംസ്കാരസമ്പത്തിനെ ആസ്വാദിക്കുന്നതിനുവേണ്ട സന്ദർഭം നൽകണം. ഇന്ന വിദ്യാഭ്യാസം എല്ലാ ജാതിക്കാക്കും ഒരുപോലെ ചെയ്യാവുന്നതാണല്ലൊ. ആധുനികവിദ്യാഭ്യാസരീതിയിൽ ജാതി മതം ഈ ഭേദങ്ങളില്ലല്ലൊ. സംഗീതം, സാഹിത്യം, മുതലായവ എല്ലാവക്കും വേണമെങ്കിൽ ആസ്വാദിക്കാമല്ലൊ. എന്നാൽ പണ്ട് എല്ലാ രാജ്യങ്ങളിലും വിദ്യാഭ്യാസം ചുരുക്കം ചിലരുടെ അവകാശമായിരുന്നു.

മൂന്നാമതായി പ്രായപൂത്തിവന്നിട്ടുള്ളവരുടെ വിദ്യാഭ്യാസം ചെറുപ്പകാലത്തെ വിദ്യാഭ്യാസത്തിലുള്ള ന്യൂനതകൾ പരിഹരിക്കാനുള്ള ഒന്നല്ല. നമുക്ക പ്രായംചെന്ന ഒരു മനസ്സ് ഉണ്ടായതിൻേറയും, ലോകപരിചയവും ജീവിതാനുഭവവും ഉണ്ടായതിൻേറയും ശേഷം സമുദായമുള്ള ജീവിതം തരുന്നതിന് വിദ്യാഭ്യാസത്തിൻെറ തുടച്ച ആവശ്യമാണ്. അതുകൊണ്ടാണ് ഇന്ത്യയിലെ യുവജനങ്ങൾ അവരുടെ ഗ്രാമങ്ങളും കുഡുംബജീവിതവും വിട്ടു വലിയ പട്ടണങ്ങളിൽ പോകുന്നതു്. ജനഭരണവും പൌരത്വവും പ്രായംചെന്നിട്ടുള്ളവരുടെ അവകാശങ്ങളാണ്. ഇവയെ ആസ്വാദിപ്പിക്കത്തക്ക വിധത്തിൽ ഇൻഡ്യാക്കാരെ വിദ്യാഭ്യാസം ചെയ്യിപ്പിക്കണം. ആധുനികപൌരത്വബോധത്തോടുകൂടി ഇൻഡ്യയിലെ പ്രായംചെന്നിട്ടുള്ളവരെ വിദ്യാഭ്യാസം ചെയ്യിപ്പിക്കേണ്ടതു് ഇൻഡ്യയുടെ ഇന്നത്തെ ആവശ്യങ്ങളിൽഒന്നാണ്.

# പുസ്തകാഭിപ്രായം

ദോഷരഹിതമായ പത്തു ദിവ്യൌഷധങ്ങൾ.

ഗ്രന്ഥകത്താവു്, ടി. വി. രയരപ്പക്കുറുപ്പു്. ബി. ഏ., എൽ. ടി.

പാലപ്പുറം, സൌത്തുമലബാർ.

വില. 0 5 0

കാലാന്തരത്തിൽ യാതൊരു ദോഷഫലവും ചെയ്യുയില്ലെന്നു വിശ്വസിക്കപ്പെട്ടുവരുന്ന പത്തു ഔഷധക്രമങ്ങളെപ്പററിയാണ് ഈ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നതു്. ഗാഢവും പൂണ്ണവുമായ ശ്വാസോഛ്വാസങ്ങൾ, ശരിയായ വ്യായാമം, ശരിയായ ദേഹഭാവവും മനോഭാവവും, ജലപാനവും ജലചികിത്സയും, തേജോവായുസ്നാനങ്ങളും ഉഴിച്ചിലും, സ്വയം സങ്കല്പം, ആമാശയവും പച്ചക്കറിസാധനങ്ങളുടെ നീരും, ഇടയ്ക്കിടയ്ക്കു ഭക്ഷണവജ്ജനം, നല്ലവണ്ണം പഴുത്ത ഫലങ്ങളും ഫലങ്ങളുടെ നീരും, ചില പ്രത്യേകാഹാരങ്ങൾ എന്നിവയാണ് ആ പത്തു ദിവ്യൌഷധങ്ങൾ. ഇവയിൽ പലതും പരിശീലിക്കുന്നതു ആരോഗ്യസംവദ്ധനകരമെന്നുതന്നെ

യാണ് ഞങ്ങളുടെ വിശ്വാസം. എങ്കിലും ക്രൂപ്പിന്റെ സ്വയം സങ്കല്പപദ്ധതിയെപ്പററി യാതൊരു നിരൂപണവും ചെയ്യാതെ അതു കേവലം അശാസ്ത്രീയം എന്നു പരിഗണിച്ചിരിക്കുന്നതു് അല്പം സാഹസമല്ലേ എന്നു ശങ്കിക്കുന്നു. "പ്രതിദിനം ഞാൻ അഭിവൃദ്ധി പ്രാപിച്ചുകൊണ്ടിരിക്കുന്നുണ്ടു്" എന്നു മാററിയില്ലെങ്കിൽ സ്വാത്മപരമായി പോകുമെന്നുള്ള അഭിപ്രായം അല്പം ബാലിശമല്ലേ എന്നു ശങ്കിക്കുന്നവരും ഉണ്ടായേക്കാം. ഓരോ വ്യക്തിയും സ്വയം നന്നാകാൻ ആത്മാത്ഥം പരിശ്രമിക്കുന്നതു സ്വാത്മപരമാണെന്നുമാത്രം വിചാരിക്കുന്നവർ ഇക്കാലത്തു ചുരുങ്ങിയേക്കും. "സോഹം" "ബ്രഹ്മാസ്മ്യഹം" മുതലായ പദങ്ങൾ മിസ്റ്റർ കുറുപ്പിന്റെ ദൃഷ്ടിയിൽ ത്യാജ്യങ്ങളായിരിക്കാം. ഭാഷാവിഷയമായി, "ചക്രങ്ങളെ പുറപ്പെടുവിക്കു"ന്നതിനേക്കാൾ അധികം നല്ലതു വ്യാപരിപ്പിക്കുകയോ, തിരിക്കുകയോ ആണു്. "വ്യായാമം ശരീരസ്പന്ദനത്തെക്കൂടി ക്രമീകരിക്കും" എന്നതിലെ "സ്പന്ദനം" ശരീരത്തേക്കാൾ ഹൃദയത്തിനാണു് അധികം പ്രയോഗിച്ചു കണ്ടിട്ടുള്ളതു്. "ദേഹഭാവവും" എന്നതിലെ, മനോഭാവം പോലെയായോ "ദേഹഭാവം" എന്നു ഞങ്ങൾ സംശയിക്കുന്നു. ഈ മാതിരി ഭാഷാസംബന്ധമായി ഈ ചെറിയ പുസ്തകത്തിൽ കടന്നുകൂടീട്ടുള്ള പല വൈകല്യങ്ങളും അടുത്ത പതിപ്പിൽ പരിഹരിക്കുമെന്നു വിശ്വസിക്കുന്നു.

---

## ഉമാമഹേശ്വരസംവാദം.

### ഈശ്വരകാര്യങ്ങളെപ്പററിയുള്ള ഒരു സംഭാഷണം.

രചയിതാവ് — വീരശ്രീ എം. രാമവർമ്മത്തമ്പാൻ അവർകൾ ബി. ഏ., എൽ. ടി.

പ്രസാധകൻ — കെ. അയ്യപ്പൻ ബി. എ., കൊച്ചി

ഉമാമഹേശ്വരന്മാർ കൈലാസശൈലത്തിൽ പടന്ന കൊമ്പുകളോടുകൂടി ഒരു വടവൃക്ഷച്ചുവട്ടിൽ വൈകുന്നേരം കാററു കൊള്ളാനിരിക്കുമ്പോൾ, പുരാണകാലത്തെ വർത്തമാനപത്രമായ ശ്രീനാരദൻ അവരെ കാണാൻ ചെല്ലുന്നു. ഉമാമഹേശ്വരന്മാർ ഭാരതഭൂവിശേഷങ്ങളെപ്പററി നാരദനോടു ചോദിക്കുകയും നാരദൻ മറുപടി പറകയും ചെയ്യുന്നു. ഈശ്വരകാര്യങ്ങളെപ്പററി ഉമാമഹേശ്വരന്മാരും നാരദനുമായുള്ള ഒരു സംവാദമാണു് ഈ ചെറുകൃതി. മതപരവും ഈശ്വരപരവുമായിതമ്മിൽ കടന്നുകൂടിയിട്ടുള്ള അന്ധതയുടെ വലിപ്പം യുക്തിപൂർവ്വം വെളിപ്പെടുത്തുന്നതിനാൽ, ഈ മഹേശ്വരസംവാദം സർവ്വഥാ പ്രായോജനകരം തന്നെ. സംഭാഷണചതുരനായ തമ്പാൻ അവർകളുടെ രചനാഭംഗിയെക്കുറിച്ചു യഥാർത്ഥമലയാളികളോടു ഞങ്ങൾ ഒന്നും പറയേണ്ട ആവശ്യമില്ല. ദ്വിത്വവും ഏകത്വവും ഒന്നാണെന്നുള്ള അഭിപ്രായത്തിന്റെ ഭംഗുരതയെ ഫലിതപ്രധാനമായ സരസസംഭാഷ-

ണത്താൽ വെളിപ്പെടുത്തിയിരിക്കുന്നതിന്റെ രസം ആസ്വദിച്ചറിയേണ്ടതാകുന്നു. ആപാദമധുരമായ ഈ ചെറു സംവാദം എല്ലാവരും വാങ്ങി വായിക്കാൻ കഴിയണമെന്നു കരുതി ഇതിനു ഒരണ മാത്രമേ വില നിശ്ചയിച്ചിട്ടുള്ളു.

---

# കുറിപ്പുകൾ.

## കിൻറർഗാട്ടൻ അല്ലെങ്കിൽ ബാലോദ്യാനം.

ജർമ്മൻ ഭാഷയിൽ ബാലോദ്യാനം എന്നർത്ഥമുള്ളതും സുമനോഹരവുമായ കിൻറർഗാട്ടൻ എന്ന വാക്കു ലോകമൊട്ടുക്കു മിയ്ക്കവാറും പ്രചുരമായി തീർന്നിട്ടുണ്ടെങ്കിലും നിർഭാഗ്യവശാൽ അതിൽ അന്തർഭവിച്ചിട്ടുള്ള ആശയം ശരിയായി മനസ്സിലാക്കിയിട്ടില്ലെന്നു വ്യസനസമേതം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. കുട്ടികളുടെ ആദർശോദ്യാനം ഗൃഹവും തോട്ടക്കാരൻ മാതാവുമായിരിക്കണം. കാലക്രമേണ മനോഹരമായ പുഷ്പമായി വികസിക്കുവാനുള്ള കുട്ടികളുടെ വളർച്ചയെ ശരിയായി സൂക്ഷിക്കുന്നവർ ചുരുക്കം ചില മാതാക്കളെയുള്ളു. മാതാവിന്റെ സ്നേഹപുരസ്സരമായ ശ്രദ്ധയിൽ വളരുന്നതിനുപകരം കുട്ടികളെ പലപ്പോഴും ക്രൂരന്മാരായ അദ്ധ്യാപകന്മാരുടെ കീഴിലാണു വളർത്തിവരുന്നതു്. അതുകൊണ്ടു മുകുളം വികസിക്കുന്നതിനുമുമ്പു വാടി കരിഞ്ഞുപോകുന്നതിൽ എന്താണു് അത്ഭുതപ്പെടുവാനുള്ളതു്! ആരാമം ഭയങ്കരവും ശൂന്യവുമായ ഒരു കാഴ്ചയെയാണു പ്രദർശിപ്പിക്കുന്നതു്.

പാശ്ചാത്യർ ഇക്കാലത്തു കുട്ടികളുടെ ആരോഗ്യം, സുഖം എന്ന വിഷയങ്ങളെപ്പററി ഗൌരവമായി ചിന്തിക്കുന്നുണ്ടു്. കുട്ടികളുടെ വിദ്യാഭ്യാസത്തിനുള്ള ശരിയായ മാർഗ്ഗം കണ്ടുപിടിക്കുന്നതിനു സംസ്കാരം സിദ്ധിച്ചിട്ടുള്ള സ്ത്രീകൾ ബദ്ധശ്രദ്ധകളായി കാണുന്നു. സ്നേഹം അനുഭാവം മുതലായതിലുള്ള ആന്തരീകദൃഷ്ടിയോടുകൂടീട്ടു മാത്രമെ മാതാക്കൾക്കു കുട്ടികളെ മാർഗ്ഗഭ്രംശം കൂടാതെ പ്രാപ്യസ്ഥാനത്തേക്കു നയിക്കുവാൻ കഴിയൂ. കിൻറർഗാട്ടൻ, മാണ്ടിസോറി എന്നീ പ്രസ്ഥാനങ്ങൾ കുട്ടികളെ കളിയിൽകൂടി പഠിപ്പിക്കുന്നതിനു സമ്മതിക്കുന്ന രീതികളല്ലാതെ മറെറാന്നുമല്ല. കളിയിലുള്ള വാസനയെ വികസിപ്പിക്കുന്നതിനും കുട്ടികളുടെ വിനോദസ്ഥലത്തെ പഠനരംഗമാക്കുന്നതിനുമുള്ള ശ്രമത്തിൽ പെസ്റ്റലോസി, ഫ്രോബെൽ മുതലായ മഹാന്മാരുടെ നാമങ്ങൾ സദാ സ്മൃതിപഥത്തിൽ സ്വച്ഛന്ദവിഹാരം ചെയ്യുന്നു. വിദ്യാഭ്യാസത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള പ്രധാന പരിശ്രമം ഇംഗ്ലണ്ടിലെ രക്ഷാകർത്താക്കളും മാതാപിതാക്കന്മാരുടെ ദേശീയവിദ്യാഭ്യാസൈക്യസംഘമാണു ചെയ്യുന്നതു്. അദ്ധ്യാപകന്മാരും തമ്മിലുള്ള സഹകരണംകൊണ്ടു ഗൃഹവും വിദ്യാലയവും തമ്മിൽ കൂടുതൽ

സൗഹാർദ്ദനിലയിൽ വർത്തിക്കുന്നതിനും വിദ്യാഭ്യാസത്തിൽ ഐക്യതയുണ്ടാക്കുന്നതിനുമാണ് ഈ സംഘം സ്ഥാപിച്ചിട്ടുള്ളതു്.

ഇൻഡ്യയിൽ കുട്ടികളുടെ വിദ്യാഭ്യാസത്തെപ്പററി ഗാഢമായി ചിന്തിക്കുകയും അവരുടെ ഗുണത്തിനുവേണ്ടി ചിന്ത, പ്രവൃത്തി മുതലായവയെ പൂർണ്ണമായി ഉപയോഗിക്കയും ചെയ്യേണ്ട കാലം ഏററവും അതിക്രമിച്ചിരിക്കുന്നു. എന്നാൽ മാത്രമെ ഇൻഡ്യയിൽ ദേശീയത്വത്തെ സൃഷ്ടിക്കുവാൻ സാധിക്കയുള്ളു. അമ്മമാരുടെ യഥാർത്ഥസ്ഥാനം അവർ മനസ്സിലാക്കുവാനുള്ള സമയം ആഗതമായിരിക്കുന്നു. സ്വന്തം സ്വാർത്ഥോദ്ദേശ്യങ്ങൾക്കല്ലാതെ ദേശത്തിന്റെയും മനുഷ്യവർഗ്ഗത്തിന്റെയും സേവനത്തിനായി ഹൃദയം തുടിക്കേണ്ടതാണ്. ഇതു നാം എപ്പോൾ പൂർണ്ണമായി അറിയുന്നുവോ അപ്പോൾമാത്രമേ ഭാരതീയ വനിതാലോകം അതിന്റെ ഉദ്ദേശങ്ങളും ആദർശങ്ങളും മനസ്സിലാക്കി പ്രാച്യസ്ഥാനത്ത് എത്തിച്ചേരു.

"ദി ചിൽഡ്രൻസ് വറൽഡ്"

---

## മദിരാശിക്കാരുടെ ഭക്ഷണം.

ബങ്കാളിലെ പ്രസിദ്ധ സയൻസുശാസ്ത്രജ്ഞനായ പ്രൊഫസർ ഡക്ടർ റെ ഈയിടെ മദിരാശിയിൽവച്ചു പ്രസ്താവിച്ചതു്.

മദിരാശിസംസ്ഥാനക്കാർ ക്ഷീണിച്ചിരിക്കുന്നതു 'വൈററാമിൻ' ഇല്ലാത്ത സാധനങ്ങൾ ഭക്ഷിക്കുന്നതു കൊണ്ടാകുന്നു. വെറും ചോറും രസവും മാത്രം കഴിച്ചാൽ പോരാ. മദിരാശിക്കാർ സാധാരണ പച്ചക്കറിസാധനങ്ങൾ കഴിക്കുന്നവരായതുകൊണ്ടു പയറും പാലും ധാരാളം കഴിക്കണം. മോരിൽ പാടപോലും ഇല്ലാത്തതുകൊണ്ടു ശരീരരക്ഷയ്ക്കുള്ള യാതൊന്നും അതിലില്ല. മോരു യൂറോപ്പിൽ പന്നികൾക്കും മററുമാണു കൊടുക്കുന്നതു്. മാംസപേശികൾ വളർത്തുന്ന ഭക്ഷണമാണ് ആവശ്യം. ഇൻഡ്യയിൽ ഏതു ദിക്കിലെ ജനങ്ങളുടെ ഭക്ഷണവുമായി താരതമ്യപ്പെടുത്തുന്നതായാലും മദിരാശിക്കാരുടെ ഭക്ഷണമാകുന്നു ഏററവും മോശമായിട്ടുള്ളതു്.

---

## "പൌരന്മാരെ" വളർത്തേണ്ടതു് ക്ലാസുമുറികളിലാണ്.

"വിദ്യാർത്ഥികൾ അവരെത്തന്നെ ഭരിക്കത്തക്ക വിധത്തിൽ ക്ലാസ്സുകളെ "സ്കൂൾസ്റ്റേററ്" (School State) കളായി ആദ്യം രൂപീകരിച്ചതു് അമേരിക്കാക്കാരനായ മിസ്റ്റർ വിൽസൺ എൻ. ഗിൽ ആണ്. പലരും അദ്ദേഹത്തെ ആക്ഷേപിക്കുകയും, ഈ നയം വിദ്യാലയങ്ങളിൽ. കുഴപ്പങ്ങളും അനീതികളും വർദ്ധിക്കുന്നതിനു കാരണമായിത്തീരുമെന്നു കുററപ്പെടുത്തുകയും ചെയ്തു. എന്നാൽ അദ്ദേഹത്തിന്റെ ധൈര്യം അദ്ദേഹത്തെ ഉപേക്ഷിച്ചില്ലാ. അദ്ദേഹം, തന്റെ വിദ്യാഭ്യാസനയത്തെ പ

രീക്ഷിച്ചുനോക്കുന്നതിനു ചില സ്കൂൾമാനേജർമാരെ പ്രേരിപ്പിച്ചു. വിദ്യാൎത്ഥികൾക്കു അദ്ദേഹത്തിന്റെ പദ്ധതിയോടു വളരെ യോജിപ്പായിരുന്നു. ഇതിന്റെ ഫലമായി പല വിദ്യാലയങ്ങളിലും ഒരു ഭരണരീതിയുണ്ടാക്കി, തിരഞ്ഞെടുപ്പുകൾ ഏൎപ്പെടുത്തി ക്ലാസ്സുഭരണത്തെ നഗരസഭാഭരണം പോലെ രൂപീകരിക്കപ്പെട്ടു. ക്ലാസിൽ അനുസരിക്കേണ്ട നീതിനിഷ്ഠകളേയും കളിസ്ഥലത്തു പെരുമാറേണ്ട രീതികളേയും പററി പൊതുവായ നിയമങ്ങൾ സൃഷ്ടിക്കുക എന്നതു വിദ്യാൎത്ഥികൾതന്നെ ആയിത്തുടങ്ങി. വലിയ സ്കൂളുകളിൽ നിയമനിൎമ്മാണം ചെയ്തിരുന്നതു ഓരോ ക്ലാസിലേയും തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ ചേൎന്നായിരുന്നു. വിദ്യാൎത്ഥികൾ സൃഷ്ടിക്കുന്ന നിയമങ്ങളെ സംരക്ഷിക്കുന്നതിനു അവരിൽനിന്നുതന്നെ മേയർ, ജഡ്ജി, പോലീസുകാർ എന്നീ ഉദ്യോഗസ്ഥന്മാരെ തിരഞ്ഞെടുത്തു. ഒരു വിദ്യാൎത്ഥി ഏതെങ്കിലും ഒരു നിയമത്തെ ലംഘിക്കുവാൻ തുടങ്ങുകയാണു, അതുകൊണ്ടുണ്ടാവുന്ന ദോഷങ്ങളെ അവനു പറഞ്ഞുകൊടുക്കുകയും, പിന്നേയും അനുസരിക്കാത്തപക്ഷം ജഡ്ജിയെ വിവരം അറിയിക്കുകയും ചെയ്യേണ്ട ചുമതല ഒരു പോലീസുദ്യോഗസ്ഥന്റേതാണ്. ജഡ്ജി ഇരുകക്ഷികളുടേയും സാക്ഷി മൊഴികേട്ടു ന്യായമായ ശിക്ഷ വിധിക്കും. ഒരു കുട്ടി അസന്മാൎഗ്ഗികനടപടികളിൽ പ്രവേശിക്കുന്നു എങ്കിൽ അവനെ ക്ലിപ്തകാലത്തേക്കു യാതൊരു കളികളിലും ചേൎക്കാതിരിക്കുകയോ, അല്ലെങ്കിൽ അവൻ എല്ലാവരുടേയും മുമ്പിൽവച്ചു പരസ്യമായി മാപ്പപേക്ഷിക്കയോ ചെയ്യണം. ഏതെങ്കിലും ഗൗരവമായ തെററു ചെയ്യുന്ന ഒരു കുററവാളി സമ്മാനത്തിന് അനൎഹനായിരിക്കും. ഒരു കുട്ടി മറെറാരുവന്റെ വസ്തു മോഷ്ടിക്കുന്നതായാൽ അതു വാങ്ങിക്കൊടുക്കുകയോ, അതിന്റെ വില കൊടുക്കുകയോ ചെയ്യണം. ഇത്തരം ശിക്ഷകൾ വളരെ ഫലപ്രദമായി കണ്ടിട്ടുണ്ട്. നിയമനിൎമ്മിതിക്കുള്ള അധികാരം വിദ്യാൎത്ഥികളിൽതന്നെ ആയിരിക്കുന്നതുകൊണ്ടു്, അദ്ധ്യാപകന്മാരുടെ നിൎബ്ബന്ധത്താൽ മനസ്സിലാക്കാൻ സാധിക്കാത്ത നീതിധൎമ്മങ്ങളെ വിദ്യാൎത്ഥികൾ സ്വയം പഠിക്കുന്നു. അദ്ധ്യാപകന്മാൎക്കു 'ശല്യ'യായ കുട്ടികൾ ഈ നയംകൊണ്ടു വിദ്യാലയരാജ്യത്തിലെ ഉത്തമപൗരന്മാരായി തീൎന്നിട്ടുണ്ട്. നിയമനിൎമ്മിതി അവരിൽതന്നെ ആയതുകൊണ്ടു നിയമങ്ങളെ ലംഘിക്കാതിരിക്കണമെന്നു നിശ്ചയമായും അവൎക്കു വിചാരമുണ്ടാവും. തന്നിമിത്തം വിദ്യാലയത്തെ സംബന്ധിച്ചും വിദ്യാഭ്യാസത്തെ സംബന്ധിച്ചും കൂടുതൽ ശ്രദ്ധയുള്ളവരായിത്തീരും. നിയമനിൎമ്മിതിയിലും ഭരണത്തിലും ഉണ്ടാവുന്ന തെററുകളെ തിരുത്തേണ്ട മാൎഗ്ഗങ്ങളെ നിൎദ്ദേശിക്കുകയും ആവശ്യമുള്ളപ്പോൾ ഉപദേശിക്കുകയും ചെയ്യുക മാത്രമാണു വിദ്യാലയപ്രജാധിപത്യഭരണത്തിൽ അദ്ധ്യാപകന്മാൎക്കുള്ള സ്ഥാനം. ഇപ്രകാരം, വിദ്യാലയങ്ങളിൽവെച്ചുതന്നെ വിദ്യാൎത്ഥികളെ സ്വയംഭരണശീലം അഭ്യസിപ്പിക്കുന്നതുകൊണ്ടു് അവരിൽ ആത്മാഭിമാനവും ഉത്തരവാദിത്വബോധവും ഉണ്ടാവുന്നതാണു.

"സ്വദേശാഭിനി"

## ആദർശമനുഷ്യൻ.

മനുഷ്യൻെറ ഒന്നാമത്തെ ആവശ്യം ധാരാളം പരിശുദ്ധവായുവാണ്. ശ്വാസോച്ഛ്വാസസംബന്ധമായ വ്യായാമകാര്യങ്ങൾക്കു കൂടുതൽ സമയം വ്യയംചെയ്യുന്നതു് അത്യാവശ്യമാണു്.

രണ്ടാമത്തെ ആവശ്യം നിർമ്മലജലമാണു്. നാലുമുതൽ ആറുവരെ കോപ്പ നിറച്ചു ജലം ഓരോരുത്തരും ഉപയോഗിക്കണം. നമ്മുടെ ശരീരത്തിൽ 7/10 ഭാഗം ജലമുള്ളതാണു്.

മൂന്നാമത്തെ ആവശ്യം "വൈററമിൻ" ആണു്. നമ്മുടെ ആരോഗ്യം പാലിക്കുന്നതിനും ഉന്മേഷം സമ്പാദിക്കുന്നതിനും ഇന്നു നാം ധാരാളമായി ഉപയോഗിക്കുന്ന ഭക്ഷണസാധനങ്ങളേക്കാൾ ഇവ പ്രാധാന്യമർഹിക്കുന്നതാണു്. വേവിക്കാത്തതും പുതിയതുമായ പഴങ്ങളിലും സസ്യങ്ങളിലുമാണു് ഇവ പ്രധാനമായി കാണുന്നതു്.

അപ്പം, പഴം, സസ്യങ്ങൾ, അണ്ടികൾ മുതലായവയിൽ കാണുന്ന പതിനാറുതരം ലോഹലവണങ്ങളാണു നാലാമത്തെ ആവശ്യം. ഇവ മുഴുവനും തരുന്ന ഭക്ഷണസാധനങ്ങളെയാണു നാം തിരഞ്ഞെടുത്തുപയോഗിക്കേണ്ടതു്. ഒന്നിൻെറ അഭാവമോ ന്യൂനതയോ അനാരോഗ്യത്തെ ഉണ്ടാക്കുന്നു.

പഞ്ചസാര, കൊഴുപ്പുസാധനങ്ങൾ ഇവ നാം അനാവശ്യമായി ശരീരത്തിൽ കെട്ടിനിറുത്തുവാൻ അനുവദിക്കരുതു്. ഈ വസ്തുക്കൾ ശരീരത്തിൽ അധികം ഉണ്ടായാൽ ഭക്ഷണം കുറയുന്നതുകൊണ്ടുണ്ടാകുന്നതിനേക്കാൾ കൂടുതൽ അനാരോഗ്യത്തെ ഉണ്ടാക്കുന്നതാണു്.

ആറാമതായി എത്രയും ശുചിത്വമുള്ള സ്ഥലങ്ങളിൽവേണം താമസിക്കുവാൻ. അശുചിത്വമുള്ളതും അനാരോഗ്യഹേതുകവുമായ സ്ഥലത്തു താമസിച്ചാൽ രോഗങ്ങൾ ഉണ്ടാകുന്നതാണു്.

ഏഴാമതായി ശരീരത്തിലുള്ള എല്ലാ മാംസപേശികൾക്കും ജോലി നൽകത്തക്കവണ്ണമുള്ള വ്യായാമങ്ങൾ ചെയ്യണം. അങ്ങിനെയുള്ള വ്യായാമങ്ങൾ ധീരതരങ്ങളായിരിക്കണമെന്നില്ല. അവ ഉത്സാഹം ജനിപ്പിക്കത്തക്കവണ്ണവും ഉപദ്രവകരമായിത്തീരാതിരിക്കത്തക്കവണ്ണവും ചെയ്യേണ്ടതാണു്.

അവസാനമായി നാം സന്തോഷകരവും വിശ്വസനീയവും ആദ്ധ്യാത്മികവുമായ ചിന്തകളുടെ പ്രാധാന്യത അറിയണം. ജീവിതത്തിലുള്ള ചിന്തയിൽനിന്നാണു മനുഷ്യൻ വിജയം സമ്പാദിക്കുന്നതു്. ദൃഢമായ ശരീരത്തിൽ ഉൽകൃഷ്ടമനസ്ഥിതി ഉള്ള ആളാണു് ആദർശമനുഷ്യൻ.

"ഹിറാൾഡ് ഓഫ് ഹെൽത്തു്."

## പത്രബന്ധുക്കളോട്

103-ലെ വരിസംഖ്യയിൽ ബാക്കി അയക്കേണ്ടവർ ഉടനെ അയക്കണമെന്നപേക്ഷ. വി. പി. അയക്കുന്നതിനിടയായാൽ അതു പത്രബന്ധുക്കൾക്കു് അനാവശ്യനഷ്ടത്തിനിടയാണു്.

'ഗുരുനാഥൻ' മാനേജർ.

---

## ചിന്താസന്താനം

(മൂന്നാംഭാഗം)

ഗ്രന്ഥകർത്താ, ആർ. ഈശ്വരപിള്ള ബി. എ.

(കൊച്ചി പാഠ്യപുസ്തകക്കമ്മററി അംഗീകരിച്ചതു്.)

ഈ ഗ്രന്ഥത്തെപ്പററി "സർവ്വീസ്" ഇങ്ങനെ പറയുന്നു:—

"ശ്രീമാൻ ആർ. ഈശ്വരപിള്ള അവർകൾ ഈ അടുത്ത കാലത്തു എഴുതിയിട്ടുള്ള 20 പ്രബന്ധങ്ങളാണു് ഈ വിശിഷ്ടഗദ്യകാവ്യത്തിൽ അടങ്ങിയിരിക്കുന്നതു്. വന്ദ്യവയോധികനായ ഈ മഹാന്റെ തൂലികയ്ക്കു ഗൌരവങ്ങളായ വിഷയങ്ങളെ സംബന്ധിച്ചു് ഉജ്ജ്വലമായ രീതിയിൽ ആശയസമ്പന്നവും രസാത്മകവും ആയിട്ടു ഇതുവരെ എഴുതുവാൻ സാധിച്ചുള്ളു എന്നുള്ളതു സർവ്വസമ്മതമാകയാൽ ഒരു യഥാർത്ഥമഹാന്റെ ഉന്നതചിന്താസന്താനം തന്നെയാണിതു്. സാധാരണ നിരൂപണത്തിനതീതമായ ഈ വിശിഷ്ടഗ്രന്ഥം ഉൽകൃഷ്ടജീവിതത്തെ ആഗ്രഹിക്കുന്നവരും, ഉൽകൃഷ്ടമതുകാഗദ്യം വായിക്കണമെന്നാശിക്കുന്നവരും, ഗൌരവത്തിൽ ലാളിത്യവും ലാളിത്യത്തിൽ ഓജസ്സും സമ്മേളിപ്പിച്ചുകൊണ്ടുള്ള ഉൽകൃഷ്ടസാഹിത്യരസം അനുഭവിക്കണമെന്നാശിക്കുന്നവരും നിത്യം പാരായണം ചെയ്യേണ്ടതാണു്. വായിക്കുംതോറും നവംനവങ്ങളായ ചിന്താവീചികളെ ഉത്തേജിപ്പിച്ചുകൊണ്ടിരിക്കുന്ന ഇത്തരം ഉപദേശങ്ങൾ ചെയ്യുവാൻ പ്രവൃദ്ധോന്മേഷത്തോടെ ഇനിയും ഈ മഹാൻ നീണാൾ ആരോഗ്യദൃഢഗാത്രനായി ജീവിച്ചിരിക്കുമാറാകട്ടെ. അവിടവിടെ കിടന്നു നഷ്ടപ്പെടാതെ ഈ ചിന്താരത്നങ്ങളെ തേടിപ്പിടിച്ചു് ഈ വിധം ഒരമൂല്യസമ്പത്തു കൈരളിക്കടിയറവച്ച പ്രസാധകന്മാരെ ഞങ്ങൾ ഹാർദ്ദമായി അഭിനന്ദിച്ചുകൊള്ളുന്നു."

വില 10 ണ.

---

## "പ്രതാപസിംഹൻ"

ഗ്രന്ഥകർത്താ, ഡി. പത്മനാഭനുണ്ണി ബി. എ.

ഇൻഡ്യാചരിത്രസംബന്ധമായ ഒരു നല്ല ആഖ്യായിക. "നിന്റെ ശത്രുവിന്റെ തെററു ക്ഷമിക്കുക. ദൈവം നിന്റെ തെററു ക്ഷമിക്കും" എന്ന തത്വത്തെ അടിസ്ഥാനപ്പെടുത്തി എഴുതിയിട്ടുള്ളതു്. വില. 10 ണ

സി. ജി. സഹോദരന്മാർ

വടക്കേക്കര, പറവൂർ.

(തിരുവിതാംകൂർ)

## "മണ്ഡനമഞ്ജരി"

ഗ്രന്ഥകർത്താവ്, സർവ്വകലാശാലാപരീക്ഷകനും, ഒരു നല്ല നിരൂപകനും കാളേജു മലയാളം ലക്ചററും ആയ ഡി. പത്മനാഭനുണ്ണി ബി. എ.

ഉള്ളൂർ, അപ്പൻതമ്പുരാൻ, കുമാരനാശാൻ, ഏ. ആർ. രാജരാജവർമ്മ തമ്പുരാൻ, കുഞ്ചൻനമ്പ്യാർ, കെ. നാരായണക്കുരുക്കൾ, വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ മുതലായ സാഹിത്യകാരന്മാരുടെ കൃതികളെക്കുറിച്ചു വിമർശിക്കുന്ന ഒരു ആധുനിക നിരൂപണഗ്രന്ഥം. ഇതിനെക്കുറിച്ചു മഹാമഹിമശ്രീ അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ടു ഇങ്ങനെ പറയുന്നു.

"........ആദ്യം മുതല്ക്കുതന്നെ ഒന്നു നോക്കുവാൻ തോന്നിപ്പോയി. പിന്നെ അവസാനം കാണുന്നതുവരെ നിറുത്തുവാനൊട്ടും തോന്നിയതുമില്ല. 'മഞ്ജരി' മുഴുവനും ഹൃദിസ്ഥമായതിനു ശേഷമേ മനസ്സു സ്വാധീനത്തിൽ വന്നുള്ളു"

"........കവിഹൃദയം വിമർശകന്റെ മനസ്സിൽ പകർന്നു, ബുദ്ധിനികഷത്തിൽ മാററുരച്ചുനോക്കി, കാവ്യകാരന്റെ മുഖവും നടപ്പും നോക്കാതെ സംസ്കൃതമായ സ്വാഭിപ്രായത്തിൽ ധൈര്യത്തോടുകൂടി കാവ്യത്തിന്റെ വിലമതിക്കുകയാണ് വിമർശത്തിന്റെ ഉത്തമാദർശമെങ്കിൽ "മണ്ഡനമഞ്ജരി" അപ്രകാരമുള്ള ഒരു രീതിയെയാണ് അവലംബിച്ചിട്ടുള്ളതു്."

മലയാളത്തിൽ നിഷ്പക്ഷമായി നിരൂപണം ചെയ്യുന്ന ഇതരഗ്രന്ഥങ്ങൾ ഇല്ലാത്തതിനാൽ, ബി. എ., ഇന്റർമീഡിയേററു മുതലായ പരീക്ഷകൾക്ക് ഇപ്പോൾ മലയാളം നിർബന്ധവിഷയമായി പഠിക്കണമെന്നു വച്ചിട്ടുള്ള ഈ അവസരത്തിൽ, ആ പരീക്ഷകൾക്കു പഠിക്കുന്ന വിദ്യാർത്ഥികൾക്കു ഏററവും അത്യാവശ്യം.

മലയാളം സ്കൂൾലിവിങ്, ഇംഗ്ലീഷ് സ്കൂൾലിവിങ്, ഹയർ, പണ്ഡിതൻ, വിദ്വാൻ മുതലായ പരീക്ഷകൾക്കു പഠിക്കുന്നവർക്കും സാഹിത്യരസികന്മാർക്കും അത്യാവശ്യം. 10 ണ

സി. ജി. സഹോദരൻമാർ

വടക്കേക്കര, പറവൂർ;

## സാഹിത്യകൗതുകം

(മൂന്നാം ഭാഗം.)

ഗ്രന്ഥകർത്താവ് ജി. ശങ്കരക്കുറുപ്പ്.

മഹാകവി വള്ളത്തോളിന്റെ ആമുഖത്തോടും ശ്രീമാൻ കെ. എം. പണിക്കരുടെ അവതാരികയോടുംകൂടിയതു്.

മംഗളോദയം പ്രസ്സ്, തൃശ്ശിവപേരൂർ.